സുനാമിയുടെ ദുരന്തമുഖം!

# ഇനി ജീവിതത്തിലേക്ക്



# സുനാമിക്കുശേഷം നിലയ്ക്കാത്ത സ്നേഹത്തിരകൾ



**ഉമ്മൻ ചാണ്ടി**
**മുഖ്യമന്ത്രി**

തീരദേശം ഇപ്പോൾ മെല്ലെ സാധാരണ ജീവിതത്തിലേക്കു മടങ്ങിവരികയാണ്. സ്വത്തും സ്വന്തക്കാരും നഷ്ടപ്പെട്ട അവിടത്തെ ജനസഞ്ചയം തീരങ്ങളും ഗ്രാമങ്ങളും മാത്രമല്ല സ്വന്തം ജീവിതവും പുന:സൃഷ്ടിക്കാനുള്ള വലിയൊരു യജ്ഞത്തിലാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും വിപുലവും ക്ലേശകരവുമായ ഒരു പുനരധിവാസം നടന്നിട്ടില്ല.

സുനാമിയിൽ പൂർണമായി തകർന്നുപോയ രണ്ടു ഗ്രാമങ്ങൾ. അതിന്റെ ആഘാതമേറ്റ 187 ഗ്രാമങ്ങൾ. തീരദേശത്ത് സുരക്ഷിതത്വം നഷ്ടപ്പെട്ട 11 ലക്ഷത്തോളം ജനങ്ങൾ. മരണമടഞ്ഞ 170 പേരുടെ കുടുംബങ്ങളിൽ നിന്നുയർന്ന കൂട്ട നിലവിളി. പരിക്കേറ്റ ആയിരങ്ങളുടെ തേങ്ങൽ. 1358 കോടി രൂപയുടെ നാശനഷ്ടങ്ങൾ. കേരളം വിറങ്ങലിച്ചു പോയ ഡിസംബർ 26.

എന്നാൽ, സുനാമി ആഞ്ഞടിച്ചു മടങ്ങിയപ്പോൾ അതേ തീവ്രതയോടെ ഒരു തിരമാലപോലെ ജനങ്ങളുടെ സ്നേഹവും സാന്ത്വനവും തീരത്തേക്കൊഴുകിയെത്തി. നിസ്സഹായരുടെ തുരുത്തുകളിൽ പർവതം പോലെ നിലകൊണ്ട വേദനകളും വേവലാതികളും ഒരു പരിധിവരെയെങ്കിലും ആ സ്നേഹത്തിരകൾ ഒപ്പിയെടുത്തു. എന്തിനു ജീവിക്കണം, എങ്ങനെ ജീവിക്കണം എന്നറിയാതെ തകർന്നുപോയ തീരദേശജനതയെ മെല്ലെ സാധാരണ ജീവിതത്തിലേക്കു തിരികെക്കൊണ്ടു വരുന്നത് ഈ സ്നേഹവർഷമാണ്.

മലയാളികളുടെ മനസിൽ ഒരൊറ്റ വികാരമേ ഈ ദിവസങ്ങളിൽ ഉണ്ടായിരുന്നുള്ളൂ. കടലിനെക്കാൾ വിശാലമാണു മലയാളിയുടെ മനസ് എന്നു ലോകം കണ്ടു. ഈ ദുരന്തത്തിന്റെ വേദന പങ്കിടാത്ത ആരും കേരളമണ്ണിലില്ലെന്ന് എനിക്ക് ഉറപ്പാണ്. ആബാലവൃദ്ധം ജനങ്ങൾ ഒരേ വികാരത്തിലേക്ക് ഇങ്ങനെ ഒന്നിച്ചുണർന്ന ഒരു സമീപകാല ചരിത്രം കേരളത്തിലില്ല. നിങ്ങൾ ഓരോരുത്തരെയും ഞാൻ വന്ദിക്കുകയാണ്.

എന്റെ ജീവിതത്തിലെ ഏറ്റവും ക്ലേശകരമായ ദിവസങ്ങളാണു കഴിഞ്ഞു പോയത്. ദുരന്തത്തിന്റെ വ്യാപ്തിയും ദൂരവ്യാപകമായ ആഘാതവും ഞാൻ ആദ്യദിവസം തന്നെ അടുത്തറിഞ്ഞിരുന്നു. സുമാത്രയിൽ രാവിലെ 6.29ന് പൊട്ടിപ്പുറപ്പെട്ട ഭൂകമ്പത്തിൽ നിന്ന് ഉദ്ഭവിച്ച തിരകൾ 900 കിലോമീറ്റർ വേഗതയിൽ സഞ്ചരിച്ച് ഉച്ചയോടെ കേരള തീരത്ത് രാക്ഷസഭാവം പൂണ്ട് എത്തുമ്പോൾ ഞാൻ പത്തനംതിട്ട ജില്ലയിലെ അടൂരിലുണ്ടായിരുന്നു. അയൽജില്ലയായ ആലപ്പുഴയിലെ ആറാട്ടുപുഴയിൽ തിരമാലകൾ വളരെ ഉയരത്തിൽ കരയിലേക്കടിച്ചു കയറുന്നുവെന്ന് ടി.കെ. ദേവകുമാർ എം.എൽ.എ എന്നെ ഫോണിൽ അറിയിച്ചപ്പോൾ തന്നെ ഞാൻ അങ്ങോട്ട് കുതിച്ചു. മൂന്നുമണിയോടെ കായംകുളത്ത് എത്തിയപ്പോഴേക്കും മൃതദേഹങ്ങൾ അവിടെയുള്ള സർക്കാർ ആശുപത്രിയിൽ എത്തിത്തുടങ്ങിയിരുന്നു. അലമുറയിട്ടു കരയുന്ന ബന്ധുക്കളെക്കൊണ്ട് പരിസരം നിറഞ്ഞു. കായംകുളം വലിയഴീക്കൽ, ചേർത്തല അന്ധകാരനഴി തുടങ്ങിയ പ്രദേശങ്ങൾ ദു:ഖസാഗരമായി. കേരളത്തിലെ 590 കിലോമീറ്റർ തീരപ്രദേശത്തിന്റെ അവസ്ഥയെന്തായിരിക്കുമെന്ന് ഞാൻ ഭീതിയോടെ ഓർത്തു.

കൊല്ലത്ത് സ്ഥിതിഗതി കൂടുതൽ രൂക്ഷമാണെന്ന് വിവരം ലഭിച്ചതിനെത്തുടർന്ന് ഞാൻ അങ്ങോട്ട് തിരിച്ചു. സുനാമി തകർത്ത ആലപ്പാട് ഗ്രാമത്തിലുള്ളവരുടെ മൃതദേഹങ്ങൾ ഓച്ചിറയിലെ സ്വകാര്യ ആശുപത്രികളിലും കരുനാഗപ്പള്ളിയിലെ സർക്കാർ ആശുപത്രിയിലും നിറഞ്ഞിരുന്നു. ഇത്രയും വേദനാജനകമായ ഒരു സാഹചര്യത്തിൽ ഞാൻ ഇതുവരെ ചെന്നുപെട്ടിട്ടില്ല. എവിടെയും കൂട്ടനിലവിളി മാത്രം. കുട്ടികളുടെ മൃതദേഹങ്ങൾ കിടത്തിയിരുന്നിടത്തേക്ക് എത്തിനോക്കാൻ പോലും എനിക്കു ധൈര്യം കിട്ടിയില്ല.

എനിക്ക് ഇതുവരെ പരിചയമില്ലാത്ത പ്രതിഭാസമാണ് സുനാമി. ഇതുവരെ കണ്ടിട്ടില്ലാത്തത്ര മൃതദേഹങ്ങൾ. തകർന്നടിഞ്ഞ ഗ്രാമങ്ങൾ. ശരിക്കും ഞെട്ടി. അതിൽനിന്നു മോചനം നേടാൻ എനിക്കല്പം സമയം വേണ്ടി വന്നു. പക്ഷേ, പകച്ചു നിന്നിട്ടു കാര്യമില്ല. ചീഫ് സെക്രട്ടറി, ഡി.ജി.പി എന്നിവരെ ഉടനേ വിളിച്ച് കൺട്രോൾ റൂം തുറക്കാൻ നിർദേശം നൽകി. തിരുവനന്തപുരത്തെ കാര്യങ്ങൾ നിയന്ത്രിക്കാൻ ധനകാര്യ മന്ത്രിയോട് ആവശ്യപ്പെട്ടു. രാത്രി ഒൻപതിനു തിരുവനന്തപുരത്തു ക്രൈസിസ്

മാനേജ്മെന്റ് കമ്മിറ്റി ചേരാൻ തീരുമാനിച്ചു. തീരസംരക്ഷണ സേനയുടെയും നേവിയുടെയും സഹായം തേടി.

രാത്രിയിൽ ക്രൈസിസ് മാനേജ്മെന്റ് യോഗം ചേരുമ്പോൾ ഒരു കാര്യം വ്യക്തമായിരുന്നു. ഇതൊരു യുദ്ധകാല സാഹചര്യമാണ്. പ്രകൃതിയൊരുക്കിയ ദുരന്തത്തോടുള്ള മനുഷ്യന്റെ യുദ്ധം. ജനകൂട്ടായ്മയുടെ ചെറുത്തുനിൽപ്പ് ഉയരണം. ക്രൈസിസ് മാനേജ്മെന്റ് യോഗം ചിട്ടയായ പ്രവർത്തനങ്ങൾക്ക് രൂപരേഖ ഉണ്ടാക്കി. തുടർന്നുള്ള എല്ലാ ദിവസവും പ്രത്യേക മന്ത്രിസഭാ യോഗം ചേരാൻ തീരുമാനിച്ചു.

രാത്രി വളരെ വൈകി വീട്ടിലെത്തിയപ്പോഴും തീരദേശത്തെ നിലവിളി അണഞ്ഞിരുന്നില്ല. കിലോമീറ്ററുകൾ താണ്ടി അതെന്നെ പിന്തുടർന്ന് ഊണിനും ഉറക്കത്തിനും ഭംഗംവരുത്തി. ഈ യുദ്ധത്തിൽ ജയിച്ചേ തീരൂ എന്ന് ഞാൻ ഉറപ്പിച്ചു. കേരളം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനത്തിനുള്ള രൂപരേഖ മനസിൽ കോറിയിട്ട ശേഷമാണ് ഞാനന്ന് അൽപം മയങ്ങിയത്.

തുടർന്നുള്ള ദിവസങ്ങളിൽ രാവിലെ മന്ത്രിസഭായോഗം, ഉച്ചകഴിഞ്ഞ് ദുരന്ത-മേഖലകളിൽ പര്യടനം എന്നതായിരുന്നു പതിവ്. അവിടെനിന്നു ലഭിക്കുന്ന പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ മന്ത്രിസഭ അന്നന്ന് അടിയന്തിര തീരുമാനങ്ങൾ എടുത്തുകൊണ്ടിരുന്നു. അഴീക്കൽ പാലവും കൊച്ചിടജെട്ടി പാലവും ഉണ്ടായിരുന്നെങ്കിൽ നിരവധി പേരുടെ ജീവൻ രക്ഷിക്കാമായിരുന്നു എന്ന അവിടത്തെ ജനങ്ങളുടെ നിലവിളി മൂലമാണ് ആ രണ്ടു പാലങ്ങളും ഉടനടി പണിയാൻ ഉത്തരവിട്ടത്. കടൽഭിത്തി ഉണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ കുഞ്ഞുങ്ങളെ തിരകൾ കൊണ്ടുപോകില്ലായിരുന്നു എന്ന് ആറാട്ടുപുഴയിലെ അമ്മമാർ നെഞ്ചത്തടിച്ചു പറഞ്ഞപ്പോൾ ഏതു ഭരണാധികാരിക്കാണത് അവഗണിക്കാൻ കഴിയുക? കരാറുകാരൻ ഉപേക്ഷിച്ചുപോയ ഈ പ്രദേശത്തെ കടൽഭിത്തി നിർമാണം ചട്ടങ്ങളൊക്കെ മാറ്റിവച്ച് ഉടനേ ആരംഭിക്കുവാൻ തീരുമാനിക്കുകയായിരുന്നു.

രാത്രി ഒരുമണി വരെ ഞാൻ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചിട്ടുണ്ട്. അങ്ങനെയൊരിക്കലാണു സർക്കാർ എടുത്ത പല തീരുമാനങ്ങളും കായംകുളം ദുരിതാശ്വാസ ക്യാമ്പിൽ നടപ്പാക്കിയില്ലെന്നു വ്യക്തമായത്. അതിന്റെ വെളിച്ചത്തിൽ ആലപ്പുഴ കളക്ടറെ മാറ്റുകയും ചെയ്തു. കളക്ടർ ബോധപൂർവ്വം തെറ്റുചെയ്തെന്നൊന്നും ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ, ഇത്തരം സന്ദർഭങ്ങളിൽ സാധാരണയിൽ കവിഞ്ഞ ജാഗ്രത ബന്ധപ്പെട്ടവർ പുലർത്തേണ്ടതുണ്ട്. ചട്ടങ്ങളുടെ നൂലാമാലകളും സാമ്പത്തിക പരാധീനതകളും, എന്തിന് സർവ പ്രതിബന്ധങ്ങളും തട്ടിനീക്കിക്കൊണ്ടുള്ള ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനമാണു സർക്കാർ നടത്തുന്നത്.

പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് കേരളത്തിലെത്തുകയും ദുരന്ത- മേഖലകൾ സന്ദർശിക്കുകയും ചെയ്തു. നമ്മുടെ രക്ഷാപ്രവർത്തനങ്ങൾക്ക് അദ്ദേഹം പരിപൂർണ പിന്തുണ പ്രഖ്യാപിച്ചു. ഇതിനോടകം 246 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാം, രാഷ്ട്രം മുഴുവൻ നമ്മോടൊപ്പമുണ്ടെന്ന് സന്ദേശമറിയിച്ചു. കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധി പലതവണ ഫോണിൽ ബന്ധപ്പെടുകയും തീരദേശത്തിന്റെ ദു:ഖം പങ്കിടുകയും ചെയ്തു. ലോകമെമ്പാടുമുള്ള മലയാളികൾ ഈ ദേശത്തെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് വെളിപ്പെടുത്തിക്കൊണ്ട് കരുണയുടെ കവാടങ്ങൾ തുറന്നിട്ടു.

മന്ത്രിമാരും ഉന്നതോദ്യോഗസ്ഥരും ഉൾപെടുന്ന സംഘമാണ് ജില്ലകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തത്. കൊല്ലം ജില്ലയിൽ മന്ത്രിമാരായ ബാബു ദിവാകരൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അടൂർ പ്രകാശ്, ഇ.ടി. മുഹമ്മദ് ബഷീർ, സി.എഫ് തോമസ്, ആലപ്പുഴ ജില്ലയിൽ കെ.ആർ ഗൗരിയമ്മ, കെ.സി വേണുഗോപാൽ, എറണാകുളത്ത് ഡൊമിനിക് പ്രസന്റേഷൻ, തൃശൂരിൽ കെ.പി. വിശ്വനാഥൻ എന്നിവർക്കായിരുന്നു ചുമതല. വകുപ്പുതല സെക്രട്ടറിമാരായ ലിഡാ ജേക്കബ്, ടി.കെ. ജോസ് , ജി. രാജശേഖരൻ, ഷീലാ തോമസ്, സാജൻ പീറ്റർ തുടങ്ങിയവരും നേതൃത്വം നല്കി.

കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ, സന്നദ്ധ സേവന സംഘടനകൾ മാധ്യമങ്ങൾ തുടങ്ങിയവയെല്ലാം കലവറയില്ലാത്ത പിന്തുണ നൽകി. ഇവരുമായി സർക്കാർ പല വട്ടം ചർച്ച നടത്തി. ശാസ്ത്രസമൂഹം, ബാങ്കിംഗ് - ഇൻഷുറൻസ് മേധാവികൾ തുടങ്ങിയവരുമായും ആശയവിനിമയം നടത്തി. ഇത്തരം ചർച്ചകളുടെയെല്ലാം അടിസ്ഥാനത്തിൽ സർക്കാർ നിരവധി സുപ്രധാന തീരുമാനങ്ങൾ എടുത്തു.

സംസ്ഥാനത്ത് ദുരന്ത പരിഹാര വകുപ്പ് രൂപീകരിച്ച് അതിനൊരു സെക്രട്ടറിയെ നിയമിച്ചു. ദുരന്ത പരിഹാര ബിൽ ഈ വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കും. പൂർണമായി തകർന്നു പോയ ആറാട്ടുപുഴ, ആലപ്പാട് എന്നീ ഗ്രാമങ്ങൾ സർക്കാർ പുനരുദ്ധരിക്കും. ഇതു സംബന്ധിച്ച് കുടുംബശ്രീ ഡയറക്ടർ ടി.കെ. ജോസ്, സാമൂഹ്യക്ഷേമ സെക്രട്ടറി ലിഡാ ജേക്കബ് എന്നിവരുടെ റിപ്പോർട്ട് സർക്കാർ നടപ്പാക്കും.





16 കോടി രൂപയ്ക്ക് അഴീക്കൽ പാലവും 15 കോടി രൂപയ്ക്ക് കൊച്ചിട ജെട്ടി പാലവും നിർമിക്കാൻ അടിയന്തിരാനുമതി നൽകി. ഇതു പൂർത്തിയാകുന്നതുവരെ അഴീക്കലിൽ സൈന്യത്തിന്റെ ജങ്കാർ സർവീസ് നടത്തും.

ആലപ്പാട്, ആറാട്ടുപുഴ പ്രദേശത്ത് 2.5 കിലോമീറ്ററും അന്ധകാരനഴിയിൽ 1.5 കിലോമീറ്ററും ആലപ്പുഴ ജില്ലാ ആശുപത്രി ഭാഗത്ത് 0.5 കിലോമീറ്ററും കടൽഭിത്തി ഉടനെ നിർമ്മിക്കും. പുനരധിവാസത്തിനു വീടുകൾ വയ്ക്കാൻ എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളിൽ 50 ഏക്കർ ഭൂമി കണ്ടെത്തും. മൊത്തം 3000 വീടുകളാണ് സർക്കാർ നിർമിച്ചുനല്കുന്നത്. ഒരു വീടിന് ഒന്നേമുക്കാൽ ലക്ഷത്തോളം രൂപ ചെലവു വരും. കടൽക്ഷോഭത്തെ അതിജീവിക്കാവുന്ന രീതിയിലായിരിക്കും പുതിയ വീടുകൾ പണിയുന്നത്. എറണാകുളം ജില്ലയിൽ താത്കാലിക ഷെൽട്ടർ നിർമ്മിക്കാൻ എടവനക്കാട്ട് 1.18 ഏക്കർ കണ്ടെത്തി. 2000 വീടുകളുടെ അറ്റകുറ്റപ്പണി നടത്തി. താത്കാലിക ഷെൽട്ടറുകളുടെ നിർമാണത്തിനു തുടക്കംകുറിച്ചു. ഒരു മുറിയും വരാന്തയും പൊതുഅടുക്കളയും പൊതു കക്കൂസും ഉള്ളവയാണ് ഷെൽട്ടറുകൾ.

തീരദേശത്തെ മുഴുവൻ ബാങ്ക് വായ്പകൾക്കും ആറു മാസം അവധി നൽകി. വായ്പാ തിരിച്ചടവ് അഞ്ചു മുതൽ ഏഴു വരെ വർഷമാക്കി പുനക്രമീകരിക്കും. ജീവനോപാധികൾ നഷ്ടപ്പെട്ട തികച്ചും അർഹരായവർക്ക് സർക്കാർ ചെലവിൽ അവ നൽകും. ഇതിന് മത്സ്യഫെഡിന് 13.85 കോടി രൂപ ഇതിനോടകം അനുവദിച്ചു. അത്യാവശ്യ കാര്യങ്ങൾക്ക് വായ്പയായി 7% പലിശ നിരക്കിൽ 5000 രൂപയും വീട്ടുസാധനങ്ങളും മറ്റും വാങ്ങാൻ 4% പലിശ നിരക്കിൽ 6500 രൂപയും അനുവദിച്ചു. 91 പേരുടെ 93 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ക്ലെയിമുകളിൽ പണം നൽകി.

റേഷൻ കാർഡ്, വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, പാസ്പോർട്ട് തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ അദാലത്ത് നടത്തി അവ ലഭ്യമാക്കാൻ നടപടിയെടുത്തു. തോട്ടപ്പള്ളി സ്പിൽവെ നവീകരിക്കുവാൻ ഒരു കോടി രൂപ അനുവദിച്ചു. തീരദേശ മേഖലകളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, വാർധക്യകാല, വിധവാ പെൻഷനുകൾ എന്നിവയുടെ കുടിശിക തീർക്കാൻ തുക അനുവദിച്ചു.

ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒരു തടസമാകില്ലെന്ന് ഞാൻ ഉറപ്പു നൽകുന്നു. സർക്കാരിന്റെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത തുകയിൽ ഒരു പൈസപോലും വകമാറി ചെലവഴിക്കുകയുമില്ല. ജനുവരി 18-ാം തീയതിവരെ 14 കോടി രൂപയാണ് ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ലഭിച്ചത്. വിധവയുടെ ചില്ലിക്കാശുപോലും ഉൾപ്പെടുന്ന ഈ തുകയുടെ വിനിയോഗം സുതാര്യവും ഫലപ്രദവുമായിരിക്കും.

അടുത്ത അൻപതു വർഷത്തേക്ക് സുനാമി ആവർത്തിക്കില്ലെന്നാണ് ഒരു വിഭാഗം ശാസ്ത്രജ്ഞന്മാർ പറയുന്നത്. അതെത്രത്തോളം ശരിയാണെന്ന് അറിഞ്ഞുകൂടാ. അതുകൊണ്ടുതന്നെ ഇത്തരമൊരു ദുരന്തം ആവർത്തിച്ചാൽ അതിനെ നേരിടാൻ തയ്യാറായിരിക്കേണ്ടതുണ്ട്. അതുകൂടി പരിഗണിച്ചാണ് സർക്കാർ ഇപ്പോഴത്തെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത്. തീരദേശ ജനതയ്ക്ക് നഷ്ടപ്പെട്ടുപോയ ആത്മവിശ്വാസം വീണ്ടെടുക്കണം. നമ്മുടെ തീരം സുരക്ഷിതമായിരിക്കണം. ഭയാശങ്കകളില്ലാതെ ജനങ്ങൾക്ക് വീട്ടിൽ കിടന്നുറങ്ങാൻ കഴിയണം. ജീവനോപാധികൾ തിരികെ ലഭിക്കണം. അവർക്കൊരു പുനർജന്മമാണ് വേണ്ടത്. സർക്കാർ ഉടനേ പ്രഖ്യാപിക്കുന്ന ഒരു വർഷത്തെ കർമപരിപാടിയിൽ ഇക്കാര്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം കൊടുത്തിട്ടുണ്ട്.

കേരളം അപ്രതീക്ഷിതമായൊരു തകർച്ച നേരിട്ടപ്പോൾ മുഴുവൻ മലയാളികളുടെയും മനസിടറി. എല്ലാ അഭിപ്രായവ്യത്യാസങ്ങളും മറന്നവർ ഒന്നായി. ലോകത്തിനു മുമ്പിൽ വരുംനാളുകളിൽ മലയാളികളുടെ മനുഷ്യസ്നേഹവും മറ്റുള്ളവരെക്കുറിച്ചുള്ള കരുതലും ഉയർത്തിപ്പിടിക്കാൻ കഴിയും. ഈ ഐക്യവും സ്നേഹവും മനുഷ്യനന്മയ്ക്കും നാടിന്റെ വികസനത്തിനുമുള്ള കർമപരിപാടികൾക്ക് ഊർജം പകരുമെന്ന് എനിക്ക് ഉറപ്പാണ്.

കടലമ്മ വീണ്ടും കരുണാർദ്രമാകുകയും ആ മടിത്തട്ടിൽ കടലിന്റെ മക്കൾ ഭയാശങ്കകളില്ലാതെ ഓടിക്കളിക്കുകയും ചെയ്യുന്ന ദിവസങ്ങളാണു നമ്മുടെയെല്ലാം സ്വപ്നത്തിലുള്ളത്. കടലോരങ്ങൾ വീണ്ടും സന്തോഷാരവങ്ങളാൽ മുഖരിതമാകുകയും ഏലേലോ വിളികളുടെ ഈണങ്ങളിൽ നിറയുകയും ചെയ്യട്ടെ. അതുവരെ സഹായത്തിന്റെയും സാന്ത്വനത്തിന്റെയും തിരകൾ തീരങ്ങളെ തഴുകിക്കൊണ്ടിരിക്കും. ●

# 4000 വീടുകൾ നിർമിക്കും

## വള്ളവും വലയും സൗജന്യമായി നൽകുന്നു

സുനാമി ദുരന്തത്തെ തുടർന്ന് വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും അവ സൗജന്യമായി നൽകാൻ തീരുമാനിച്ചു.

വള്ളവും വലയും വാങ്ങി നൽകാനായി മത്സ്യഫെഡിന് 13.85 കോടി രൂപ സർക്കാർ കൈമാറി.

സുനാമി മൂലം 4000 വീടുകളാണ് പുതുതായി നിർമിക്കേണ്ടത്. 2000 എണ്ണത്തിന് കാര്യമായ അറ്റകുറ്റപ്പണി നടത്തണം. പുനരധിവാസപ്രവർത്തനങ്ങൾ റെക്കോർഡ് വേഗത്തിലാണ് നടക്കുന്നത്. എടവനക്കാട് പഞ്ചായത്തിലെ വീടുകളുടെ നിർമാണം ആരംഭിച്ചു. വീടിന്റെ പ്ളാനുകൾ തയ്യാറായിക്കഴിഞ്ഞു. വീടുകളുടെ നിർമാണ മേൽനോട്ടം ജി.സി.ഡി.എ നിർവഹിക്കും.

ആറാട്ടുപുഴ-ആലപ്പാട് പഞ്ചായത്തുകളിലെ വീട്നിർമാണത്തിന് ജില്ലാകളക്ടർ സ്ഥലം കണ്ടുപിടിക്കുന്നതാണ്. എടവനക്കാട് 80 വീടുകളാണ് നിർമിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കോ പുനരധിവാസം സംബന്ധിച്ച ചെലവുകൾക്കോ പണം പ്രശ്നമേയല്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. 352000 കുടുംബങ്ങൾക്കാണ് സൗജന്യറേഷൻ നൽകുന്നത്.

പുനരധിവാസപ്രവർത്തനങ്ങളിൽ സഹകരിക്കാമെന്ന് നേരിട്ട് അറിയിക്കുകയോ എഴുതിത്തരികയോ ചെയ്ത എല്ലാ ഏജൻസികളുടെയും സേവനം ലഭ്യമാക്കും.

ഇതുവരെ 12.95 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പിരിഞ്ഞു കിട്ടിയത്. കേന്ദ്രത്തിൽ നിന്ന് 100കോടി രൂപയും ലഭിച്ചു. ഇതിൽ നിന്നാണ് ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നത്. ദുരിതാശ്വാസത്തിന് ഒരു പൈസ പോലും വക മാറ്റി ചെലവ് ചെയ്തിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ, ആനുകൂല്യങ്ങൾ അർഹരായവർക്ക് മാത്രം ലഭ്യമാക്കാൻ വേണ്ടി എല്ലാവരും സഹകരിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

സുനാമി ദുരന്തം മൂലം മറീനാബീച്ചിൽ കച്ചവടസ്ഥാപനങ്ങൾ നഷ്ടപ്പെട്ട 15 മലയാളികൾക്കും നഷ്ടപരിഹാരം നോർക്ക വകുപ്പ് നൽകി. ഇതിൽ ആറുപേർക്ക് പതിനായിരം രൂപ വീതവും ഒൻപതുപേർക്ക് 5000 രൂപ വീതവുമാണ് നൽകിയത്. നോർക്ക വകുപ്പിന്റെ സാന്ത്വനഫണ്ടാണ് ഇതിനുവേണ്ടി ഉപയോഗിച്ചത്.

വീടുകൾ നഷ്ടപ്പെട്ട 26 പേരുടെ അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ഇതിൽ 24 പേർക്ക് 10000 രൂപ വീതവും രണ്ടുപേർക്ക് 5000 രൂപ വീതവും നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ജിമ്മിൽ ധാരണയായതനുസരിച്ച് സംസ്ഥാനത്ത് 30000കോടി രൂപയുടെയെങ്കിലും നിക്ഷേപം ഉണ്ടാകുമെന്നാണ് തന്റെ പ്രതീക്ഷയെന്ന് ഉമ്മൻചാണ്ടി പറഞ്ഞു. 43198 കോടിയുടെ നിക്ഷേപം സംബന്ധിച്ച ചർച്ചകളാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.





# ആലപ്പാട്ടും ആറാട്ടുപുഴയില

സുനാമി ദുരിതാശ്വാസത്തിനിരയായ ആലപ്പാട്, ആറാട്ടുപുഴ പഞ്ചായത്തുകളിലെ അഞ്ച് കിലോമീറ്റർ തീരപ്രദേശത്ത് അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കും.

ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള ഭവനനിർമ്മാണം രണ്ടാഴ്ചയ്ക്കകം ആരംഭിക്കുമെന്നും കേരളത്തിൽ നിന്നുള്ള എം.പി. മാരുമായി നടത്തിയ ചർച്ചയ്ക്കു ശേഷം മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

കൊല്ലം, ആലപ്പുഴ ജില്ലകളിലെ 3050 മീറ്റർ തീരപ്രദേശത്ത് കടൽഭിത്തി നിർമിക്കുന്നതിന് എട്ട് വർക്കുകൾ ടെൻഡർ ചെയ്തു കഴിഞ്ഞുവെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഭവനനിർമാണബോർഡിന്റെയും നിർമിതികേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ആലപ്പാട്ട് ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുമെന്ന് മന്ത്രി കെ. എം. മാണി പറഞ്ഞു. കൊല്ലം ജില്ലയിൽ മാത്രം 3300 വീടുകൾ പണിയണം. ഇതിന് മറ്റ് ഏജൻസികളുടെ സഹകരണത്തോടെ ടെൻഡർ വിളിക്കും. ●

## തീരദേശ ജനതയ്ക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി

തീരദേശജനതയ്ക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കാൻ ഏഴംഗ സമിതി രൂപീകരിച്ചു.

സമിതിയിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി എസ്. സുന്ദരേശൻ, ഫിഷറീസ് സെക്രട്ടറി ഏലിയാസ് ജോർജ്, കുടുംബശ്രീ സെക്രട്ടറി ടി.കെ.ജോസ് എന്നിവരായിരിക്കും സർക്കാർ പ്രതിനിധികൾ. നാല് ഇൻഷ്വറൻസ് കമ്പനികളുടെ പ്രതിനിധികളും സമിതിയിലുണ്ട്.

സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്തു ചേർന്ന ഇൻഷ്വറൻസ് കമ്പനികളുടെ യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനം ഉണ്ടായത്. ഏഴംഗ സമിതി ഇൻഷ്വറൻസ് സ്കീമിന് കരടുരൂപം തയ്യാറാക്കി റവന്യൂമന്ത്രി, ഫിഷറീസ് മന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗത്തിൽ ചർച്ച ചെയ്ത് അന്തിമരൂപം നൽകും.

തീരദേശത്തുള്ള 91 പേർ 93 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ക്ലെയിമാണ് നടത്തിയിട്ടുള്ളത്. മുഴുവൻ ക്ലെയിമുകളിലും തുക നല്കുമെന്ന് ഇൻഷ്വറൻസ് അധികൃതർ അറിയിച്ചു.

ലത്തൂരിലും മറ്റും ഭൂകമ്പമുണ്ടായപ്പോൾ സാങ്കേതികപ്രശ്നങ്ങൾ നോക്കാതെ ക്ലെയിമുകളിൽ ചില വിട്ടുവീഴ്ചകൾ ചെയ്യാൻ കേന്ദ്ര സാമ്പത്തികമന്ത്രാലയം നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെയൊരു നിർദേശം നൽകാൻ കേന്ദ്ര സാമ്പത്തികമന്ത്രാലയത്തോട് ആവശ്യപ്പെടുമെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു.

യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്, ന്യൂ ഇന്ത്യ അഷ്വറൻസ്,നാഷണൽ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ് തുടങ്ങിയ കമ്പനികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ●



# ഫിഷറീസ് മേഖലയിൽ 140 കോടിയുടെ നഷ്ടം

സുനാമി ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികൾക്ക് എത്രയും വേഗം നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ഫിഷറീസ് മന്ത്രി ഡൊമനിക് പ്രസന്റേഷൻ അറിയിച്ചു.

ബോട്ടുകൾ, വള്ളം, വല തുടങ്ങിയവയും മറ്റ് മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെട്ടത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞു. ദുരന്തമുണ്ടായ പ്രദേശങ്ങളിൽ മത്സ്യഫെഡ് 42 കോടി രൂപ നേരത്തെ വായ്പ നൽകിയിട്ടുണ്ട്. ഇതിൽ 20 കോടി രൂപയുടെ ഉപകരണങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ടതായാണ് വിവരം. ഫിഷറീസ് മേഖലയിൽ മൊത്തം 140 കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നാണ് കണക്ക്. ഈ വിവരം കേന്ദ്രസർക്കാരിനെയും അറിയിച്ചിട്ടുണ്ട്.

കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കാനും അൻപത് ശതമാനം സബ്സിഡിയായി നൽകാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകളിൽ വസ്തുത ശേഖരിച്ചുവരികയാണ്.

സമ്പാദ്യസമാശ്വാസം, ലംപ്സംഗ്രാന്റ്, ഇൻഷ്വറൻസ്, പെൻഷൻ, വിധവ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനായി 14 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ആശ്വാസ നടപടികളുടെ ഭാഗമായി സുനാമിയിൽ പരിക്കേറ്റ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബോർഡ് വഴി 2000 രൂപ വീതം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ●

# ും കടൽഭിത്തി ഉടൻ മുഖ്യമന്ത്രി

## മറീന ബീച്ചിൽ കട നടത്തിയവർക്ക് ധനസഹായം

സുനാമി ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട, ചെന്നൈ മറീന ബീച്ചിൽ കടകൾ നടത്തിവന്ന ആളുകൾക്ക് നോർക്ക വകുപ്പ് മന്ത്രിയുടെ സാന്ത്വന ഫണ്ടിൽ നിന്നും അടിയന്തര സാമ്പത്തികസഹായം അനുവദിച്ചു.

എം. നാരായണൻ, വി.വി. വിശ്വനാഥൻ, കെ.കെ. ഗോപി, പി.എ. സത്യൻ, എ. മണി, ശോഭസെബാസ്റ്റ്യനും സെബാസ്റ്റ്യനും, എം.എസ്. പീർമുഹമ്മദ് എന്നിവർക്ക് 10000 രൂപ വീതവും ചിന്നമ്മാൾ, ഗോപാലകൃഷ്ണൻ, തങ്കം, സുബ്രഹ്മണി, തങ്കമണി, ഗോപാലൻ, രാമകൃഷ്ണൻ, കെ.എസ്. സത്യൻ എന്നിവർക്ക് 5000 രൂപ വീതവും ആണ് തുക അനുവദിച്ചത്. ●





# സുനാമി:പുനരധിവാസം മാർച്ച് 31നകം പൂർത്തിയാ

സുനാമി ദുരിതബാധിതരുടെ പുനരധിവാസപ്രവർത്തനങ്ങൾ മാർച്ച് 31നകം പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. പുതിയ വീടുകൾ നിർമിക്കാൻ 50 ഏക്കർ സ്ഥലം കണ്ടെത്തും. എറ ണാകുളത്ത് 10 ഏക്കറും ആലപ്പുഴയിൽ 15 ഏക്കറും കൊല്ലത്ത് 25 ഏക്കറും വേണ്ടി വരും.

ജില്ലാകളക്ടർമാർ സ്ഥലം കണ്ടെത്തിയാലുടൻ നിർമാണം തുടങ്ങും. ഇക്കാര്യത്തിൽ കാലതാമസം വരുത്തരുതെന്ന് റവന്യൂ വകുപ്പിന് നിർദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

വീട് നഷ്ടപ്പെട്ടവരുടെ താത്കാലിക പുനരധിവാസ പദ്ധതി പൂർത്തിയായിവരുന്നു. ആലപ്പുഴയിൽ 15 ഷെൽട്ടറുകൾ പൂർത്തിയായി. വൈദ്യുതീകരണം നടത്തി ആളുകളെ ഇതിലേക്ക് മാറ്റി. കൊല്ലത്ത് ആലപ്പാട് പഞ്ചായത്തിൽ രണ്ടായിരത്തോളം പേരെ പുനരധിവസിപ്പിക്കണം. ഇവിടെ ഷെൽട്ടറുകളുടെ നിർമാണം തുടങ്ങി. ആലപ്പാട് പഞ്ചായത്തിൽ താത്കാലിക താമസസൗകര്യമൊരുക്കും.

പുനരധിവാസപ്രവർത്തനത്തിന് ആലപ്പാട്ടും ആറാട്ടുപുഴയിലും സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളുണ്ട്. തീരദേശ റോഡിന് പടിഞ്ഞാറുഭാഗത്ത് ഇനി ആരെയും താമസിക്കാൻ അനുവദിക്കില്ല. കിഴക്കുഭാഗത്തും ചിലയിടങ്ങൾ തീരദേശ

# സുനാമി പുനരധിവാസം ശാസ്ത്രീയമായി



ക്കും

സംരക്ഷണനിയമത്തിന്റെ പരിധിയിൽ വരും. എന്നാൽ, ആരെയും നിർബന്ധിച്ച് മാറ്റില്ല. ഇക്കാര്യങ്ങൾ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും നാട്ടുകാരും സംസാരിച്ച് സമവായത്തിലെത്തും. എറണാകുളം ജില്ലയിൽ 244 വീടുകളാണ് നിർമിക്കേണ്ടത്. ഇത് മാർച്ച് 31നകം പൂർത്തിയാക്കും. മറ്റ് ജില്ലകളിലും മാർച്ച് 31നകം തീർക്കുകയാണ് ലക്ഷ്യം. ●

## മുഖ്യമന്ത്രി

സുനാമി ദുരന്തം കനത്ത ആഘാതമേല്പിച്ച ആലപ്പാട് (കൊല്ലം), ആറാട്ടുപുഴ (ആലപ്പുഴ) എടവനക്കാട് (എറണാകുളം) പഞ്ചായത്തുകളിലുള്ളവരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ ദ്രുതഗതിയിലാക്കാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ബന്ധപ്പെട്ടവർക്ക് നിർദേശം നൽകി. പുനരധിവാസം ശാസ്ത്രീയമായ രീതിയിൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

സുനാമി ദുരന്തത്തിൽപെട്ടവരെ പുനരധിവസിപ്പിക്കുന്നതു സംബന്ധിച്ച് ചേർന്ന ശാസ്ത്രജ്ഞന്മാരുടെയും ഉന്നതോദ്യോഗസ്ഥരുടെയും യോഗത്തിലാണ് മുഖ്യമന്ത്രി ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയത്.

പുനരധിവാസം മൂന്നുഘട്ടമായാണ് നടപ്പാക്കുന്നത്. ചെറിയ കേടുപാടുള്ള വീടുകൾ ഉടൻ നന്നാക്കിക്കൊടുക്കും. ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്നവർക്ക് താത്കാലിക ഷെഡ് നിർമിച്ചു നൽകുകയാണ് അടുത്ത ഘട്ടം. ഇതിന് പറ്റിയ സ്ഥലം കണ്ടെത്താൻ മുഖ്യമന്ത്രി ഉദ്യോഗസ്ഥരോട് നിർദേശിച്ചു. സ്വകാര്യ വ്യക്തികളിൽ നിന്ന് സ്ഥലമെടുത്താൽ നഷ്ടപരിഹാരം നൽകും.

മൂന്നാംഘട്ടത്തിൽ സ്ഥിരം വീടുകൾ നിർമിച്ചു നൽകും. ശാസ്ത്രീയമായ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് ഇത്തരം വീടുകൾ നിർമിക്കുക. ഇതിന് കടലോര പഠനം നടത്താൻ വിദഗ്ധരെ നിയോഗിക്കും. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഇതിന് മേൽനോട്ടം വഹിക്കും. പ്രകൃതി ദുരന്തങ്ങൾ നേരിടാൻ കഴിയുന്ന രീതിയിലായിരിക്കും വീടുകൾ നിർമിക്കുക. ●






# 187 വില്ലേജുകൾ സുനാമി ദുരിതബാധിതം

സംസ്ഥാനത്തെ 187 വില്ലേജുകൾ സുനാമി ദുരിതബാധിതമായി സർക്കാർ പ്രഖ്യാപിച്ചു. വില്ലേജുകൾ ചുവടെ.

### തിരുവനന്തപുരം ജില്ല

*തിരുവനന്തപുരം താലൂക്ക്* – ആറ്റിപ്ര, കടകംപള്ളി, കഠിനംകുളം, കല്ലിയൂർ, കഴക്കൂട്ടം, മേനംകുളം, മണക്കാട്, മുട്ടത്തറ, പേട്ട, തിരുവല്ലം, വെയിലൂർ, വഞ്ചിയൂർ, വെങ്ങാനൂർ, നേമം. *ചിറയിൻകീഴ് താലൂക്ക്* – ആറ്റിങ്ങൽ, അവനവഞ്ചേരി, അയിരൂർ, അഴൂർ, എടവ, കടയ്ക്കാവൂർ, ശാർക്കര–ചിറയിൻകീഴ്, വക്കം, വർക്കല, വെട്ടൂർ, ചെമ്മരുതി, ചെറുന്നിയൂർ. *നെയ്യാറ്റിൻകര താലൂക്ക്* – കുളത്തൂർ, വിഴിഞ്ഞം, കരിങ്കുളം, തിരുപുറം, കോട്ടുകാൽ, കാഞ്ഞിരംകുളം, കാരോട്.

### കൊല്ലംജില്ല

*കൊല്ലം താലൂക്ക്* – പരവൂർ, കോട്ടപ്പുറം, ഇരവിപുരം, മുണ്ടയ്ക്കൽ, കൊല്ലം വെസ്റ്റ്, കൊല്ലം ഈസ്റ്റ്, ശക്തികുളങ്ങര, മയ്യനാട്, മുളവന, ഈസ്റ്റ് കല്ലട, നെടുമ്പന, ആദിച്ചനല്ലൂർ, ഇളമ്പല്ലൂർ, കിളികൊല്ലൂർ, മങ്ങാട്, പനയം, പെരിനാട്, തൃക്കോവിൽവട്ടം, തഴുതല, തൃക്കടവൂർ, തൃക്കരുവ, ചിറക്കര, പള്ളിമൺ, മൺട്രോതുരുത്ത്, കൊറ്റങ്കര. *കരുനാഗപ്പള്ളി താലൂക്ക്* –ഓച്ചിറ, ക്ലാപ്പന, ആലപ്പാട്, അയണിവേലിക്കുളങ്ങര, പന്മന, നീണ്ടകര, തെക്കുംഭാഗം, കരുനാഗപ്പള്ളി, കല്ലേലിഭാഗം, തൊടിയൂർ, തേവലക്കര, വടക്കുംതല, തഴവ, പാവുമ്പ, ആദിനാട്, കുലശേഖരപുരം, ചവറ.

### ആലപ്പുഴ ജില്ല

*ചേർത്തല താലൂക്ക്* – കോടംതുരുത്ത്, തുറവൂർ സൗത്ത്, പട്ടണക്കാട്, കുത്തിയതോട്, കടക്കരപ്പള്ളി, ചേർത്തല സൗത്ത്, ചേർത്തല നോർത്ത്, എഴുപുന്ന, അരൂർ, മാരാരിക്കുളം നോർത്ത്. *അമ്പലപ്പുഴ താലൂക്ക്* – പുറക്കാട്, അമ്പലപ്പുഴ, പുന്നപ്ര, പറവൂർ, പാതിരപ്പള്ളി, ആലപ്പുഴ വെസ്റ്റ്, ആര്യാട് സൗത്ത്, കലവൂർ. *കാർത്തികപ്പള്ളി താലൂക്ക്*–തൃക്കുന്നിപ്പുഴ, ആറാട്ടുപുഴ.

### എറണാകുളം ജില്ല

*കൊച്ചി താലൂക്ക്* – ചെല്ലാനം, കുമ്പളങ്ങി, പള്ളുരുത്തി, രാമേശ്വരം, ഫോർട്ട് കൊച്ചി, പുതുവൈപ്പ്, എളംകുന്നപുഴ, ഞാറക്കൽ, നായലരമ്പലം, എടവനക്കാട്, കുഴിപ്പിള്ളി, പള്ളിപ്പുറം, എടകൊച്ചി, തോപ്പുംപടി, മട്ടാഞ്ചേരി. *കണയന്നൂർ താലൂക്ക്* – എളംകുളം, കുമ്പളം, മുളവുകാട്, കടമക്കുടി, എറണാകുളം, മണക്കുന്നം. *പറവൂർ താലൂക്ക്* – മുതുകുന്നം, ഏഴീക്കര, വടക്കേക്കര, ചേന്നമംഗലം.

### തൃശ്ശൂർ ജില്ല

*കൊടുങ്ങല്ലൂർ താലൂക്ക്* – അഴീക്കോട്, മേത്തല, എറിയാട്, എടലിലങ്ങ്, പെരിഞ്ഞനം, കയ്പമംഗലം. *ചാവക്കാട് താലൂക്ക്* – ഏങ്ങണ്ടിയൂർ, കടപ്പുറം, ഒരുമനയൂർ, മണത്തല, പുന്നയൂർ, എടക്കഴിയൂർ.

### മലപ്പുറം ജില്ല

*തിരൂർ താലൂക്ക്* – പുറത്തൂർ, മംഗലം, നിറമത്തൂർ, താനൂർ, പരിയപുരം. *പൊന്നാനി താലൂക്ക്* – പൊന്നാനി വെളിയങ്കോട്. *തിരൂരങ്ങാടി താലൂക്ക്* – പരപ്പനങ്ങാടി, അരിയലൂർ, വള്ളിക്കുന്ന്.

### കോഴിക്കോട് ജില്ല

*കോഴിക്കോട് താലൂക്ക്* – കടലുണ്ടി, ബേപ്പൂർ, പന്നിയങ്കര, കസബ, നഗരം, പുതിയങ്ങാടി, ഏലത്തൂർ. *കൊയിലാണ്ടി താലൂക്ക്* – ചേമഞ്ചേരി, ചെങ്കോട്ടുകാവ്, പന്തലായനി, മൂടാടി, തിക്കോടി, ഇരിങ്ങൽ, തുറവൂർ, വിയ്യൂർ. *വടകര താലൂക്ക്* – നടക്കുതാഴ, വടകര, ചോറോട്, ഒഞ്ചിയം, അഴിയൂർ.

### കണ്ണൂർ ജില്ല

*തലശ്ശേരി താലൂക്ക്* – ന്യൂമാഹി, കോടിയേരി, തിരുവങ്ങാട്, തലശ്ശേരി, പിണറായി, ധർമ്മടം. *കണ്ണൂർ താലൂക്ക്* –മുഴപ്പിലങ്ങാട്, എടക്കാട്, കണ്ണൂർ–1, കണ്ണൂർ–2, അഴീക്കോട് (സൗത്ത്), അഴീക്കോട് (നോർത്ത്), പാപ്പിനിശ്ശേരി, കണ്ണപുരം, ചെറുകുന്ന്, വളപട്ടണം, മടായി, മട്ടൂൾ, നാറാത്ത്, ചിറക്കൽ, എളയവൂർ. *തളിപ്പറമ്പ് താലൂക്ക്* – രാമന്തളി, പയ്യന്നൂർ, എഴോം, കുഞ്ഞിമംഗലം, അണ്ടൂർ.

## ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക സൗകര്യം

**എം**പ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തീരദേശ താലൂക്കുകളിലെ ഉദ്യോഗാർത്ഥികൾക്ക് സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തി.

കഴിഞ്ഞ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ രജിസ്ട്രേഷൻ പുതുക്കേണ്ടവർക്ക് മാർച്ച് 31 വരെ അവസരം നൽകും. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭിച്ച ജോലിയിൽ നിന്ന് ഒക്ടോബർ ഒന്നിനുശേഷം വിടുതൽ ലഭിച്ച് യഥാസമയം വിടുതൽ സർട്ടിഫിക്കറ്റ് കൂട്ടിച്ചേർക്കാൻ സാധിക്കാത്തവർക്ക് മാർച്ച് 31 വരെ സീനിയോറിറ്റിയോടുകൂടി ഡിസ്ചാർജ് സർട്ടിഫിക്കറ്റ് നൽകും. ഈ ആനുകൂല്യം ലഭിക്കുന്നവർക്ക് മറ്റ് നിയമങ്ങൾക്കനുസൃതമായി തൊഴിൽരഹിത വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

കെസ്റു സ്വയംതൊഴിൽ പദ്ധതിപ്രകാരം അപേക്ഷാഫോറം വിതരണം ചെയ്യുന്നതിന് ഫെബ്രുവരി 18 വരെയും പൂരിപ്പിച്ച അപേക്ഷ തിരികെ നൽകുന്നതിന് 28 വരെയും സമയം ദീർഘിപ്പിച്ചു. നേരത്തെ വാങ്ങിയ അപേക്ഷ നഷ്ടപ്പെട്ടുപോയ ഉദ്യോഗാർത്ഥികൾക്ക് ഇക്കാലയളവിൽ വീണ്ടും ഫോറം നൽകും. രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡ് നഷ്ടപ്പെട്ടുപോയവർക്ക് ഡ്യൂപ്ളിക്കേറ്റ് ഐഡന്റിറ്റി കാർഡ് ഉടൻ നൽകും. സർട്ടിഫിക്കറ്റുകളും മറ്റും നഷ്ടപ്പെട്ടവർ വാക്കാൽ നൽകുന്ന സൂചനകളുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ ഇൻഡക്സ് കാർഡ് കണ്ടെത്തി ഡ്യൂപ്ളിക്കേറ്റ് കാർഡ് ഉടൻ നൽകണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് എംപ്ളോയ്മെന്റ് ഡയറക്ടർ നിർദേശിച്ചിട്ടുണ്ട്.



## തിരുശേഷിപ്പ്

അഴീക്കലിൽ ദുരന്തത്തിൽ മരിച്ചവരുടെ ചിതാഭസ്മം നിമഞ്ജനം ചെയ്യവെ വാവിട്ട് വിലപിക്കുന്ന സന്ധ്യ. സുനാമി ദുരന്തത്തിൽ സന്ധ്യയ്ക്ക് അമ്മ, മുത്തശ്ശി, സഹോദരി, സഹോദരിയുടെ കുഞ്ഞ് എന്നിവർ നഷ്ടമായി.




# ആലപ്പാട്: തൊഴിൽ മേഖല വീണ്ടും സജീവമാകുന്നു

എ. എ. ഹക്കീം

ആഴിത്തിരമാലകളിൽ നിന്ന് ജീവിത സൗഭാഗ്യം കോരാൻ ആലപ്പാടു നിവാസികൾ വീണ്ടും കട്ടമരങ്ങളിൽ സഞ്ചാരം തുടങ്ങി. ഒരായുഷ്കാലം ചോര നീരാക്കി സ്വരുക്കൂട്ടിയതെല്ലാം ഒരു തിരമാലയ്ക്ക് തകർക്കാനേ ഉണ്ടായിരുന്നുള്ളൂ എന്ന തിരിച്ചറിവ്, ജീവിതത്തെ കൂടുതൽ കരുതലോടെ സമീപിക്കാൻ അവരെ പ്രേരിപ്പിക്കുന്നു.

വീടും വീട്ടുകാരിൽ ചിലരും നഷ്ടപ്പെട്ടവരാണവർ. സർക്കാർ ഒരുക്കിയ ദുരിതാശ്വാസക്യാമ്പുകളിൽ മൂന്നു നേരം ഭക്ഷണം കഴിച്ച് അവിടെത്തന്നെ ഏറെനാൾ കഴിയാൻ അവർക്ക് താത്പര്യമില്ല. ദു:ഖങ്ങൾക്ക് മറവി നല്കി സ്ത്രീകളും കുട്ടികളും ആശ്വാസക്യാമ്പുകളിൽ കഴിയുമ്പോൾ അവിടെ നിന്ന് കിട്ടുന്ന ഭക്ഷണവും പൊതിഞ്ഞ് അവർ 'പടിഞ്ഞാട്ടു' പോകാൻ തുടങ്ങി.

ഇപ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണവും വസ്ത്രവും പാർപ്പിടവും മരുന്നും വെള്ളവും വെളിച്ചവും വിനോദവും എല്ലാം അവർക്ക് ലഭ്യമാണ്. സർക്കാർ പണിയുന്ന താത്കാലിക ഭവനങ്ങളിലേക്ക് ഒരു മാസത്തിനകം മാറുകയും ചെയ്യാം.

അവിടെയും മാസം 500 രൂപയും സൗജന്യ റേഷനും അടിസ്ഥാന സൗകര്യങ്ങളുമൊക്കെ ലഭിക്കുമെന്നും അവർക്കറിയാം. ഇനി താത്കാലിക താമസത്തിന് സ്വന്തമായ ഏർപ്പാടുകളാണെങ്കിൽ ആദ്യത്തെ മൂന്നു മാസത്തേക്ക് 5000 രൂപയും സ്ഥിരം ഭവനം സർക്കാർ തന്നെ നിർമിച്ചു നല്കുംവരെ പിന്നീടുള്ള ഓരോ മാസവും 1000 രൂപ വീതവും ലഭിക്കുമെന്ന കാര്യത്തിലും അവർക്ക് സംശയമില്ല.

ഭാഗിക തകരാറുണ്ടായ വീടുകൾ സർക്കാർ നന്നാക്കി നൽകും. അല്ലെങ്കിൽ 5000 രൂപ മുതൽ 25000 രൂപ വരെ നല്കും. കടയാണെങ്കിൽ 2000 രൂപ മുതൽ 10000 രൂപ വരെ ലഭിക്കും. ചുറ്റുമതിൽ നന്നാക്കാൻ 3000 രൂപ വരെ കിട്ടും. പൂർണമായി തകർന്ന വീടുകൾക്ക് പകരം പുതിയ വീടുകൾ തന്നെ സർക്കാർ പണിത് തരും. അത് വൈദ്യുതീകരിച്ചതായിരിക്കും. കുടിവെള്ളം ഉറപ്പാക്കും. കട്ടിലും കസേരയും അലമാരയും അടുപ്പും, പാചകത്തിനും ഭക്ഷിക്കാനും ഉള്ള പാത്രങ്ങളും എല്ലാം ഉദാരമതികളിൽ നിന്ന് കിട്ടുന്ന മുറയ്ക്ക് നല്കാൻ സർക്കാർ ശ്രമിക്കുന്നുണ്ടെന്നതും ആശ്വാസകരമാണ്. സർക്കാരിന്റെ ആത്മാർത്ഥതയും പ്രതിബദ്ധതയും 2004 ഡിസംബർ 26 നുണ്ടായ തിരയിളക്കത്തിനുശേഷം ഇന്നോളം അവർക്ക് ബോധ്യമുള്ളതുമാണ്.

മരണമടഞ്ഞവരുടെ ശേഷിപ്പുകാർക്ക് ഒരു ലക്ഷവും അമ്പതിനായിരവും രൂപ വീതം കിട്ടി. നിസാര പരിക്കുണ്ടായവർക്ക് 5000 രൂപ വീതം കിട്ടി. ആശ്വാസക്യാമ്പിലെത്തിയപാടെ എല്ലാ ചുമതലകളും സർക്കാർ ഏറ്റു. പോരാത്തതിന് 1000 രൂപ വീതം കൈയിൽ നല്കി. ആശുപത്രികളിൽ നടത്തിയ ചികിത്സക്ക് പണവുമായി സർക്കാർ പ്രതിനിധികൾ തിരുവനന്തപുരം, ആലപ്പുഴ, മാവേലിക്കര തുടങ്ങിയ ദൂരസ്ഥലങ്ങളിൽ പോലും എത്തിയതിൽ അവർ സന്തുഷ്ടരാണ്. വേണ്ടിവന്നാൽ അപകടമുന്നറിയിപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയാൻ ട്രാൻസിസ്റ്റർ റേഡിയോ ഉൾപ്പെടെ സർക്കാർ നല്കുമെന്ന് അവർക്കറിയാം.

എങ്കിലും അവർക്ക് വള്ളവും വലയും കട്ടമരവും കടലമ്മയും നിത്യജീവിതത്തിൽ നിന്ന് ഒഴിച്ചു നിർത്താനാവില്ല. സർക്കാർ നന്നാക്കി നല്കിയ വള്ളങ്ങളും അറ്റകുറ്റപ്പണി തീർത്തെടുത്ത കട്ടമരങ്ങളും വിടവുകൾ തുന്നിക്കെട്ടിയ വലകളും കേടുമാറ്റിയ എഞ്ചിനുകളുമായി ജീവിതായോധനത്തിലേക്ക് ആലപ്പാടു നിവാസികൾ വീണ്ടും മടങ്ങുകയായി. "എല്ലാം സർക്കാർ തരുമെന്ന് വച്ച് മടിച്ചിരിക്കാമോ? പഴയ കുറെ കടങ്ങളുണ്ട്. പെമ്പിള്ളേരെ കെട്ടിക്കാനുണ്ട്. എല്ലാത്തിനും കടലമ്മ തന്നെ തരണം. തരേം ചെയ്യും".- വലക്കുരുക്കുകൾ അഴിക്കുന്നതിനിടയിൽ ആലപ്പാട് നടേതെക്കതിൽ സുനിലും സഹോദരൻ വിശ്വനും മതിരക്കാട്ടിൽ രമണനും പറഞ്ഞു. "ഈ കട്ടമരങ്ങൾ വാടകയ്ക്കെടുത്തതാ. ഇന്നലെ കടലീ പോയി. സാധാരണ കിട്ടുന്നേലും പകുതീതാഴെയാ കിട്ടീത്. അതും ചാള".

സുനാമി വന്നതോടെ മത്സ്യം കുറഞ്ഞെന്നും മത്സ്യങ്ങൾ ഉൾക്കടലിലേക്ക് പോയതാണ് ഇതിന് കാരണമെന്നും അവർ പറഞ്ഞു. ●






# കടൽമത്സ്യം ഭക്ഷ്യയോഗ്യം

കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ലഭിക്കുന്ന കടൽ മത്സ്യങ്ങളും ചെമ്മീനും ഭക്ഷ്യയോഗ്യമല്ലെന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് വിവിധ ശാസ്ത്രശാഖകളെ പ്രതിനിധീകരിക്കുന്ന വിദഗ്ധരുടെയും ശാസ്ത്രജ്ഞരുടെയും സംഘം പറഞ്ഞു. സി.എം.എഫ്.ആർ.ഐ, സി.ഐ.എഫ്.ടി, കുസാറ്റ്, ഡി.ഒ.സി കൊച്ചി എന്നിവിടങ്ങളിലെ വിദഗ്ധരാണ് ജനങ്ങളുടെ പരിഭ്രാന്തി മാറ്റാൻ രംഗത്തെത്തിയത്.

സുനാമി കടൽതിരകളുടെ ആക്രമണത്തെ തുടർന്ന് കടൽമത്സ്യങ്ങളും ചെമ്മീനുകളും ഭക്ഷ്യയോഗ്യമല്ലെന്നുള്ള വ്യാജവാർത്ത ജനങ്ങളിൽ പരിഭ്രാന്തി ഉളവാക്കിയിരിക്കുകയാണ്. ഇക്കാരണത്താലാണ് മത്സ്യത്തിന്റെ ഉപയോഗം കുറഞ്ഞതും വിലയിടിവിന് കാരണമായതും. സുനാമിയെന്ന പ്രതിഭാസം കൊണ്ട് കടൽവെള്ളത്തിന് രാസപരമായോ ജൈവപരമായോ ഒരു മാറ്റവും സംഭവിച്ചിട്ടില്ല. സുനാമി മൂലം മത്സ്യസമ്പത്തിനും മാറ്റങ്ങൾ സംഭവിച്ചിട്ടില്ല.

വാണിജ്യപ്രാധാന്യമുള്ള എല്ലായിനം മത്സ്യങ്ങളും ആഹാരവസ്തുക്കൾ എടുക്കുന്നതിൽ വ്യക്തമായ വിവേചനശക്തിയും ആഹാരരീതിയിൽ പ്രത്യേക സ്വഭാവമുള്ളവയുമാണ്. സമുദ്രോപരിതലത്തിൽ വസിക്കുന്ന ചാളയുടെ ആഹാരം സസ്യപ്ളവങ്ങളാണ്. എന്നാൽ അയല ജന്തുപ്ളവങ്ങളെ ഇഷ്ടപ്പെടുന്നു. ചൂര, നെയ്മീൻ, കണവ, കൂന്തൽ എന്നിവ ജീവനുള്ള ചെറുമത്സ്യങ്ങൾ, ചെമ്മീനുകൾ, കണവക്കുഞ്ഞുങ്ങൾ എന്നിവയെ മാത്രം ആഹാരമായി തെരഞ്ഞെടുക്കുമ്പോൾ അടിത്തട്ടിൽ വസിക്കുന്ന കിളിമീൻ, ചെമ്മീൻ, ഏട്ട തുടങ്ങിയവ മുഖ്യമായും അടിത്തട്ടിലെ ചെറുപ്രാണികൾ, ആൽഗേ, വിരകൾ, ജന്തുപ്ളവങ്ങൾ, ചെറുകക്കകൾ, ചെറിയ മത്സ്യച്ചെമ്മീൻകുഞ്ഞുങ്ങൾ എന്നിവയെയാണ് ഭക്ഷിക്കുന്നത്. മത്സ്യങ്ങളും ചെമ്മീനും കണവയുമാണ് സ്രാവിന്റെയും തിരണ്ടിയുടെയും ഇഷ്ടപ്പെട്ട ആഹാരവസ്തുക്കൾ.

മനുഷ്യരെപ്പോലെ മത്സ്യങ്ങളും മുഖ്യ ആഹാരവസ്തുക്കളിൽ മാറ്റം വരുത്താറില്ല. സ്രാവുകൾ മനുഷ്യരെ ആക്രമിക്കാറുണ്ടെങ്കിലും അത്തരം സ്രാവുകൾ കേരളത്തിലെ തീരക്കടലിൽ ഇല്ല. വാണിജ്യപ്രാധാന്യമുള്ള എല്ലാ മത്സ്യ, ചെമ്മീൻ, കണവ ഇനങ്ങളുടെ ആഹാരരീതിയും ഭക്ഷ്യവസ്തുക്കളെപ്പറ്റിയുള്ള കൃത്യമായ വിവരങ്ങളും അഞ്ചു ദശാബ്ദങ്ങളായി ശേഖരിച്ചിട്ടുണ്ട്. ഈ രേഖകൾ പരിശോധിച്ചാൽ ശവംതീനി സ്വഭാവമുള്ള ഒരു മത്സ്യയിനം പോലും കേരളത്തിന്റെ തീരക്കടലിലില്ലെന്ന് വ്യക്തമാണ്. സുനാമിക്കുശേഷം ലഭിച്ച മത്സ്യങ്ങളുടെ സാമ്പിളുകൾ പരിശോധിച്ചതിൽ നിന്നും മത്സ്യങ്ങൾക്ക് ഒരു മാറ്റവും സംഭവിച്ചിട്ടില്ലെന്നും ഇത് മുമ്പുള്ളതുപോലെതന്നെ ഭക്ഷ്യയോഗ്യമാണെന്നും തെളിഞ്ഞിട്ടുണ്ട്. ഇവയിൽ യാതൊരുവിധത്തിലുമുള്ള ഹാനികരമായ അണുക്കളോ വിഷാംശമോ കണ്ടെത്തിയിട്ടില്ല. ●



# സുനാമി: കേന്ദ്ര പദ്ധതികൾ പ്രയോജനപ്പെടുത്തണം

സുനാമി കടൽക്ഷോഭത്തെ തുടർന്നുള്ള ദുരിതാശ്വാസത്തിന് ഉപകരിക്കുന്ന കേന്ദ്രപദ്ധതികൾ കണ്ടുപിടിച്ച് അവ പ്രയോജനപ്പെടുത്താനുള്ള അടിയന്തരനടപടികൾ കൈക്കൊള്ളാൻ വകുപ്പ് തലവൻമാർക്ക് സർക്കാർ നിർദേശം നൽകി.

വിവരങ്ങൾ ശേഖരിച്ച് നൽകുന്നതിന് ന്യൂഡൽഹിയിലെ കേരളഹൗസ് റസിഡന്റ് കമ്മിഷണറുടെ സേവനം ഉടനടി പ്രയോജനപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്.

## സുനാമി 3054 ഹെക്ടർ കൃഷിഭൂമി നശിച്ചു

സുനാമി ദുരന്തം 3054 ഹെക്ടർ കൃഷിഭൂമിയെ ബാധിച്ചതായി റവന്യൂ-നിയമമന്ത്രി കെ.എം. മാണി അറിയിച്ചു. കാർഷികമേഖലയിൽ 631.23 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കപ്പെടുന്നു. വിവിധ ജില്ലകളിൽ സംഭവിച്ച കൃഷിനാശത്തിന്റെ വിശദമായ വിവരങ്ങൾ ശേഖരിച്ചു. 2257 മീൻവലകളും അനുബന്ധ ഉപകരണങ്ങളും നശിച്ചിട്ടുണ്ട്. 10065 ബോട്ടുകൾക്ക് നാശം സംഭവിച്ചതായി മന്ത്രി പറഞ്ഞു.



# സുനാമി പ്രവചനത്തിന് വഴങ്ങുമോ?



**ഡോ. എം. ബാബ**
ഡയറക്ടർ, ഭൗമശാസ്ത്രപഠന കേന്ദ്രം
തിരുവനന്തപുരം

സുനാമി പ്രവചനം സാദ്ധ്യമാണെന്നും അല്ലെന്നുമുള്ള സംവാദങ്ങൾ നില നിൽക്കുന്നു. ഒരു ഭൂചലനം പ്രവചിക്കാൻ സാദ്ധ്യമല്ലാതിരിക്കുമ്പോൾ എങ്ങനെയാണ് അതിൽ നിന്നും ഉത്ഭവിക്കുന്ന സുനാമിയെ മുൻകൂട്ടിക്കാണാൻ സാധിക്കുക? ഡിസംബർ 26 -ന് ഉണ്ടായ സുനാമി പ്രവചിച്ചിരുന്നെങ്കിൽ എത്രയെത്ര ജീവൻ രക്ഷിക്കാമായിരുന്നു എന്നുള്ള വാദവും നിലനിൽക്കുന്നു. തായ്‌ലന്റിൽ ഒരു ഒൻപതുവയസ്സുകാരിക്ക് ഇതു മുൻകൂട്ടിക്കാണാനും അനേകം മനുഷ്യജീവൻ രക്ഷിക്കാനും സാധിച്ചപ്പോൾ എന്തുകൊണ്ടാണ് ശാസ്ത്രലോകത്തിന് ഇത് കഴിയാതെപോയത്? അതുപോലെ ശാന്തസമുദ്രത്തിലെ രാജ്യങ്ങൾ പ്രവചനം കൊണ്ട് ആളപായം ഒഴിവാക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ട് നമുക്കതിനു കഴിഞ്ഞില്ല? ഇതെല്ലാം ഇന്ന് ചോദിക്കപ്പെടുന്ന അനേകം ചോദ്യങ്ങളിൽ ചിലതു മാത്രം. സുനാമി പ്രവചനത്തിന്റെ നിജസ്ഥിതിയും, ഇന്നു നിലവിലുള്ള സംവിധാനങ്ങളെന്തൊക്കെയാണെന്നും, നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നും പരിശോധിക്കുകയാണിവിടെ.

സുനാമി പ്രവചനത്തിലേക്കു കടക്കുന്നതിന് മുമ്പ് കടലിലെ തിരമാലകളെപ്പറ്റിയും, അവയെക്കുറിച്ചുള്ള ചില അടിസ്ഥാന വിവരങ്ങളും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. സമുദ്രോപരിതലത്തിൽ കാറ്റു വീശുമ്പോൾ സാധാരണ കാണുന്ന തിരമാലകൾ (wind waves) ഉണ്ടാകുന്നതുപോലെ, ചുഴലിക്കാറ്റ് ആഞ്ഞടിക്കുമ്പോൾ ഇന്ത്യയുടെ കിഴക്കൻ തീരത്ത് വർഷാവർഷം ഉണ്ടാകുന്ന തിരതള്ളൽ (storm surge) പോലെ, സൂര്യ-ചന്ദ്ര ആകർഷണം മൂലം ദിവസേന കാണപ്പെടുന്ന വേലിയേറ്റ-വേലിയിറക്കം (tide) പോലെ, കടലിന്റെ അടിത്തട്ടിൽ പെട്ടെന്നുണ്ടാകുന്ന ഭൂചലനം, അഗ്നിപർവത സ്ഫോടനം, ഉരുൾ പൊട്ടൽ, ഉൽക്കാ പതനം മുതലായവ മൂലം കടലിലുണ്ടാകുന്ന പെട്ടെന്നുള്ള ഇളക്കമാണ് സുനാമി (tsunami). ആദ്യം പറഞ്ഞ നാലു പ്രതിഭാസങ്ങളിൽ ആദ്യത്തെ മൂന്നും (wind waves, storm surge, tide) ഒരു പരിധിവരെ കൃത്യമായി പ്രവചിക്കാൻ സാധിക്കുന്നുണ്ട്. ഇവ സാധാരണ കാണുന്ന പ്രതിഭാസങ്ങളായതു കൊണ്ട് അതിനെക്കുറിച്ചുള്ള പഠനങ്ങൾ വളരെയധികം നടക്കുന്നു. അതിനാൽ പ്രവചനശേഷിയാർജിക്കാൻ നമുക്കു സാധിച്ചിട്ടുണ്ട്. എന്നാൽ സുനാമി ഇന്ത്യാസമുദ്രത്തിൽ അപൂർവമായി മാത്രം (100 വർഷത്തിൽ രണ്ടെണ്ണം മാത്രം-1941-ൽ കിഴക്കൻ തീരത്തും 1945 ൽ വടക്കു പടിഞ്ഞാറൻ തീരത്തും) കണ്ടിട്ടുള്ളതിനാലും ഉണ്ടായ സുനാമികൾ ദുർബലങ്ങളായിരുന്നതിനാലും ഈ ദിശയിലുള്ള പഠനങ്ങൾ ഇന്ത്യയിലും അടുത്തുള്ള മറ്റു രാജ്യങ്ങളിലും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല എന്നതാണ് വസ്തുത. (കേരളത്തിൽ സുനാമിയെന്നൊരു പ്രതിഭാസം ഉണ്ടായതായോ ഉണ്ടാവാനുള്ള സാദ്ധ്യതയോ ഒരിടത്തും രേഖപ്പെടുത്തപ്പെട്ടിട്ടില്ല.) അതുകൊണ്ടു തന്നെ ഇന്ത്യയിലെ പ്രമുഖ സ്ഥാപനങ്ങളായ, ഇന്ത്യ മുഴുവനും ശൃംഖലയുള്ള ഡൽഹിയിലെ അന്തരീക്ഷ വകുപ്പും, ഗോവയിലെ സമുദ്രശാസ്ത്ര കേന്ദ്രവും, കൊൽക്കൊത്തയിലെ ഭൂവിജ്ഞാനീയ സർവേയും, ഹൈദരാബാദിലെ നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും വരെ ഇതൊരു പഠനവിഷയമായി കരുതിയിരുന്നുമില്ല.


എന്നാൽ ശാന്തസമുദ്രമേഖലയിലെ സ്ഥിതി അതല്ല. അവിടെ സുനാമികൾ (കഴിഞ്ഞ നൂറു വർഷത്തിൽ 793 എണ്ണം) സർവസാധാരണമായതിനാലും വൻ നാശനഷ്ടങ്ങൾ തുടർച്ചയായി ഉണ്ടാകുന്നതിനാലും ഇവയെക്കുറിച്ചുള്ള പഠനങ്ങൾ ധാരാളമായി നടക്കുകയും പ്രവചന സംവിധാനങ്ങൾ ഒരുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇന്ന് ശാന്തസമുദ്രമേഖലയിൽ സുനാമീറ്ററുകളുടെ ഒരു ശൃംഖലയും അതിനെ നിയന്ത്രിക്കുന്നതിനും പ്രവചിക്കുന്നതിനുമായി അമേരിക്കയിലെ മിയാമിയിൽ ഒരു സുനാമി മുന്നറിയിപ്പു കേന്ദ്രവും (Tsunami Warning Centre) പ്രവർത്തിച്ചുവരുന്നു. ഈ മേഖലയിലുള്ള

സുനാമികളെ മുൻകൂട്ടിക്കാണാനും ഈ ശൃംഖലയിൽപെട്ട രാജ്യങ്ങളെ ജാഗരൂകരാക്കി ജീവൻ രക്ഷിക്കുവാനും ഇവർക്കു കഴിയുന്നുണ്ട്.


ഇന്ത്യൻസമുദ്രമേഖലയിൽ ഇപ്പോഴുണ്ടായ സുനാമിയുടെ പശ്ചാത്തലത്തിൽ നിരീക്ഷണ - പ്രവചനസംവിധാനങ്ങൾ ഒരുക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്ന ഈ അവസരത്തിൽ ഈ സംവിധാനങ്ങളുടെ ഘടന, പ്രവർത്തനക്ഷമത എന്നിവയെക്കുറിച്ച് അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും.

UNESCOയുടെ Inter Governmental Oceanaographic Commission(IOC) 1965-ൽ ഹവായിലെ മിയാമിയിൽ സ്ഥാപിച്ച അന്തർദേശീയ സുനാമീ വിവര കേന്ദ്രത്തോടൊപ്പം (ITIC) മൂന്നു വർഷത്തിനു ശേഷം സുനാമി മുന്നറിയിപ്പു കേന്ദ്രവും സ്ഥാപിച്ചു. ഇതിൽ 26 അംഗ രാജ്യങ്ങളും 100 വിവര സ്വീകരണകേന്ദ്രങ്ങളും ഉണ്ട്.

സമുദ്രാന്തർഭാഗത്തുള്ള ഭൂചലനങ്ങൾ തന്നെയാണ് സുനാമികളിൽ 90%-നും ഹേതു. എന്നാൽ ഭൂചലനങ്ങളെല്ലാം സുനാമിയുണ്ടാക്കുന്നില്ല. സമുദ്രാന്തർഭാഗത്തുണ്ടായ ഒരു ഭൂചലനത്തിൽ സുനാമി ഉത്ഭവിച്ചോ എന്നറിയുന്നതിന് കടലിന്റെ അടിത്തട്ടിന് കാര്യമായ ഏറ്റക്കുറച്ചിലുണ്ടായിട്ടുണ്ടോ എന്നറിയേണ്ടത് അത്യാവശ്യമാണ്. കൂടാതെ ഭൂചലനത്തിന്റെ തോത്, ഉറവിടത്തിന്റെ താഴ്ച, ഭ്രംശത്തിന്റെ പ്രത്യേകതകൾ, അവസാദ പാളിയുടെ പരിച്ഛേദം, തുടർഭ്രംശം എന്നിവയോടൊപ്പം അടർക്കപ്പെട്ട ഭ്രംശപാളിയുടെ ഉയർച്ച താഴ്ചകൾ എന്നിവ സുനാമിയുടെ വലിപ്പം നിർണയിക്കുന്ന ഘടകങ്ങളാണ്. അപ്പോൾ നൂറിലധികം പലയിടത്തായി വിന്യസിച്ചിരിക്കുന്ന ഭൂചലനമാപിനികളിൽ നിന്നെത്തുന്ന വിവരങ്ങൾ വിശ്ലേഷണം ചെയ്തു ഭൂചലനത്തിന്റെ പ്രഭവസ്ഥാനവും തോതും കൃത്യമായി മനസ്സിലാക്കി മേൽ വിവരിച്ചതടക്കമുള്ള പത്തോളം ഘടകങ്ങൾ കണക്കിലെടുത്ത് ഒരു സുനാമി രൂപപ്പെട്ടിട്ടുണ്ടോ എന്നും അതിന്റെ തീവ്രത എത്രയെന്നും ആദ്യം നിശ്ചയിക്കപ്പെടുന്നു. ഇവിടെ തെറ്റുകൾ പറ്റാനുള്ള സാദ്ധ്യതയുണ്ട്. ഭ്രംശത്തിന്റെ ദിശ, ഭൂചലന പ്രഭവസ്ഥാനം, തോത്, ആഴം എന്നിവ മാത്രമാണ് ഭൂചലന മാപിനികളുടെ വിവര വിശ്ലേഷണത്തിൽ ലഭിക്കുന്നത്. എന്നാൽ മറ്റെല്ലാ ഘടകങ്ങളും ആ പ്രദേശത്തിന്റെ ഭൂവിജ്ഞാനീയവും മറ്റുമായ അറിവുകളിൽ നിന്നും അനുമാനിച്ച് തിട്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ ഘട്ടത്തിലുണ്ടാകുന്ന പിഴവുകൾ സുനാമിയുടെ തീവ്രത തിട്ടപ്പെടുത്തുന്നതിൽ വ്യത്യാസങ്ങളുണ്ടാക്കാൻ സാദ്ധ്യതയുണ്ട്. അതിനാൽ കൃത്യതയും ഇതിൽ ഉൾപ്പെട്ട വ്യക്തികളുടെ ആത്മാർഥതയും അനുഭവജ്ഞാനവും അനുമാനങ്ങളെ സ്വാധീനിക്കുമെന്നു കാണാം.




ഇനി ഇങ്ങനെ രൂപപ്പെടുന്ന സുനാമി ഏതു ദിശയിലേക്കാണു സഞ്ചരിക്കുന്നതെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതു ഭ്രംശരേഖയുമായും മറ്റും വളരെയധികം ബന്ധപ്പെട്ടിരിക്കുന്നതിനാൽ വളരെ കൃത്യതയോടെ നിർണയിക്കപ്പെടേണ്ടതാണ്. കാരണം ഏതെല്ലാം രാജ്യങ്ങളാണ് സുനാമിയുടെ പരിധിയിൽ വരുന്നതെന്ന് തീരുമാനിക്കുന്നത് ഇതുപ്രകാരമാണ്. ഇവിടെ തെറ്റുപറ്റിയാൽ സുനാമി എത്തപ്പെടാൻ സാധ്യതയില്ലാത്ത രാജ്യങ്ങൾ വൃഥാവിൽ മുൻ കരുതലുകളെടുക്കുകയും അല്ലാത്തവ ആക്രമിക്കപ്പെടുകയും ചെയ്യും. കൂടാതെ സുനാമി കടന്നുപോകുന്ന കടലിന്റെ അടിത്തട്ടിൽ കടൽകുന്നുകളും തിട്ടകളും ദ്വീപുകളും മുനമ്പുകളും മറ്റുമുണ്ടെങ്കിൽ അവയെല്ലാം വേഗതയെയും തീവ്രതയെയും ദിശയെയും സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഉത്ഭവസ്ഥാനത്തു നിന്നും മണിക്കൂറിൽ 700 കിലോമീറ്ററിലധികം (ജറ്റ് പ്ലയിനിന്റെ വേഗത) വേഗതയിൽ സഞ്ചരിക്കുന്ന സുനാമിയുടെ മുന്നോട്ടുള്ള കുതിപ്പിനെ നിയന്ത്രിക്കാൻ ഈ ഘടക ങ്ങൾക്കു കഴിയും. അപ്പോൾ യഥാർത്ഥ ത്തിൽ ഒരു പ്രത്യേക ദിശയിലേക്ക് സഞ്ചരിക്കുന്നുണ്ടോ, അതിന്റെ വേഗതയെന്താണ്, എന്നിവ നിശ്ചയിക്കുന്നതിന് DART (Deep Ocean Assessment and Reporting of Tsunami) എന്ന ഉപകരണത്തിന്റെ ഒരു ശൃഖല തന്നെ സമുദ്രാന്തർഭാഗത്ത് സ്ഥാപിക്കേണ്ടതും നിലനിർത്തേണ്ടതും അത്യാവശ്യമാണ് (ചിത്രം നോക്കുക). ഒരു സുനാമി ഉണ്ടായി എന്നറിഞ്ഞാലുടനെ ഈ ശൃംഖലയെ പ്രവർത്തനക്ഷമമാക്കുന്നതോടെ ഇവ ഉപഗ്രഹങ്ങൾ വഴി കടലിന്റെ അടിത്തട്ടിലെ മർദ്ദവ്യത്യാസങ്ങൾ കരയിലേക്കയയ്ക്കുന്നു. എല്ലാ DARTകളിലൂടെയും സ്വീകരിക്കുന്ന വിവരങ്ങൾ പഠനവിധേയമാക്കി സുനാമിയുടെ ഗതിയും ശക്തിയും വിലയിരുത്തുന്നു. ഇവിടെ മനസ്സിലാക്കേണ്ട കാര്യം 40 മുതൽ 50 സെ.മി.വരെ മാത്രം ഉയരമുള്ള ഉൾക്കടലിലെ സുനാമിയെ അഞ്ചുകിലോമീറ്ററിലധികം താഴ്ചയിൽ കടലിന്റെ അടിത്തട്ടിൽ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളാണ് അളക്കുന്നതെന്നതാണ്. ഈ കാര്യത്തിൽ അനുഷ്ടിക്കേണ്ട കൃത്യത ഈ ഉപകരണങ്ങളിലൂടെയാണ് കൈവരിക്കേണ്ടതെന്നത് ഇവയിലാവശ്യമുള്ള സാങ്കേതിക മേന്മയിലധിഷ്ടിതമായിരിക്കുന്നു എന്നോർക്കണം. DART കൂടാതെ തുറമുഖങ്ങളിലും മറ്റു തീരപ്രദേശങ്ങളിലും പല രാജ്യങ്ങളിലായി ഇപ്പോൾതന്നെ നിലവിലുള്ള വേലിയേറ്റ മാപിനികളും (tide gauges) ഇതിനോടൊപ്പം പ്രവർത്തനക്ഷമമാണ്. ഇവയും ജലനിരപ്പിന്റെ അസാധാരണ സ്വഭാവം



സുനാമി എത്തുന്നതോടെ തിരിച്ചറിയുന്നു. ഉദാഹരണമായി സുമാത്രയിൽ നിന്ന് ഉത്ഭവിച്ച സുനാമി ശ്രീലങ്കയിലെ ട്രിങ്കോമാലി തുറമുഖത്തെത്തിയെന്നു തിരിച്ചറിയാൻ ഇതു സഹായിക്കും. അങ്ങനെ സുനാമിയുടെ പ്രഭാവമുണ്ടാകാനിടയുള്ളതും അല്ലാത്തതുമായ എല്ലാ രാജ്യങ്ങളുടെയും കൂട്ടായ്മയും സഹകരണവും കൂട്ടിയിണക്കുന്നത് അത്യന്താപേക്ഷിതമാണെന്ന് നാം മനസ്സിലാക്കണം. ചുരുക്കത്തിൽ ഈ മേഖലയിലുള്ള രാജ്യങ്ങൾ തമ്മിലുള്ള സഹവർത്തിത്വത്തിനുള്ള ഒരവസരവും കൂടിയാണിത്.


ആഴക്കടലിൽ കപ്പലുകൾക്കോ ബോട്ടുകൾക്കോ ഒരനക്കംപോലും ഉണ്ടാക്കാത്ത സുനാമി ഏതു രാജ്യത്തേക്കാണ് കുതിക്കുന്നത് എന്നും എത്ര സമയം കൊണ്ട് എത്തുമെന്നും പ്രവചിക്കാൻ മേൽപറഞ്ഞ പരിധികൾക്കുള്ളിൽ നിന്നുകൊണ്ട് ഇന്ന് ശാന്തസമുദ്ര മേഖലയിൽ സാധിക്കുന്നുണ്ട്.

എന്നാൽ തീരത്തോടടുക്കുമ്പോൾ ഉഗ്രപ്രതാപിയാകുന്ന സുനാമിയുടെ തീവ്രത കടലോരത്ത് എത്രത്തോളമുണ്ടാകുമെന്ന് അളവുകളുടെ അടിസ്ഥാനത്തിൽ പറയാൻ ബുദ്ധിമുട്ടാണ്. കാരണം രാജ്യാതിർത്തിയിലെ കടലോരത്തിനോട് ചേർന്നു കോണ്ടിനെൻറൽ ഷെൽഫിൻെറ (കടലോരത്ത് കരയെയും ആഴക്കടലിനെയും വേർതിരിക്കുന്ന കടൽ തടം) വീതിക്കനുസൃതമായി സുനാമിയുടെ വേഗതയും നീളവും കുറയുകയും ഉയരം ക്രമാനുഗതമായി കൂടുകയും ചെയ്യും. ഷെൽഫിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഉദ്ദേശം ഒരു മണിക്കൂറിനടുത്ത സമയത്തിനുള്ളിൽ തീരത്തെത്തുന്നതു കൊണ്ട് ഈ ഭാഗത്തുള്ള സുനാമിയുടെ സ്വഭാവം പ്രവചിക്കാൻ ഈ ചെറിയ സമയം അനുവദിക്കുകയില്ല. എന്നാൽ കടൽത്തട്ടിൻെറ സ്വഭാവം കാലാകാലം തിട്ടപ്പെടുത്തി വിവിധ തീവ്രതകളിലുള്ള സുനാമിയെ കമ്പ്യൂട്ടർ മോഡലുകളിൽ നേരത്തെ തയ്യാറാക്കി വച്ചാൽ ഒരു പരിധി വരെ തീരത്തെ വിവിധ പ്രദേശങ്ങൾ എങ്ങനെ ആക്രമിക്കപ്പെടുമെന്ന് പ്രവചിക്കാൻ സാധിക്കും. ഇതിനായി ഓരോ കാലവർഷ സമയത്തും മാറുന്ന കടൽത്തറയുടെ വിശദമായ മാപ്പിംഗ് ചെയ്ത് തയ്യാറായിരിക്കുകയും എല്ലാ ദിശയിൽ നിന്നും എല്ലാ തീവ്രതയിലും വരാൻ സാധ്യതയുള്ള സുനാമിയുടെ സ്വഭാവവിശേഷങ്ങൾ മനസ്സിലാക്കുകയും ഇവയ്ക്ക് കടൽത്തറയുടെ വിവിധ നിമ്നോന്നതങ്ങളനുസരിച്ച് വരാവുന്ന ഭൗതിക മാറ്റങ്ങൾ ക്രോഡീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഉദാഹരണത്തിന് സുമാത്രയിൽ നിന്നുത്ഭവിച്ച സുനാമിക്ക് തീവ്രത വളരെയധികമായതുകൊണ്ടു മാത്രമാണ് അതിൻെറ നിഴൽപ്രദേശമായ കേരളത്തിൽ അതിൻെറ പ്രഭാവം അനുഭവപ്പെട്ടത്. നേരെമറിച്ച്, തീവ്രത കുറഞ്ഞിരുന്നുവെങ്കിൽ ശ്രീലങ്കയിലും തമിഴ്നാട്ടിലും ആക്രമണമുണ്ടായാലും കേരളം കാര്യമായ തിരയിളക്കത്തിന് വിധേയമാകില്ലായിരുന്നു.

കേരളത്തിൻെറ വടക്കൻ പ്രദേശങ്ങളും മറ്റു പടിഞ്ഞാറൻ തീരവും ലക്ഷദ്വീപും തണൽ മേഖലയായതിനാലാണ് രക്ഷപ്പെട്ടതെന്ന് ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ തന്നെ നാഗപട്ടണത്തും ആൻ്റമാൻ നിക്കോബാർ ദ്വീപുകളിലും മാലിദ്വീപിലും വ്യത്യസ്ത രീതിയിലാണ് സുനാമിയുടെ പ്രഭാവം അനുഭവപ്പെട്ടത് എന്നത് തീരത്തിനോടടുക്കുമ്പോൾ സുനാമി കൈക്കൊള്ളുന്ന വ്യത്യസ്ത സ്വഭാവങ്ങൾക്ക് ഉദാഹരണമാണ്. ഇതെല്ലാം പ്രവചന സമയത്ത് വിശദമായി ഉൾക്കൊള്ളേണ്ടത് കൃത്യതയ്ക്ക് വളരെ പ്രധാനമാണ്. ജപ്പാനിൽ പോലും അനേകം തവണ സുനാമി പ്രവചനം നടത്തപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ ജനങ്ങൾ ഒഴിഞ്ഞുപോയെങ്കിലും സുനാമി എത്താതിരുന്നിട്ടുണ്ട്. അതുപോലെ തന്നെ ചില അവസരങ്ങളിൽ പ്രവചനത്തിന് വഴങ്ങാതെ സുനാമി കരയ്ക്കടിഞ്ഞിട്ടുമുണ്ടെന്ന് മനസ്സിലാക്കേണ്ടതാണ്.

പ്രവചനമുണ്ടായാൽ ചെയ്യേണ്ട കാര്യങ്ങളും ജീവഹാനി ഒഴിവാക്കാൻ മർമ്മപ്രധാനമാണ്. പ്രവചനം ഉടനെ തന്നെ കടലോരത്ത് അറിയിക്കുക എന്നുള്ളത് ഒട്ടും സമയനഷ്ടം ഇല്ലാതെ ചെയ്യേണ്ടതുള്ളതുകൊണ്ട് അതിനുള്ള സ്ഥിരം സംവിധാനങ്ങളുണ്ടായിരിക്കണം. ജനങ്ങൾ അതിനെ വിശ്വസിക്കുകയും ഉടൻ തന്നെ പ്രതികരിക്കുകയും വേണം. അതിനവരിൽ നേരത്തേ തന്നെ അവബോധം ഉണ്ടാക്കുകയും സ്ഥിരമായ ഡ്രില്ലുകളിലൂടെ പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ ഒഴിഞ്ഞുപോകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (റോഡുകൾ, പാലങ്ങൾ, വാഹനങ്ങൾ, ഉയർന്ന ഷെൽറ്ററുകൾ, വിവരവിനിമയ സംവിധാനങ്ങൾ) മുതലായവ ഉണ്ടാക്കേണ്ടതുണ്ട്.

പ്രവചനങ്ങൾ ഉണ്ടായില്ലെങ്കിൽ കൂടി സുനാമിയുടെ കരയോടടുക്കുമ്പോഴുള്ള സ്വഭാവവിശേഷതകൾ ജനങ്ങൾ അറിഞ്ഞിരുന്നാൽ കുറേപേരെയെങ്കിലും രക്ഷിക്കാൻ സാധിക്കും. സുനാമിയിൽ വൻതിരകളും അനുബന്ധതിരകളുമുണ്ടാകാം. ആദ്യത്തെ അസാധാരണതിര കാണുമ്പോൾതന്നെ തീരത്തുനിന്നും കുറച്ചു സമയത്തേക്കു മാറുന്നത് ആണ് നല്ലത്. കൂട്ടത്തിൽ കടൽതട്ട് അസാധാരണമായി തെളിയുന്നത് വലിയൊരു സുനാമിത്തിരയുടെ ഉയരം കൂട്ടുന്നതിൻെറ ആദ്യപടിയാണെന്ന് മനസ്സിലാക്കി, തീരത്തു നിന്നും ഉടൻ ഉയർന്ന പ്രദേശത്തേക്ക് മാറാനാണ് ശ്രമിക്കേണ്ടത്. (കേരളത്തിലും തായ്‌ലണ്ടിലും മറ്റും നേരെ മറിച്ച് കടലൊഴിഞ്ഞ ഭാഗത്തേക്ക് പോകാനാണ് ജനങ്ങൾ ശ്രമിച്ചത്). സാധാരണഗതിയിൽ തുടർ ഭൂചലനങ്ങൾ വലിപ്പത്തിൽ ആദ്യവൻ ചലനത്തിനൊപ്പം എത്താറില്ല എന്നുള്ളതുകൊണ്ട് ഒരു വൻ സുനാമിക്കൂട്ടത്തിനു പിന്നാലെ മറ്റൊരു സുനാമിക്കൂട്ടം വരുന്നതിനുള്ള സാധ്യത കുറവാണ്. എന്നിരുന്നാലും കുറേ ദിവസത്തേക്ക് ശക്തമായ തുടർ ഭൂചലനങ്ങൾ ശമിക്കുന്നതുവരെ താഴ്ന്ന തീരപ്രദേശങ്ങൾ ജാഗ്രത പുലർത്തുന്നത് തന്നെയായിരിക്കും അഭികാമ്യം. ഇത്തവണത്തെ റിക്ടർ സ്കെയിലിൽ 9 രേഖപ്പെടുത്തിയ ഭൂചലനത്തിൻെറ തുടർചലനങ്ങൾ 7.2 മുതൽ താഴോട്ട് മാത്രമാണ് ഉണ്ടായതെന്നതും, ഇവ 150 ലധികം ഉണ്ടായിട്ടും





ശക്തമായ സുനാമി ഉണ്ടായില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

തീരപ്രദേശങ്ങളിൽ സുനാമി പ്രവചനം പ്രാവർത്തികമാക്കുമ്പോൾ നടത്തേണ്ട അനുബന്ധ പ്രവചനങ്ങൾ ജനങ്ങളെ മാറ്റുന്നതിനും മറ്റു ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും അത്യാവശ്യമാണ്. ഉദാഹരണമായി സുനാമിയുടെ പ്രഭാവം ഉണ്ടാകാൻ സാദ്ധ്യതയുള്ളതു കൊണ്ട് കടലിൽ പോകാതിരിക്കുകയും തീരങ്ങളിൽ ജാഗ്രത പാലിക്കുകയും വേണം എന്ന് പ്രവചനം വരുമ്പോൾ കരയിലെ ജനങ്ങൾ എന്താണ്ചെയ്യേണ്ടത് എന്ന് ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും പോലീസിനും ഒരു പോലെ വ്യക്തമായ ധാരണകൾ ഉണ്ടായിരിക്കണം. നേരത്തെ സൂചിപ്പിച്ച പ്രവർത്തനത്തിനനുസൃതമായി ജാഗ്രത ഏതൊക്കെ തരത്തിൽ ആയിരിക്കണം? സുനാമിയുടെ തോത് പറയാത്തിടത്തോളം കടലോരത്ത് തുടർന്നുകൊണ്ട് ജാഗ്രത പാലിക്കൽ മാത്രം ചിലപ്പോൾ അപകടകരമാകാം. എന്നാൽ 10 മീറ്റർ വരെയുള്ള സുനാമി വരാൻ സാദ്ധ്യതയുണ്ട്; കടലിൽ പോകാതിരിക്കുകയും കടൽതീരത്തു നിന്നും മാറിനിൽക്കണമെന്നുമാണ് പ്രവചനമെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ആഘാതം എത്രയാണെന്ന് പഠനവിഷയമാക്കേണ്ടതുണ്ട്. കടൽതീരത്തുനിന്നും എത്ര ഉള്ളിലോട്ടുള്ള ജനങ്ങളാണ് ഒഴിഞ്ഞു പോകേണ്ടതെന്ന് ഇവിടെ വ്യക്തമല്ല. എന്നാൽ ഉടൻ നടപടി എടുക്കേണ്ടതുമുണ്ട്. അതുപോലെ 10 മീറ്റർ വരെയുള്ള തിര കരയിൽ എത്രത്തോളം പ്രവേശിക്കുമെന്നും ഇവിടെ വ്യക്തമല്ല. തീരത്തോടടുത്ത് 5 മീറ്ററോളം ഉള്ള സുനാമിത്തിരയാണ് ആലപ്പാട് റോഡിൽ 2 മീറ്ററോളം വെള്ളപ്പൊക്കമുണ്ടാക്കിയതും ഒരു കിലോമീറ്ററോളം ഉള്ളിലേക്കു കയറിയതും. 10 മീറ്റർ തിരയിൽ വെള്ളപ്പൊക്കം 4 മീറ്ററോ അതിൽക്കൂടുതലോ ആകാം. അപ്പോൾ കരയിൽ എത്ര ഉള്ളിലേക്ക് തിരത്തള്ളലുണ്ടാകുമെന്നത് കണക്കിലെടുത്താണ് ജനങ്ങളെ ഒഴിപ്പിക്കേണ്ടത്. ഇതും വളരെ പെട്ടെന്ന് (നിമിഷങ്ങൾക്കുള്ളിൽ) ചെയ്യേണ്ടിവരും. ഇതാണ് തീരദേശത്തേക്കു വേണ്ടിയുള്ള അനുബന്ധ പ്രവചനങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. ഇത് തികച്ചും പ്രാദേശികമായി ചെയ്യേണ്ടതുണ്ടെന്നതിനാൽ ഇതിന് മുൻകൂട്ടിയുള്ള സംവിധാനം ഒരുക്കുകയല്ലാതെ മാർഗമില്ല. ചുരുക്കത്തിൽ സുനാമിക്ക് മുമ്പ് തന്നെ രാജ്യാന്തരതലത്തിൽ മാത്രമല്ല പ്രാദേശികതലത്തിലും പൂർണ്ണമായ തയ്യാറെടുപ്പ് ഉണ്ടായാലേ സുനാമി പ്രവചനം കൊണ്ടുള്ള പൂർണ്ണ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുകയുള്ളൂ. മറ്റൊരർത്ഥത്തിൽ എല്ലാ തലങ്ങളിലും നിതാന്ത ജാഗ്രത അത്യന്താപേക്ഷിതമാണ്.

പ്രവചനവും ഒഴിഞ്ഞുപോക്കും സുനാമി ആക്രമണത്തിൻെറ പശ്ചാത്തലത്തിൽ അനിവാര്യമാണെങ്കിലും ദീർഘകാലാടിസ്ഥാനത്തിലുള്ള തീരദേശ ആസൂത്രണവും പരിപാലനവും തന്നെയാണ് സ്ഥായിയായ പരിഹാരമാർഗ്ഗം. തീരനിയന്ത്രണ നിയമത്തിന്റെയും അതിലേറെയുമുള്ള പരിഗണനകളുടെയും അടിസ്ഥാനത്തിലുള്ള ആവാസവ്യവസ്ഥയും, തീരസംരക്ഷണ സംവിധാനങ്ങളും, തീരത്തുനിന്നു മാറി സംരക്ഷിത മേഖലയിലുള്ള ആവാസ സൗകര്യങ്ങളും, മറ്റ് ജീവസന്ധാരണത്തിനുള്ളതും മറ്റുമായ അടിസ്ഥാന സൗകര്യങ്ങളും, അപകടരഹിത ഷെൽട്ടറുകളും ചേർന്ന ഒരു മേഖലയാകണം തീരപ്രദേശം. ഇത് സുനാമിയിൽ നിന്നു മാത്രമല്ല അതിലധികം സാദ്ധ്യതയുള്ള ചുഴലിക്കൊടുങ്കാറ്റുകളിൽ നിന്നും കടലിൻെറ ഉയർന്നുകൊണ്ടിരിക്കുന്ന ജലനിരപ്പുമായി ബന്ധപ്പെട്ട കടലാക്രമണത്തിൽ നിന്നും ഭൂചലനങ്ങളിൽ നിന്നും എല്ലാറ്റിനുമുപരി വർഷാവർഷമുള്ള കടലാക്രമണത്തിൽ നിന്നും തീരദേശ ജനതയെ സംരക്ഷിക്കുന്നതിനുള്ള സ്ഥിരമായ സംവിധാനമായി മാറും. ●

# ഭൂമിയ്ക്കടിയിലെ അദൃശ്യശക്തി

**എസ്. രാധാകൃഷ്ണൻ**

**ഇന്ത്യൻ ഭൗമപാളി ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണശാലയായി മാറിയിരിക്കുന്നു. കഴിഞ്ഞ ഡിസംബർ 26-നുണ്ടായ ഭൂചലനത്തോടെ ശാസ്ത്രലോകത്തിന്റെ ആകാംക്ഷയും ആശങ്കയും പതിന്മടങ്ങു വർധിച്ചിരിക്കുകയാണ്. സുനാമി മുന്നറിയിപ്പു സംവിധാനം സ്ഥാപിച്ചാലും സമസ്യകൾ പിന്നെയും അവശേഷിക്കും. ഭൂമിയുടെ ഉല്പത്തി പോലും നിരീക്ഷിച്ചറിയാൻ ഇന്ത്യൻ ഭൗമപാളിയെക്കുറിച്ചുള്ള പഠനം സഹായിക്കുമെന്ന നിലയിലാണ് ഇപ്പോൾ കാര്യങ്ങൾ നീങ്ങുന്നത്.**



ബംഗാൾ, ഇൻഡസ് ബേസിനുകൾ.

സുമാത്രയെ പ്രകൃതി അതിന്റെ സർവശക്തിയുമെടുത്ത് പ്രഹരിച്ചത് ഇതാദ്യമായല്ല. ക്രാക്കത്തോവ് അഗ്നിപർവതം 1883 ഓഗസ്റ്റ് 27-ന് പൊട്ടിത്തെറിച്ചപ്പോൾ സൃഷ്ടിക്കപ്പെട്ട സുനാമികൾ എല്ലാ കടലും കടന്ന് എല്ലാ കരയിലും സാന്നിധ്യമറിയിച്ചത് സുമാത്രയിൽ നിന്നായിരുന്നു. അന്ന് അഗ്നിപർവതമായിരുന്നു കാരണമെങ്കിൽ ഇത്തവണ ഭൂചലനമാണെന്നുമാത്രം. സുമാത്രയിൽനിന്ന് അറേബ്യൻ ഉപഭൂഖണ്ഡത്തിലെ ഏദനിലെത്താൻ ഒരു ആവിക്കപ്പൽ 12 ദിവസമെടുക്കുമ്പോൾ അന്ന് സുനാമി തിര 12 മണിക്കൂർ കൊണ്ട് ഏദനിലെത്തി ശക്തി തെളിയിച്ചു.

ശക്തമായ സുനാമി ഉണ്ടായില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

തീരപ്രദേശങ്ങളിൽ സുനാമി പ്രവചനം പ്രാവർത്തികമാക്കുമ്പോൾ നടത്തേണ്ട അനുബന്ധ പ്രവചനങ്ങൾ ജനങ്ങളെ മാറ്റുന്നതിനും മറ്റു ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും അത്യാവശ്യമാണ്. ഉദാഹരണമായി സുനാമിയുടെ പ്രഭാവം ഉണ്ടാകാൻ സാദ്ധ്യതയുള്ളതു കൊണ്ട് കടലിൽ പോകാതിരിക്കുകയും തീരങ്ങളിൽ ജാഗ്രത പാലിക്കുകയും വേണം എന്ന് പ്രവചനം വരുമ്പോൾ കരയിലെ ജനങ്ങൾ എന്താണ്ചെയ്യേണ്ടത് എന്ന് ജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും പോലീസിനും ഒരു പോലെ വ്യക്തമായ ധാരണകൾ ഉണ്ടായിരിക്കണം. നേരത്തെ സൂചിപ്പിച്ച പ്രവർത്തനത്തിനനുസൃതമായി ജാഗ്രത ഏതൊക്കെ തരത്തിൽ ആയിരിക്കണം? സുനാമിയുടെ തോത് പറയാത്തിടത്തോളം കടലോരത്ത് തുടർന്നുകൊണ്ട് ജാഗ്രത പാലിക്കൽ മാത്രം ചിലപ്പോൾ അപകടകരമാകാം. എന്നാൽ 10 മീറ്റർ വരെയുള്ള സുനാമി വരാൻ സാദ്ധ്യതയുണ്ട്; കടലിൽ പോകാതിരിക്കുകയും കടൽതീരത്തു നിന്നും മാറിനിൽക്കണമെന്നുമാണ് പ്രവചനമെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ആഘാതം എത്രയാണെന്ന് പഠനവിഷയമാക്കേണ്ടതുണ്ട്. കടൽതീരത്തുനിന്നും എത്ര ഉള്ളിലോട്ടുള്ള ജനങ്ങളാണ് ഒഴിഞ്ഞു പോകേണ്ടതെന്ന് ഇവിടെ വ്യക്തമല്ല. എന്നാൽ ഉടൻ നടപടി എടുക്കേണ്ടതുമുണ്ട്. അതുപോലെ 10 മീറ്റർ വരെയുള്ള തിര കരയിൽ എത്രത്തോളം പ്രവേശിക്കുമെന്നും ഇവിടെ വ്യക്തമല്ല. തീരത്തോടടുത്ത് 5 മീറ്ററോളം ഉള്ള സുനാമിത്തിരയാണ് ആലപ്പാട് റോഡിൽ 2 മീറ്ററോളം വെള്ളപ്പൊക്കമുണ്ടാക്കിയതും ഒരു കിലോമീറ്ററോളം ഉള്ളിലേക്കു കയറിയതും. 10 മീറ്റർ തിരയിൽ വെള്ളപ്പൊക്കം 4 മീറ്ററോ അതിൽക്കൂടുതലോ ആകാം. അപ്പോൾ കരയിൽ എത്ര ഉള്ളിലേക്ക് തിരത്തള്ളലുണ്ടാകുമെന്നത് കണക്കിലെടുത്താണ് ജനങ്ങളെ ഒഴിപ്പിക്കേണ്ടത്. ഇതും വളരെ പെട്ടെന്ന് (നിമിഷങ്ങൾക്കുള്ളിൽ) ചെയ്യേണ്ടിവരും. ഇതാണ് തീരദേശത്തേക്കു വേണ്ടിയുള്ള അനുബന്ധ പ്രവചനങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. ഇത് തികച്ചും പ്രാദേശികമായി ചെയ്യേണ്ടതുണ്ടെന്നതിനാൽ ഇതിന് മുൻകൂട്ടിയുള്ള സംവിധാനം ഒരുക്കുകയല്ലാതെ മാർഗമില്ല. ചുരുക്കത്തിൽ സുനാമിക്ക് മുമ്പ് തന്നെ രാജ്യാന്തരതലത്തിൽ മാത്രമല്ല പ്രാദേശിക തലത്തിലും പൂർണ്ണമായ തയ്യാറെടുപ്പ് ഉണ്ടായാലേ സുനാമി പ്രവചനം കൊണ്ടുള്ള പൂർണ്ണ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുകയുള്ളു. മറ്റൊരർത്ഥത്തിൽ എല്ലാ തലങ്ങളിലും നിതാന്ത ജാഗ്രത അത്യന്താപേക്ഷിതമാണ്.

പ്രവചനവും ഒഴിഞ്ഞുപോക്കും സുനാമി ആക്രമണത്തിൻെറ പശ്ചാത്തലത്തിൽ അനിവാര്യമാണെങ്കിലും ദീർഘകാലാടിസ്ഥാനത്തിലുള്ള തീരദേശ ആസൂത്രണവും പരിപാലനവും തന്നെയാണ് സ്ഥായിയായ പരിഹാരമാർഗ്ഗം. തീരനിയന്ത്രണ നിയമത്തിന്റെയും അതിലേറെയുമുള്ള പരിഗണനകളുടെയും അടിസ്ഥാനത്തിലുള്ള ആവാസവ്യവസ്ഥയും, തീരസംരക്ഷണ സംവിധാനങ്ങളും, തീരത്തുനിന്നു മാറി സംരക്ഷിത മേഖലയിലുള്ള ആവാസ സൗകര്യങ്ങളും, മറ്റ് ജീവസന്ധാരണത്തിനുള്ളതും മറ്റുമായ അടിസ്ഥാന സൗകര്യങ്ങളും, അപകടരഹിത ഷെൽറ്ററുകളും ചേർന്ന ഒരു മേഖലയാകണം തീരപ്രദേശം. ഇത് സുനാമിയിൽ നിന്നു മാത്രമല്ല അതിലധികം സാദ്ധ്യതയുള്ള ചുഴലിക്കൊടുങ്കാറ്റുകളിൽ നിന്നും കടലിൻെറ ഉയർന്നുകൊണ്ടിരിക്കുന്ന ജലനിരപ്പുമായി ബന്ധപ്പെട്ട കടലാക്രമണത്തിൽ നിന്നും ഭൂചലനങ്ങളിൽ നിന്നും എല്ലാറ്റിനുമുപരി വർഷാവർഷമുള്ള കടലാക്രമണത്തിൽ നിന്നും തീരദേശ ജനതയെ സംരക്ഷിക്കുന്നതിനുള്ള സ്ഥിരമായ സംവിധാനമായി മാറും. ●

# ഭൂമിയ്ക്കടിയിലെ അദൃശ്യശക്തി

എസ്. രാധാകൃഷ്ണൻ

**ഇന്ത്യൻ ഭൗമപാളി ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണശാലയായി മാറിയിരിക്കുന്നു. കഴിഞ്ഞ ഡിസംബർ 26-നുണ്ടായ ഭൂചലനത്തോടെ ശാസ്ത്രലോകത്തിന്റെ ആകാംക്ഷയും ആശങ്കയും പതിന്മടങ്ങു വർധിച്ചിരിക്കുകയാണ്. സുനാമി മുന്നറിയിപ്പു സംവിധാനം സ്ഥാപിച്ചാലും സമസ്യകൾ പിന്നെയും അവശേഷിക്കും. ഭൂമിയുടെ ഉല്പത്തി പോലും നിരീക്ഷിച്ചറിയാൻ ഇന്ത്യൻ ഭൗമപാളിയെക്കുറിച്ചുള്ള പഠനം സഹായിക്കുമെന്ന നിലയിലാണ് ഇപ്പോൾ കാര്യങ്ങൾ നീങ്ങുന്നത്.**



ബംഗാൾ, ഇൻഡസ് ബേസിനുകൾ.

സുമാത്രയെ പ്രകൃതി അതിന്റെ സർവശക്തിയുമെടുത്ത് പ്രഹരിച്ചത് ഇതാദ്യമായല്ല. ക്രാക്കത്തോവ് അഗ്നിപർവതം 1883 ഓഗസ്റ്റ് 27-ന് പൊട്ടിത്തെറിച്ചപ്പോൾ സൃഷ്ടിക്കപ്പെട്ട സുനാമികൾ എല്ലാ കടലും കടന്ന് എല്ലാ കരയിലും സാന്നിധ്യമറിയിച്ചത് സുമാത്രയിൽ നിന്നായിരുന്നു. അന്ന് അഗ്നിപർവതമായിരുന്നു കാരണമെങ്കിൽ ഇത്തവണ ഭൂചലനമാണെന്നുമാത്രം. സുമാത്രയിൽനിന്ന് അറേബ്യൻ ഉപഭൂഖണ്ഡത്തിലെ ഏദനിലെത്താൻ ഒരു ആവിക്കപ്പൽ 12 ദിവസമെടുക്കുമ്പോൾ അന്ന് സുനാമി തിര 12 മണിക്കൂർ കൊണ്ട് ഏദനിലെത്തി ശക്തി തെളിയിച്ചു.



ഇന്ത്യയിലും ആസ്ട്രേലിയയിലും അഗ്നിപർവതസ്ഫോടനം കേൾക്കാമായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു.


മനുഷ്യൻ ഭൂമിയെ ഭൂഖണ്ഡങ്ങളും മഹാസമുദ്രങ്ങളുമായി തരം തിരിച്ചിട്ടുണ്ട്. പക്ഷേ ആ തരംതിരിവിൽ പ്രകൃതി വിശ്വസിക്കുന്നില്ല. അതിലും വലുതായ വിഭജനങ്ങൾ വേണമെന്ന് പ്രകൃതി വാദിക്കുന്നു-ണ്ടെന്നതിനു തെളിവാണ് ഭൗമപാളികൾ. ഭൂമിയുടെ അന്തർഭാഗത്ത് തിളച്ചുമറിയുന്ന പദാർഥങ്ങൾക്ക് മുകളിലൂടെ ഭൂഖണ്ഡങ്ങളെയും സമുദ്രങ്ങളെയും വഹിച്ചുകൊണ്ട് തെന്നിനീങ്ങുകയാണ് ഇത്തരം ഭൗമപാളികൾ. ഇക്കഴിഞ്ഞ ഡിസംബർ 26-ന് സുമാത്രയിലെ ഭൂചലനത്തിൽ ഇന്ത്യൻ ഭൗമപാളി ബർമാപാളിയുടെ അടിയിലേയ്ക്ക് ഇടിച്ചു കയറിയെന്ന് നാം വായിച്ചു. ഇന്ത്യൻ പാളി പ്രതിവർഷം ആറു സെന്റീമീറ്റർ എന്ന കണക്കിൽ വടക്കോട്ടു നീങ്ങുന്നുണ്ടെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. അതേ വേഗതയിലാണ് ആസ്ട്രേലിയൻ പാളിയുടെ ഗതി. ഇതിനിടയിൽ പെട്ട് ഞെരുങ്ങുകയാണു ബർമാ പാളി. തമ്മിൽ ഉരസിയും തള്ളിയും കഴിയുമ്പോഴുണ്ടാകുന്ന ശക്തിയുടെ പ്രഭവകേന്ദ്രത്തിലാണ് സുമാത്ര സ്ഥിതി ചെയ്യുന്നത്. ഡിസംബർ ഇരുപത്തിയാറിലെ ഭൂചലനത്തിന് പത്തുലക്ഷം അണുബോംബുകളുടെ ശക്തിയുണ്ടായിരുന്നുവെന്ന് ശാസ്ത്രജ്ഞർ പറയുന്നത് വെറുതെയല്ല.

ഭൂമിയ്ക്ക് പ്രധാനമായും 13 പാളികളുണ്ടെന്നാണ് ശാസ്ത്രജ്ഞർ കണക്കാക്കിയിരിക്കുന്നത്. ഇതിനുപുറമെ നിരവധി ചെറു പാളികളുമുണ്ട്. പ്രാചീനകാലം മുതൽക്കുതന്നെ ഈ പാളികൾ യാത്രയിലാണ്. പാലിയോ മാഗ്നറ്റിക് ശക്തിയെന്ന കാന്തികശക്തിക്കു വഴങ്ങി അന്തർഭാഗത്തു തിളച്ചുമറിയുന്ന ദ്രാവകത്തിന്റെ സ്വഭാവമനുസരിച്ചാണ് ഈ യാത്ര. പണ്ട് ഓസ്ട്രേലിയൻ പാളിയുടെ ഭാഗമെന്നു കരുതപ്പെട്ടിരുന്ന ഇന്ത്യൻ പാളി പിണങ്ങി സ്വന്തം ഗതി തീരുമാനിക്കുകയായിരുന്നു. അങ്ങനെ വടക്കോട്ടു നീങ്ങി വിശാലമായ യൂറേഷ്യൻ പാളിയുമായി ചങ്ങാത്തം സ്ഥാപിച്ചിരിക്കുകയാണ്. ഈ സ്നേഹപ്രകടനത്തിൽനിന്ന് ജന്മമെടുത്തതാണ് ഹിമാലയൻ പർവതനിരകളും ടിബറ്റൻ പീഠഭൂമിയുമൊക്കെ. ഹിമാലയം തലപൊക്കിയപ്പോൾ ഊർന്നിറങ്ങിയ മണ്ണും പാറയുമൊക്കെ ഒലിച്ചെത്തിയത് ബംഗാൾ ഉൾക്കടലിലും അറബിക്കടലിലുമാണ്. രണ്ടു കടലിലുമായി നൂറുകണക്കിനു കിലോമീറ്റർ നീളത്തിലാണ് ഇവ അടിഞ്ഞുകൂടിയിരിക്കുന്നത്.

ആസ്ട്രേലിയൻ പാളിയിൽനിന്നു മാറിയാണു യാത്രയെങ്കിലും തെക്കുഭാഗത്ത് ആസ്ട്രേലിയൻ പാളി ഇന്ത്യൻ പാളിയുടെ നേർക്കാണു സഞ്ചരിക്കുന്നതെന്ന് അമേരിക്കയിൽ നോർത്ത് വെസ്റ്റേൺ സർവകലാശാലയിലെ ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നു. ഭാവിയിൽ കൂടുതൽ സമ്മർദ്ദങ്ങൾക്ക് ഇത് ഇടയാക്കും. പക്ഷേ വടക്കുഭാഗത്ത് ആസ്ട്രേലിയൻ പാളി ഇന്ത്യൻ പാളിയിൽനിന്ന് അകന്നുകൊണ്ടിരിക്കുകയാണത്രെ. ഭൗമപാളികളുടെ കൂടിച്ചേരലും വിട്ടുപോകലുമൊക്കെ ഒന്നുകിൽ കരയിൽ അല്ലെങ്കിൽ സമുദ്രാന്തർഭാഗത്താണ് നടക്കുന്നത്. ഇന്ത്യൻ പാളി വടക്ക് യൂറേഷ്യൻ പാളിയുമായി കൂടിച്ചേരുന്ന ഹിമാലയൻഭാഗത്ത് അതിശക്തമായ സമ്മർദ്ദമുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ ഭൂകമ്പസാധ്യതയുള്ള ഭാഗങ്ങളിലൊന്നാണിത്. ബർമാ പാളിയും ആസ്ട്രേലിയൻ പാളിയുമായി ഇന്ത്യൻ പാളി പ്രതിപ്രവർത്തിക്കുന്ന ഭാഗം കടലിനടിയിലാണ്. കൂട്ടിയിടിക്കുമ്പോൾ ഭൂഭാഗം ഉയരുകയോ വേർപെടുമ്പോൾ ലാവാപ്രവാഹത്തിൽ പുതിയ ഭൂഭാഗം സൃഷ്ടിക്കപ്പെടുകയോ ചെയ്യാം. രണ്ടുമല്ലെങ്കിൽ രണ്ടു പാളികളും ഒന്നിച്ചു തിരശ്ചീനമായി നീങ്ങാം. അഗ്നിപർവതമായാലും ഭൂചലനമായാലും ഇവിടെനിന്ന് സുനാമി ഉറപ്പാണ്. അതുകൊണ്ടുതന്നെയാണ് ഇന്ത്യൻ മഹാസമുദ്രത്തിൽ സുനാമി മുന്നറിയിപ്പു സംവിധാനം വേണമെന്ന് ശാസ്ത്രജ്ഞർ വാദിക്കുന്നത്. മാത്രമല്ല ഈ ഭാഗത്ത്

**ഭൂമിയിലെ പ്രധാന ഭൂപാളികളും അവയുടെ വിസ്തീർണവും**

| പ്ളേറ്റ് | വിസ്തീർണം ($km^2$) | പ്ളേറ്റ് | വിസ്തീർണം ($km^2$) |
|---|---|---|---|
| പസഫിക് | 103,300,000 | സ്കോഷ്യ | 1,600,000 |
| വടക്കെ അമേരിക്കൻ | 75,900,000 | ബർമ മൈക്രോപ്ളേറ്റ് | 1,100,000 |
| യൂറേഷ്യൻ | 67,800,000 | ഫിജി മൈക്രോപ്ളേറ്റ് | 1,100,000 |
| ആഫ്രിക്കൻ | 61,300,000 | ടോംഗ മൈക്രോപ്ളേറ്റ് | 960,000 |
| അന്റാർട്ടിക് | 60,900,000 | മരിയാന മൈക്രോപ്ളേറ്റ് | 360,000 |
| ആസ്ട്രേലിയൻ | 47,000,000 | ബിസ്മാർക് മൈക്രോപ്ളേറ്റ് | 300,000 |
| തെക്കെ അമേരിക്കൻ | 43,600,000 | ജുവാൻ ഡിഫൂക്ക | 250,000 |
| സൊമാലി | 16,700,000 | സോളമൻ മൈക്രോപ്ളേറ്റ് | 250,000 |
| നാസ്ക | 15,600,000 | സൗത്ത് സാൻവിച്ച് മൈക്രോപ്ളേറ്റ് | 170,000 |
| ഇന്ത്യൻ | 11,900,000 | ഈസ്റ്റർ മൈക്രോപ്ളേറ്റ് | 130,000 |
| ഫിലിപൈൻ | 5,500,000 | ജുവാൻ ഫെർണാണ്ടസ് മൈക്രോപ്ളേറ്റ് | 96,000 |
| അറേബ്യൻ | 5,000,000 | റിവെറാ മൈക്രോപ്ളേറ്റ് | 73,000 |
| കരീബിയൻ | 3,300,000 | ഗോഡ്ര മൈക്രോപ്ളേറ്റ് | 70,000 |
| കോക്കോസ് | 2,900,000 | എക്സ്പ്ളോറർ മൈക്രോപ്ളേറ്റ് | 18,000 |
| കരോലിൻ മൈക്രോപ്ളേറ്റ് | 1,700,000 | ഗലപാഗസ് മൈക്രോപ്ളേറ്റ് | 12,000 |



ഭൂമിയുടെ പ്രധാന പാളികൾ.



ലഡാക്കിലെ പാംഗ്ഗോങ് തടാകം. പശ്ചാത്തലത്തിൽ വിശാലമായ ടിബറ്റൻ പീഠഭൂമി.

സമുദ്രത്തിന് ശരാശരി ആഴം പത്തു കിലോമീറ്ററാണ്. അതുകൊണ്ടുതന്നെ സുനാമിതിരകൾ ഉപരിതലത്തോട് അടുത്തുവരികയും ചെയ്യും.

ഇന്ത്യൻ പാളിയുടെ ആവിർഭാവം ഭൂമിയുടെ ചരിത്രത്തിലെ നാഴികക്കല്ലാണെന്ന് ടെക്സാസ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ വിലയിരുത്തുന്നു. ഹിമാലയത്തെ സൃഷ്ടിക്കാൻ ഇന്ത്യൻ പാളിക്കു കഴിഞ്ഞെങ്കിൽ ഗ്രേറ്റർ സൊമാലിയ എന്ന ഭാഗത്തെ വർഷങ്ങൾക്കുമുമ്പുതന്നെ ഇല്ലാതാക്കാനും ഈ പാളിക്കു കഴിഞ്ഞു. 50 മൈൽ കനത്തിലുള്ള പാളി തെന്നി നീങ്ങുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വലുതാണ്. അരികുകളിലെല്ലാം സമ്മർദ്ദങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഇന്ത്യൻ പാളിയുടെ യാത്ര. ഡിസംബർ 26-ന് ബർമാ പാളിയ്ക്കടിയിലേയ്ക്ക് ഇന്ത്യൻ പാളി ഇടിച്ചു കയറിയപ്പോൾ ബർമാ പാളിയിലെ ചില ഭൂഭാഗങ്ങൾ ഉയരുകയും ആന്റമാൻ ദ്വീപസമൂഹത്തിലെ ചില ഭാഗങ്ങൾ അടക്കം ഇന്ത്യൻ പാളിയിലെ ഭൂവിഭാഗങ്ങൾ താഴുകയും ചെയ്തു. ഇത്തരം മാറ്റങ്ങൾ ഇന്ത്യൻ പാളിയെ ഭൗമപരീക്ഷണശാലയാക്കി മാറ്റിയിരിക്കുകയാണ്. പ്രാചീന കാലത്തെ ദക്ഷിണഭൂഭാഗമായ ഗോണ്ട്വാനയിൽനിന്ന് വിട്ടുമാറി സഞ്ചരിക്കവെ ഇന്ത്യ സൊമാലിയ വഴി ആഫ്രിക്കയുമായി ബന്ധം സ്ഥാപിച്ചെടുത്തുവെന്ന് ശാസ്ത്രലോകം കരുതുന്നു. ആഫ്രിക്കയിൽനിന്ന് സൊമാലിയ വഴി ദിനോസറുകൾ ഇന്ത്യയിലേയ്ക്ക് വന്നിട്ടുണ്ടാകാമെന്നും കരുതപ്പെടുന്നു. പിന്നീട് ഇന്ത്യ വടക്കോട്ട് യാത്ര തുടരുകയായിരുന്നു. തുടർന്നാണ് ഏഷ്യയുമായി കൂടിച്ചേർന്നത്. ഇത് അഞ്ചരക്കോടി വർഷം മുമ്പാണ്. അന്ന് ഏഷ്യയ്ക്കും ഇന്ത്യയ്ക്കും ഇടയിലുണ്ടായിരുന്ന ടെത്തിസ് കടൽ ഈ കൂടിച്ചേരലിനെത്തുടർന്ന് അപ്രത്യക്ഷമായി. ഈ പ്രക്രിയ ഒന്നരക്കോടി വർഷം നീണ്ടുനിന്നു. ഈ പ്രദേശത്താണ് പീഠഭൂമിയും പർവതങ്ങളുമുണ്ടായത്. ലോകത്തിന്റെ മേൽക്കൂരയെന്നറിയപ്പെടുന്ന ഹിമാലയ പർവതനിരകളിലും തൊട്ടടുത്തുള്ള പീഠഭൂമികളിലുമുള്ള പാറക്കെട്ടുകളെ പൊതിഞ്ഞിരിക്കുന്നത് ചുണ്ണാമ്പുകല്ലാണ്. കടൽജീവികളുടെ അവശിഷ്ടങ്ങൾ ഈ ഭൂഭാഗത്ത് സുലഭമാണ്. ഏറെക്കാലം ഇത് ഒരു കടങ്കഥയായി അവശേഷിച്ചു. പിന്നീടാണ് ഹിമാലയത്തിന്റെ ഉത്ഭവത്തിനു ചുരുളഴിയാൻ തുടങ്ങിയത്. ഹിമാലയ പർവതനിരകൾ സൃഷ്ടിക്കപ്പെടുന്നതിനൊപ്പം തന്നെ അതിൽനിന്നുള്ള അവശിഷ്ടങ്ങൾ ബംഗാൾ ഉൾക്കടലിൽ നിക്ഷേപിക്കപ്പെടുകയും ബംഗാൾ ബേസിൻ ഉത്ഭവിക്കുകയും ചെയ്തു. ഇപ്പോൾ പഠനങ്ങൾ വെളിപ്പെടുത്തുന്നത് ഇന്ത്യൻ പാളിയുടെ ചലനം അല്പം കിഴക്കോട്ടു മാറിയിട്ടുണ്ടെന്നാണ്. ടിബറ്റിന്റെ തലസ്ഥാനമായ ലാസ ഓരോ വർഷവും 13 മില്ലീമീറ്റർ കണ്ട് കിഴക്കോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണത്രെ. ഇന്ത്യൻ പാളി ഇങ്ങനെ ചെയ്യുമ്പോൾ അതിന്റെ തെക്കുഭാഗത്ത് ആസ്ട്രേലിയൻ പാളിയുമായി സംഘട്ടനത്തിനു സാധ്യത വർധിക്കുന്നു. സുമാത്ര അങ്ങനെയാണ് ലോകത്ത് ഏറ്റവുമധികം ഭൂകമ്പസാധ്യതയുള്ള പ്രദേശങ്ങളിലൊന്നായി മാറുന്നത്.

ഇന്ത്യൻ പാളിയുടെ ഈ ചലനങ്ങൾ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാകുന്നത് പല രീതിയിലാണ്. ഇന്ത്യൻ പാളിയുടെ വടക്കുഭാഗവും കിഴക്കുഭാഗവും ഭൂചലനത്തെക്കുറിച്ചുള്ള പഠനങ്ങൾക്കു കേന്ദ്രമാകുമ്പോൾ ഹിമാലയവും ടിബറ്റുമൊക്കെ മറ്റു തരത്തിലുള്ള പല പഠനങ്ങളിലേയ്ക്ക് ലോകത്തിന്റെ ശ്രദ്ധയാകർഷിക്കുന്നു. ബംഗാൾ ഉൾക്കടലും അറബിക്കടലും ഭൂമിയെക്കുറിച്ചുള്ള പഠനങ്ങൾക്ക് വമ്പിച്ച വിഭവങ്ങളാണു നൽകുന്നത്. ഇന്ത്യൻപാളി യൂറേഷ്യൻ പാളിയുമായി സന്ധിച്ച് ഹിമാലയത്തിനും ടിബറ്റിനും ജന്മം നൽകിയപ്പോൾ അവിടെനിന്ന് ഈ കടലുകളിലേയ്ക്ക് ഒഴുകിയിറങ്ങിയ മണ്ണും പാറയും ജൈവവസ്തുക്കളും ഈ വിഭവങ്ങൾക്കുള്ള ഉറവിടങ്ങളായി. ബംഗാൾ ബേസിനിൽ 22 കിലോമീറ്റർ കനത്തിൽ ഇങ്ങനെ വസ്തുക്കൾ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യൻ പാളി ഏഷ്യൻ പാളിയുമായി കൂട്ടിയിടിക്കുന്ന കാലം മുതലുള്ള വസ്തുക്കൾ ഇതിലുണ്ട്. സമുദ്രത്തിലേയ്ക്ക് 2500 കിലോമീറ്റർ നീളത്തിൽ പരന്നുകിടക്കുന്ന ഈ ഭാഗം ഇത്തരത്തിൽ ലോകത്തിലുള്ള ഏറ്റവും വലിയ നിക്ഷേപഭൂമികളിലൊന്നാണ്. അറബിക്കടലിൽ ഇതേ രീതിയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഇൻഡസ് ഫാൻ എന്ന ഭൂഭാഗവും ചെറുതല്ല. പത്തു കിലോമീറ്റർ കനത്തിൽ 1500 കിലോമീറ്റർ ഭാഗത്തായാണ് ഈ നിക്ഷേപമുള്ളത്. ഹിമാലയത്തിന് ഉയരം വർധിക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ പഠിക്കാൻ ഈ ഭൂഭാഗങ്ങൾ അനുയോജ്യമാണെന്നാണ് ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നത്.

ഇതൊക്കെയാണ് ഇന്ത്യൻ പാളിയെ ശാസ്ത്രജ്ഞർ കൗതുകത്തോടെ വീക്ഷിക്കാൻ കാരണം. പാളിക്കുള്ളിലെ ഭൂഭാഗം താരതമ്യേന സുരക്ഷിതമാണെന്ന് ശാസ്ത്രലോകം വിധിയെഴുതിയതാണ്. പക്ഷേ ലത്തൂർ സംഭവം ആ ധാരണകളെ തിരുത്തിക്കുറിച്ചു. കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന അഗ്നിപർവത സ്ഫോടനം മൂലമുണ്ടായ സുനാമി ഇന്തോനേഷ്യയിൽമാത്രം നശിപ്പിച്ചത് 36,000 മനുഷ്യജീവനുകളെയായിരുന്നു. ഇപ്പോഴിതാ മരണസംഖ്യ 1,60,000 കവിഞ്ഞിരിക്കുന്നു. ഇതൊക്കെ ഞൊടിയിടയ്ക്കുള്ളിൽ നടക്കുന്നതുകൊണ്ട് മനുഷ്യൻ ഓർത്തിരിക്കുന്നു. പക്ഷേ ആയിരക്കണക്കിനു സംവത്സരങ്ങൾ നീളുന്ന സംഭവഗതികളാണ് ഇന്ത്യൻ പാളിയിൽ നടക്കുന്നത്. അതിന്റെ കണക്കെടുപ്പിലാണ് ഇപ്പോൾ നാം. ●





# മനുഷ്യൻ മനസ്സ് കോർത്തുപിടിച്ച മണിക്കൂറുകൾ

എം. എ. വിൻസെന്റ്



വികസനത്തിന്റെ വേലിയേറ്റം കടന്നു വരുന്ന ഗോശ്രീ പാലങ്ങൾക്കപ്പുറമാണ് വൈപ്പിൻകര. ലോകത്തുതന്നെ ഏറ്റവും ജനസാന്ദ്രമായ പ്രദേശം. ഡിസംബർ 26ന്റെ പൂർവാഹ്നത്തിൽ വൈപ്പിൻ മേഖലയിൽ സുനാമിത്തിരകൾ ആഞ്ഞടിച്ചു. മനുഷ്യൻ മനസ്സ് കോർത്തുപിടിച്ച് മനുഷ്യനെ രക്ഷയുടെ തീരത്തടുപ്പിച്ച മണിക്കൂറുകളായിരുന്നു തുടർന്ന് വന്നത്.

വൈപ്പിൻകരയിൽ നിന്ന് മൂന്ന് ഗോശ്രീ പാലങ്ങൾ കടന്ന് പേടിച്ചോടിയ മനുഷ്യർ കൊച്ചി നഗരത്തിൽ അഭയം തേടി. ചെല്ലാനം ഭാഗത്തു നിന്നുള്ളവർ കുമ്പളങ്ങി പ്രദേശത്തേക്ക് പോയി.

വൈപ്പിൻകര, എറണാകുളം, കുമ്പളങ്ങി പ്രദേശങ്ങളിലായി 44 ദുരിതാശ്വാസ ക്യാമ്പുകളാണ് ഉടനടി രൂപം കൊണ്ടത്. 15000 ത്തോളം പേർ ക്യാമ്പുകളിലെത്തി.

ജില്ലാ കളക്ടർ എ.പി.എം. മുഹമ്മദ് ഹനീഷിന്റെ നേതൃത്വത്തിലുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് ഉണർന്നു പ്രവർത്തിച്ചു. പോലീസും ഫയർ ആന്റ് റെസ്ക്യൂ സർവീസും സജീവമായി. മൂന്നും നാലും ക്യാമ്പുകളുടെ മേൽനോട്ടം ജില്ലാ തല ഉദ്യോഗസ്ഥർക്ക് വീതിച്ചു നൽകി. അവർ ക്യാമ്പുകളിലെത്തി കുറവുകൾ അപ്പപ്പോൾ കളക്ടർക്ക് റിപ്പോർട്ട് ചെയ്തു. പള്ളുരുത്തി മണ്ഡലത്തിന്റെ പ്രതിനിധി കൂടിയായ ഫിഷറീസ്- സ്പോർട്ട്സ് വകുപ്പു മന്ത്രി ഡൊമനിക് പ്രസന്റേഷൻ തീരം മുഴുവൻ ഓടി നടന്ന് ദുരിതബാധിതർക്ക് ആത്മധൈര്യം പകർന്നു. തുടർച്ചയായ അവലോകനങ്ങളിലൂടെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പാളിച്ചയൊന്നുമുണ്ടാകാതെ നോക്കി. വൈപ്പിൻമേഖല ഉൾപ്പെടുന്ന ഞാറയ്ക്കൽ എം.എൽ.എ. ഡോ. എം.എ. കുട്ടപ്പൻ മണ്ഡലത്തിൽ ക്യാമ്പ് ചെയ്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ജില്ലയിലെ മറ്റ് എം.എൽ.എ മാരും ജനപ്രതിനിധികളും ഒത്തൊരുമയോടെ പ്രവർത്തിച്ചു.

കൊച്ചിയുടെ ചരിത്രത്തിൽ ഇത്രമാത്രം മാനസിക ഐക്യം ദൃശ്യമായ ദുരിതാശ്വാസ പ്രവർത്തനം ഇതിനു മുമ്പുണ്ടായിക്കാണില്ല. സന്നദ്ധ സംഘടനകൾ

## സുനാമി ഇതുവരെ

| നം. | സുനാമി ഉണ്ടായ വർഷം | ഉത്ഭവ സ്ഥലം | ആക്രമണത്തിനിരയായ സ്ഥലങ്ങൾ |
|---|---|---|---|
| 1. | ബി.സി. 479 | ഏജിയൻ സമുദ്രാന്തർഭാഗം | ഗ്രീസ് |
| 2. | എ.ഡി. 900 | ഇന്ത്യൻ മഹാസമുദ്രം | നാഗപട്ടണം (ഭാരതം) |
| 3. | എ.ഡി. 1200 | ഇന്ത്യൻ മഹാസമുദ്രം | മഹാബലിപുരം |
| 4. | എ.ഡി. 1775 | ലിസ്ബൺ | സ്പെയിൻ, പോർച്ചുഗൽ, വടക്കെ ആഫ്രിക്ക |
| 5. | എ.ഡി. 1865 ആഗസ്റ്റ് 13 | പസഫിക് | ചിലി |
| 6. | എ.ഡി. 1868 ഏപ്രിൽ 2 | പസഫിക് | ഹവായ് ദ്വീപ് |
| 7. | എ.ഡി. 1881 ഡിസംബർ 31 | ബംഗാൾ ഉൾക്കടൽ | ആൻമാൻ - നിക്കോബാർ ദ്വീപുകൾ, ബംഗാളിന്റെ കിഴക്കൻ തീരങ്ങൾ |
| 8. | എ.ഡി. 1883 ആഗസ്റ്റ് 27 | ക്രാക്കത്തോവ് | ഇന്തോനേഷ്യ |
| 9. | എ.ഡി. 1896 | പസഫിക് | ഹോൺഷു (ജപ്പാൻ) |
| 10. | എ.ഡി. 1906 ജനുവരി 31 | പസഫിക് | ഇക്വഡോർ, കൊളംബിയ |
| 11. | എ.ഡി. 1929 നവംബർ 18 | ഗ്രാന്റ് ബാങ്ക് | കാനഡ |
| 12. | എ.ഡി. 1941 ജൂൺ 26 | ബംഗാൾ ഉൾക്കടൽ | ആൻഡമാൻ - നിക്കോബാർ ദ്വീപുകൾ |
| 13. | എ.ഡി. 1946 ഏപ്രിൽ 1 | പസഫിക് | അലോഷ്യൻ ദ്വീപ് (അലാസ്ക) |
| 14. | എ.ഡി. 1952 നവംബർ 4 | പസഫിക് | കംചതാക (റഷ്യ) |
| 15. | എ.ഡി. 1957 മാർച്ച് 9 | പസഫിക് | അലോഷ്യൻ ദ്വീപ് |
| 16. | എ.ഡി. 1960 മേയ് 22 | പസഫിക് | ചിലി, ഹവായ് ദ്വീപ് |
| 17. | എ.ഡി. 1964 മാർച്ച് 28 | പസഫിക് | തെക്കുകിഴക്കൻ അലാസ്ക, വാൻക്യൂവർ, ബ്രിട്ടീഷ്, കൊളംബിയ |
| 18. | എ.ഡി. 1976 ആഗസ്റ്റ് 16 | പസഫിക് | ഫിലിപ്പൈൻസ് |
| 19. | എ.ഡി. 2004 ഡിസംബർ 26 | ഇന്ത്യൻ മഹാസമുദ്രം | മലേഷ്യ, തായ്‌ലന്റ്, ശ്രീലങ്ക, ഇന്ത്യ, മാലിദ്വീപുകൾ, ഇന്തോനേഷ്യ, മ്യാൻമർ, ബംഗ്ളാദേശ് |

കൈമെയ് മറന്ന് സഹായത്തിനിറങ്ങി. ദുരിതാശ്വാസ ക്യാമ്പുകളിൽ ആവശ്യമായ ഭക്ഷണം, വസ്ത്രം, മരുന്നുകൾ, കുടിവെള്ളം എന്നിവ കൃത്യമായെത്തിക്കാൻ അധികൃതർക്ക് കഴിഞ്ഞു. ആരോഗ്യവകുപ്പിന്റെ പ്രവർത്തനം ഏറെ ശ്രദ്ധേയമായി. ഒരു ക്യാമ്പിൽ നിന്നു പോലും പകർച്ചവ്യാധിയുടെ റിപ്പോർട്ടുണ്ടായില്ല.

വൈപ്പിൻകരയിലെ അഞ്ചുപേരുടെ ജീവൻ സുനാമി കവർന്നു. രണ്ടുകുട്ടികളും മൂന്നു സ്ത്രീകളും. മരിച്ചവരുടെ ബന്ധുക്കൾക്കും പരിക്കേറ്റവർക്കും അടിയന്തര സഹായമെത്തിക്കാൻ അധികൃതർക്കായി.

ജനുവരി ആദ്യവാരത്തിൽതന്നെ ക്യാമ്പുകളിലുള്ളവർ സ്വന്തം വീടുകളിലേക്ക് മടങ്ങി. പൂർണ്ണമായി വീട് നഷ്ടമായവർക്ക് താത്കാലിക വീടുകൾ നിർമിക്കാൻ 7500 രൂപ വീതം രൊക്കം പണമായി നൽകി. ക്യാമ്പിലുള്ളവർ വീടുകളിലേക്ക് മടങ്ങുംമുമ്പ് തന്നെ തീരം വൃത്തിയാക്കാൻ അധികൃതർ പ്രത്യേകം ശ്രദ്ധവച്ചു. തീരത്ത് മത്സ്യബന്ധനോപകരണങ്ങൾ നഷ്ടമായവർക്ക് അവ വിതരണം ചെയ്തു. ചട്ടിയും കലവുമുൾപ്പെടെ വീട്ടുപകരണങ്ങൾ ഉൾക്കൊള്ളുന്ന രണ്ടായിരത്തോളം കിറ്റുകൾ തീരത്തെ ദുരിതബാധിതരുടെ വീടുകളിലെത്തിച്ചു. അവർക്ക് പുതിയ ജീവിതം തുടങ്ങാനും, മനസ്സിന് ശക്തി പകരാനുമുള്ള പരിശ്രമങ്ങൾ തുടരുകയാണ്.



എറണാകുളത്ത് എടവനക്കാട് തകർന്ന വീടിനുമുന്നിൽ ഉമ്മൻചാണ്ടി

*കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്തിലെ കൊളാവി കടപ്പുറഅഴിമുഖവും കോട്ടപ്പുഴയോരവും ഇന്ന് ഏക്കർ കണക്കിന് കണ്ടൽകാടുകൾ കൊണ്ട് സമൃദ്ധം. കഴിഞ്ഞ ആറുവർഷമായുള്ള നിസ്വാർത്ഥ പ്രവർത്തനത്തിലൂടെ നേടിയ ഈ നേട്ടത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തിൽ ചരിത്രം കുറിക്കുകയാണ് ഈ ഗ്രാമം.*

# കണ്ടലിന്റെ വഴിയേ തീരം...

**ബൈജു ഇരിങ്ങൽ**

കടലാമസംരക്ഷണത്തിലൂടെ ലോകശ്രദ്ധ തന്നെ പിടിച്ചുപറ്റിയ കൊളാവി കടപ്പുറത്തെ 'തീരം' പ്രകൃതി സംരക്ഷണസമിതിക്കാർ കണ്ടൽകാടുകൾ നട്ടുപിടിപ്പിക്കുന്നതിലും നഴ്സറിയായി അത് വ്യാപിപ്പിക്കുന്നതിലും വിജയം കണ്ടെത്തുന്നു. കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്തിലെ കൊളാവി കടപ്പുറഅഴിമുഖവും കോട്ടപ്പുഴയോരവും ഇന്ന് ഏക്കർ കണക്കിന് കണ്ടൽകാടുകൾകൊണ്ട് സമൃദ്ധമാണ്. കണ്ടൽ വനങ്ങൾ നഴ്സറിയായി വിപുലപ്പെടുത്തുന്നതിൽ തീരം പ്രകൃതി സംരക്ഷണ സമിതിക്ക് നിസ്വാർത്ഥരായ 12 പേരടങ്ങുന്ന യുവാക്കളുടെ ശക്തമായ താങ്ങും തണലുമുണ്ട്; സർവോപരി, നാട്ടുകാരുടെ പിന്തുണയും.

പ്രകൃതി സന്തുലിതാവസ്ഥ നിയന്ത്രിക്കുന്നതിലും അന്തരീക്ഷ താപനില ക്രമീകരിക്കുന്നതിലും കണ്ടലുകൾ വഹിക്കുന്ന പങ്ക് വലിയൊരളവോളമാണ്. കൂടാതെ മണ്ണൊലിപ്പു തടയുന്നതിലും പുഴയുടെ ജല-ജൈവ വൈവിധ്യം നിലനിർത്തുന്നതിലും മത്സ്യങ്ങളുടെ പ്രജനനകേന്ദ്രമായി വർത്തിക്കുന്നതിലും കണ്ടൽകാടുകൾക്കുള്ള പങ്ക് വിവരണാതീതമാണ്. എന്നാൽ, കണ്ടൽ വനങ്ങൾ നല്ലൊരു തേൻവളർത്തു കേന്ദ്രം കൂടിയാണെന്ന കാര്യം പലരും വിസ്മരിക്കുന്നു. 'പ്രസവിക്കുന്ന സസ്യം' എന്ന പേരിൽ അറിയപ്പെടുന്ന കണ്ടൽ കൊളാവി പ്രദേശത്ത് എട്ടു തരമുണ്ട്. ചുള്ളിക്കണ്ടൽ (Acanthus Illierfolis), ഉപ്പട്ടിക്കണ്ടൽ (Avicellnnia Officinalls), പ്രാന്തൻകണ്ടൽ (Rhiwophora Mucronata), നക്ഷത്രക്കണ്ടൽ(Somcratia alba), പെൻസിൽകണ്ടൽ അഥവാ കുറ്റിക്കണ്ടൽ (Bruguiera Cylendrica), വള്ളിക്കണ്ടൽ (Derris Duliginosa), എഴുത്താണിക്കണ്ടൽ (Kandalia Cendel), ചൊനക്കണ്ടൽ എന്നിങ്ങനെയാണവ. ഇവയിലാദ്യത്തെ അഞ്ചെണ്ണം നട്ടുപിടിപ്പിച്ചവയിൽ പെടുന്നു.

1998-ൽ കൊളാവി അഴിമുഖത്ത് ഒന്നര ഏക്കറിൽ പ്രാന്തൻ കണ്ടൽ നട്ടുപിടിപ്പിച്ചാണ് തുടക്കം. തുടർന്ന് രണ്ടുവർഷത്തിനകം മൂന്നര ഏക്കറോളമായി വ്യാപിപ്പിക്കാൻ കഴിഞ്ഞു. പിന്നീട് കണ്ടൽകാടുകളെക്കുറിച്ചുള്ള കൂടുതൽ അറിവുകൾ ടീമിന് ലഭിച്ചതോടെ നഴ്സറി ആയി നടത്തിയാലെന്ത് എന്ന ചിന്തയായി. അങ്ങനെ കോട്ടപ്പുഴയോരത്ത് ബെൽറ്റ് രൂപത്തിൽ രണ്ട് ഏക്കറിലും പഴയ അഴിമുഖത്തുരുത്തിൽ രണ്ട് ഏക്കറിലുമായി മൊത്തം ഏഴര ഏക്കറിൽ ഇന്ന് കണ്ടൽകാടുകൾ നഴ്സറിയായി മത്സരിച്ചു വളരുന്നു.

കണ്ടൽ നഴ്സറിയായി തുടങ്ങാൻ പയ്യോളി ഗ്രാമപഞ്ചായത്തിന്റെയും വനംവകുപ്പിന്റെയും ധനസഹായം ലഭിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഹരിതകേരളം പരിപാടിയുടെ ഭാഗമായി ആയിരക്കണക്കിന് കണ്ടൽ തൈകളും നൂറുകണക്കിന് വൃക്ഷത്തൈകളും 'തീരം' ഒരുക്കി കൊയിലാണ്ടി ഗവൺമെന്റ് കോളേജിലെ എൻ.എസ്.എസ്. വോളണ്ടിയർമാരെയും നാട്ടുകാരെയും സംഘടിപ്പിച്ച് നാടിന്റെ നാനാഭാഗങ്ങളിൽ എത്തിച്ച് യോഗ്യമായ സ്ഥലത്ത് നട്ടുപിടിപ്പിച്ചതും തുടർന്ന് മൂന്ന് ദിവസത്തെ പഠനക്യാമ്പും സ്ലൈഡ് പ്രദർശനവും നടത്തിയതുമായ കാര്യങ്ങൾ 'തീരം'സംരക്ഷണസമിതിക്കാർ അഭിമാനത്തോടെ പറയുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ



'തീരം' പ്രകൃതി സംരക്ഷണസമിതി അംഗങ്ങൾ കണ്ടൽതൈകൾ നടുന്നു



കണ്ടൽകാടുകളുള്ളത് കണ്ണൂർ ജില്ലയിലെ ഏഴിമലയ്ക്കടുത്തുള്ള കുഞ്ഞിമംഗലത്താണ്. അതുകഴിഞ്ഞാൽ കോട്ടയത്തെ കുമരകം. മൂന്നാംസ്ഥാനം കോഴിക്കോട് ജില്ലയ്ക്കാണ്. കടലുണ്ടിയിലും കല്ലായിയിലും കൂടുതൽ കണ്ടലുകൾ. എന്നാൽ കണ്ടൽ വനങ്ങൾ നഴ്സറിയായി വ്യാപിപ്പിക്കുന്നതിൽ കേരളത്തിൽ ഒന്നാംസ്ഥാനം കൊളാവി കടപ്പുറത്തെ കണ്ടലുകൾക്കാണ്. (കേരളത്തിൽ ഇതുപോലെ മറ്റൊന്ന് ഇല്ലെന്ന് നിസ്സംശയം പറയാം.)

കണ്ടൽകാടുകൾ ഫെബ്രുവരി-മാർച്ച് മാസത്തിലാണ് പൂക്കുന്നത്. മെയ്-ജൂൺ മാസമായാൽ വിത്തു പാകമായി, കണ്ടൽതൈകൾ റെഡിയാകും. പിന്നെ ഇതിന്റെ പ്രവർത്തകർക്ക് വിശ്രമമില്ല. പറിച്ചുനടലും പോളിത്തീൻ കവറുകളിലാക്കലും കണ്ടലിന് ചുറ്റും കുറ്റിയടിക്കലുമടക്കം മാസങ്ങളോളം ഭാരിച്ച ജോലി, ഉത്തരവാദിത്തം... ഇങ്ങനെ നീളുന്നു കൊളാവി കടപ്പുറത്തെ കണ്ടൽ വിശേഷങ്ങൾ... ഒന്നും ലാഭം മോഹിച്ചല്ല; വെറും സാമൂഹികസേവനം. അല്ല, പരിസ്ഥിതി സ്നേഹം... ഉപ്പട്ടിക്കണ്ടൽ പൂത്താൽ നല്ല തേനിന്റെ ഗന്ധമാണ്. ഇക്കാരണം കൊണ്ടുതന്നെ തേനീച്ചകൾ കൂട്ടംകൂട്ടമായി കണ്ടലുകളെ തേടിയെത്തുന്നു. പശ്ചിമ ബംഗാൾ, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽ ഉപ്പട്ടിക്കണ്ടൽകാടുകൾ വഴി വർഷാവർഷം നല്ലൊരു ശതമാനം തേൻ ശേഖരിക്കുന്നു എന്നാണറിവ്. മറ്റൊന്ന് കണ്ടലിന്റെ ഇല കാലിത്തീറ്റയായി ഉപയോഗിക്കുന്നതാണ്. എന്നാൽ ഇന്ന് കണ്ടൽ തളിരിലകൾ വെട്ടി കാലിത്തീറ്റയാക്കുന്ന കാരണം കണ്ടൽകാടുകൾ നാശത്തിന്റെ വക്കിലെത്തുന്നു - തീരം കുറ്റപ്പെടുത്തുന്നു. തളിരിലയൊഴിച്ച് കണ്ടൽ വെട്ടിയാൽ ഇതിന്റെ വളർച്ച കൂടുമെന്നും അതിനാൽ തളിരില വെട്ടുന്നത് ഒഴിവാക്കണമെന്നും ആവശ്യക്കാരെ പറഞ്ഞു മനസ്സിലാക്കാൻ ഇവർ നന്നേ പ്രയാസപ്പെടുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ കണ്ടൽകാടുകൾക്കുള്ള പങ്ക് പാഠ്യവിഷയമാക്കണമെന്നാണ് തീരം പ്രവർത്തകരുടെ മുഖ്യ ആവശ്യം.

### കണ്ടൽകാടുകളുടെ മറ്റു സവിശേഷതകൾ

ഉപ്പട്ടിക്കണ്ടൽ കരപ്രദേശത്തെ ഉപ്പിന്റെ ശല്യം കുറയ്ക്കുന്നു. ഈ കണ്ടലുകൾ വളരുന്ന പുഴയോരത്തെ വീടുകളിലെ കിണറിൽ ഉപ്പുരസം നന്നേ കുറവാണ്. കാരണം ജലത്തിലെ ഉപ്പിന്റെ ഉറവയെ 'ഉപ്പട്ടി' ക്കണ്ടൽ പാടെ വലിച്ചെടുക്കുന്നു. സ്വീകരിച്ചത് ആവശ്യത്തിലധികമായാൽ അവ ഇലവഴി പുറന്തള്ളുകയും ചെയ്യുന്നു.

പൊതുവെ കണ്ടലുകൾ മരത്തിന്റെ മുകളിൽ നിന്നുതന്നെ മുളപൊട്ടി, പാകമായതിനു ശേഷം താഴെ വീണു വളരുന്നു. എന്നാൽ എല്ലാ കണ്ടലുകളും ഇതേ രീതിയി ലല്ല താനും. ഉദാഹരണമായി, നക്ഷത്രക്കണ്ടലിന്റെ പ്രജനന രീതി തികച്ചും വ്യത്യസ്തമാണ്. മത്സ്യങ്ങളുടെ സുരക്ഷിതപ്രജനന കേന്ദ്രമാണ് കണ്ടലെന്ന് വിശേഷിപ്പിക്കുന്നത്. പൂർണവളർച്ചയെത്തിയ കണ്ടലിന്റെ വേര് മുള്ളുകൾ പോലുള്ള ആഭരണത്താൽ പൊതിഞ്ഞ രീതിയിലാണ്. ഇതിനകത്താണ് മത്സ്യങ്ങൾ മുട്ടയിടുന്നത്. ഇവിടെ ബാഹ്യമായ ഒരിടപെടലും ഉണ്ടാകുന്നില്ല. ഇതേ ശൈലി തന്നെ മറ്റൊരു തരത്തിൽ ദേശാടനപ്പക്ഷികളും സ്വീകരിക്കുന്നു. കൊളാവി കടപ്പുറമെത്തുന്ന ദേശാടനപ്പക്ഷികളിൽ നാര, റിഫ്ഹെറോൺ, കമലപ്പരുന്ത് എന്നിവ പെടുന്നു.

ഇന്ന് കടലാമ സംരക്ഷണവും കണ്ടൽ നഴ്സറിയും കോർത്തിണക്കി ഒരു ഡോക്യുമെന്ററിയുടെ തിരക്കിട്ട പണിപ്പുരയിലാണ് തീരം പ്രകൃതി സംരക്ഷണ സമിതി. ●



പ്രാന്തൻകണ്ടൽ പൂർണ്ണ വളർച്ചയെത്തുന്നതിന് മുൻപ്



ഉൾക്കാഴ്ചയും ആത്മാർത്ഥതയുമാണ് ഒരു സൃഷ്ടിയെ മനോഹരമാക്കുന്നത്. കുട്ടികളുടെ കല നിഷ്കളങ്കതയുടെ മുഖമുദ്രയാകുന്നതും ഇതുകൊണ്ടു തന്നെയാണ്.

# നിറങ്ങളിൽ വിരിയും കുരുന്നു ഭാവനകൾ





ചന്ദ്രശേഖരൻ മാവേലിക്കര

കുട്ടികളുടെ കല നിഷ്കളങ്കതയുടെ പ്രതീകമാണ്. ലോകത്തിലെ പല ചിത്രകാരന്മാരും കുട്ടികളെപ്പോലെ വരയ്ക്കുവാൻ ആഗ്രഹിച്ചിരുന്നു. ലോക പ്രശസ്ത ചിത്രകാരനായിരുന്ന പിക്കാസോവിന്റെ ജീവിതത്തിലെ വലിയൊരു ആഗ്രഹമായിരുന്നു കുട്ടികളെപ്പോലെ ചിത്രം വരയ്ക്കണമെന്നത്. കേവലം കൗമാരത്തിൽതന്നെ അദ്ദേഹം ഇറ്റലിയിൽ-പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ത്രിമൂർത്തികളായ ലിയാണോർഡോ ഡാവിഞ്ചി, മൈക്കലാഞ്ചലോ, റാഫേൽ എന്നിവരിലൊരാളായിരുന്ന റാഫേലിനെപോലെ (1483 –1520) തന്നെ ചിത്രം വരച്ചിരുന്നു.

വളരെ മനോഹരങ്ങളായിരുന്നു റാഫേലിന്റെ പെയിന്റിംഗുകൾ. കന്യകാമാതാവും ഉണ്ണിയേശുവും മേഘപാളികൾക്കുള്ളിൽ നിൽക്കുന്ന അനേകം 'മഡോണകൾ' ഇദ്ദേഹം സൃഷ്ടിച്ചിരുന്നു. യഥാതഥമായി ചിത്രീകരിക്കുന്ന ചിത്രകാരനായിരുന്നു എങ്കിലും തന്റെ ചിത്രങ്ങൾക്ക് കാല്പനിക സൗന്ദര്യത്തിന്റെ പരിവേഷം കൂടി അദ്ദേഹം നൽകിയിരുന്നു. പക്ഷേ ആ ചിത്രങ്ങളിലൊന്നും തന്നെ കുട്ടികളുടെ നിഷ്കളങ്കത നമുക്ക് ദൃഷ്ടിഗോചരമല്ലായിരുന്നു.

കുട്ടികളെ വർണ്ണങ്ങളുടെ ലോകത്തേക്കു യഥേഷ്ടം വിടുക. അവർ തന്നെ നിറങ്ങൾ തെരഞ്ഞെടുക്കട്ടെ. അവരുടെ മുന്നിൽ കാണുന്ന മലകളും മരങ്ങളും പുഴകളും കിളികളും ചിത്രശലഭങ്ങളും മനുഷ്യരും മൃഗങ്ങളും – ഇവയുടെ വർണ്ണരാജികൾ ഈ കുരുന്നുകളുടെ വിരൽതുമ്പിൽ നിന്നും വാർന്നു വീഴും. ഒരു കുട്ടി നീണ്ട കുത്തനെയുള്ള ഒരു തെങ്ങ് വരച്ചാൽ 'ആ തെങ്ങിന്റെ ചിത്രം കുറച്ചു വളവോടുകൂടി വരച്ചാൽ എത്ര നന്നാകും ഇല്ലേ'? 'ആ ചിത്രശലഭത്തിന് കുറച്ചുകൂടി മഞ്ഞയും ചുവപ്പും കറപ്പും നിറങ്ങൾ കൊടുത്താൽ എത്ര മനോഹരമായിരിക്കും ഇല്ലേ'? എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ മാത്രമേ ഒരു ചിത്രകലാദ്ധ്യാപകൻ നൽകാവൂ. ഒരു പക്ഷെ അവന്റെ സൂര്യൻ പച്ചയാകാം, കറുപ്പു നിറമുള്ളതാകാം, അവന്റെ മൃഗങ്ങൾക്ക് ആറു കാലുകൾ കണ്ടെന്നിരിക്കാം. ഇവിടെയാണ് ചരിത്രാതീതകാലത്തെ പുരാതന മനുഷ്യരുടെ കലകളുടെ ചാരുതയും ആത്മാർത്ഥതയും വെളിവാകുന്നത്. ബി.സി. 50000 വർഷ



ങ്ങൾക്കപ്പുറം അൾട്ടിമിറാ ഗുഹയിൽ വരച്ച കാട്ടുപന്നിക്ക് കാലുകൾ എട്ടാണെ ത്രെ. ഇതുതന്നെയാണ് ആനുകാലിക ചിത്രകലയിലും പ്രകടമാകുന്നത്. കല യിലെ ഉൾകാഴ്ചയെയും ആത്മാർത്ഥ തയെയും ഇത് ദ്യോതിപ്പിക്കുന്നു.

കലയിലെ ആത്മാർത്ഥതയെ കുറിച്ചു പറയുമ്പോൾ സൂര്യകാന്തിപൂക്കളുടെ ജനയിതാവായ ഡച്ചുചിത്രകാരനായ വിൻസിന്റ് വാൻ ഗോഗിനെയാണ് (1853-1890) ഓർമ വരുന്നത്. ഒരു കലാദ്ധ്യാപകന്റെ കീഴിലും അദ്ദേഹം ചിത്രകല അഭ്യസിച്ചിട്ടില്ല. സ്വന്തം വ്യക്തിത്വത്തിന് തന്നെ അനേകം പ്രത്യേ കതകളുള്ള വാൻഗോഗ് തന്റെ ഉന്മാദം പാരമ്യതയിലെത്തിയപ്പോഴും ചിത്രങ്ങ ളുടെ നിഷ്കളങ്കത കൈവെടിഞ്ഞില്ല. പരിശുദ്ധമായ വർണ്ണങ്ങൾ തന്റെ ബ്രഷിൻതുമ്പിലൂടെ വാർന്നുവീണപ്പോൾ വർണ്ണങ്ങളുടെ ഒരു പ്രകമ്പനം തന്നെ അദ്ദേഹത്തിന് സൃഷ്ടിക്കാൻ കഴിഞ്ഞു. ഇവിടെയാണ് ചിത്രകലയിലെ നൂതനസ മ്പ്രദായമായ POST-IMPRESSIONISM എന്ന പ്രസ്ഥാനത്തിന് രൂപവും ഭാവവും നൽകുവാൻ കഴിഞ്ഞത്. വാൻഗോ ഗിന്റെ ചിത്രങ്ങൾ റാഫേലിന്റേത് പോലെയല്ലായിരുന്നു. കുട്ടികളുടെ കല യുടെ നിഷ്കളങ്കതയായിരുന്നു ആ ചിത്ര ങ്ങളുടെ മുഖമുദ്ര.

കുട്ടികളുടെ ചിത്രങ്ങളെക്കുറിച്ചു പറ യുമ്പോൾ വർണ്ണങ്ങളുടെ ലോകത്തി ലേക്ക് എന്നെന്നേക്കുമായി തിരിച്ചുപോയ, വർണ്ണരാജികളുടെ മാന്ത്രികച്ചെപ്പുതുറന്നു കാട്ടിയ അത്ഭുത പ്രതിഭയായിരുന്ന ക്ളിന്റിനെ നാം ഓർക്കുന്നില്ലേ? ആ കുരുന്നു പ്രതിഭ യുടെ ചിത്രങ്ങൾ ഇന്നും ഒരു പ്രതിഭാസ മായി നില നില്ക്കുന്നു. അതുപോലെ തന്നെ രാജ്യാന്തരബഹുമതി നേടിയ നീത എന്ന കുട്ടിയുടെ ചിത്രങ്ങളുടെ മിഴിവ് ഇവിടെ ഓർത്തു പോവുകയാണ്.

ഇന്നു നമ്മുടെ നാട്ടിൽ അനേകം സംഘടനകൾ കുരുന്നു പ്രതിഭകൾക്ക് പ്രോത്സാഹനമായി ചിത്രകലാ മത്സര ങ്ങളും ക്ളാസ്സുകളും സംഘടിപ്പിക്കാറു ണ്ട്. നല്ലൊരു ശതമാനം കുട്ടികളും ഇതിൽ പങ്കെടുക്കുന്നത് സ്വാഗതാർഹമാ ണ്. എന്നാൽ എത്ര കുട്ടികളെയാണ് നാളെയുടെ പ്രതിഭകളായി രംഗത്തു വരു വാൻ അവരവരുടെ രക്ഷകർത്താക്കൾ അനുവദിക്കുന്നത്? എക്സിക്യൂട്ടീവ് പദ വിയിൽ എത്തിക്കുവാൻ വെമ്പൽ കൊള്ളുന്ന നമ്മുടെ ഗുമസ്തവർഗ സംസ്കാരം നാളെയുടെ ചിത്രകാരന്മാരെ യൊ, ഗായക്കരയൊ സൃഷ്ടിക്കുവാൻ അനുവദിക്കുകയില്ല.

ലോകപ്രശസ്ത കാർട്ടൂണിസ്റ്റായ ശങ്കർ തന്റെ വരകളിലൂടെ ഈ ലോകത്തെ പൊട്ടിച്ചിരിപ്പിച്ചു. ഒപ്പം കുട്ടി കളെ കണക്കറ്റു സ്നേഹിച്ചു. തന്റെ ആസ്ഥാനമായിരുന്ന ഡൽഹിയിൽ ലോകത്തിലെ ഏറ്റവും വലിയ, കുട്ടിക ളുടെ ചിത്രകലാ മത്സരം അദ്ദേഹം സംഘടിപ്പിച്ചിരുന്നു. ഇന്നും അദ്ദേഹ ത്തിന്റെ നാമധേയത്തിൽ കുട്ടികളുടെ ചിത്രകലാമത്സരങ്ങൾ പൂർവാധികം ശക്തി പ്രാപിച്ചിരിക്കുന്നു. അതുപോലെ തന്നെ കോഴിക്കോട്ടെ ആന്റണി മാഷിന്റെ യൂണിവേഴ്സൽ ആർട്ട്സ് സംഘടിപ്പി ക്കുന്ന ചിൽഡ്രൻസ് ആർട്ട്കോമ്പറ്റീഷൻ ഇവിടെ പ്രസ്താവ്യമാണ്. ഇന്ത്യയിൽ തന്നെ കുട്ടികളുടെ അറിയപ്പെടുന്ന ചിത്ര കലാമത്സരവേദിയാണ് ഇത് .

പലരും നാളത്തെ കലാകാര ന്മാർക്കും കലാപ്രതിഭകൾക്കും വേണ്ടി പ്രസ്താവനകൾ ഇറക്കുന്നു. എന്നാൽ ഈ കുട്ടികളെ പ്രാപ്തരാക്കേണ്ട കലാ ദ്ധ്യാപകരുടെ സ്ഥാനം കേവലം നിരാശാ ജനകം. കാരണം ഇന്ന് ഇവരുടെ തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. കുട്ടികളുടെ എണ്ണം കുറയുന്നതോ ടൊപ്പം തന്നെ കലാദ്ധ്യാപകരുടെ സ്ഥാനവും നഷ്ടമാകുന്നു. ഇന്ന് നമ്മുടെ സ്കൂളുകളിലെ ചിത്രകല പഠി പ്പിക്കുന്നത് കേവലം "ഡ്രായിംഗ് മാഷിന്റെ" ബോർഡിൽ വരയ്ക്കുന്ന വര മാത്രമായി ഒതുക്കിയിരിക്കുന്നു. എന്നാൽ N.C.E.R.T സിലബസനുസരിച്ച് കേന്ദ്രീയ വിദ്യാലയങ്ങളിലും അതിന്റെ കുറച്ചുകൂടി വിപുലീകരിച്ച് ജവഹർ നവോദയ വിദ്യാലയങ്ങളിലും ചില പബ്ളിക് സ്കൂളുകളിലും ചിത്രകല പഠിപ്പിക്കുന്ന വിധം സ്വാഗതാർഹമാണ്. എന്നാൽ N.C.E.R.T യുടെ സിലബസനു സരിച്ചുള്ള ചിത്രകലയുടെ സിലബസ് 1992-93 സ്കൂൾ വർഷം മുതൽ സ്കൂളു കളിൽ നടപ്പാക്കേണ്ടതായിരുന്നു. അത് പല കാരണങ്ങളാലും ഒഴിവാക്കപ്പെട്ടിരി ക്കുന്നു. വീണ്ടും ഇപ്പോഴത്തെ പുതിയ പാഠ്യക്രമമനുസരിച്ച് S.C.E.R.T യുടെ കല കൾക്കുള്ള സിലബസ്സ് സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. അതിൽ ചിത്രകല യ്ക്കുള്ള പഠനക്രമമനുസരിച്ചുള്ള സംവിധാനം സ്വാഗതാർഹമാണ്.

സാക്ഷരതയിൽ മുന്നിൽ നില്ക്കുന്ന കേരളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ബാഹുല്യ ത്തിൽ ലോകത്തിലെതന്നെ അറിയപ്പെ ടുന്ന സ്ഥലമാണ്. എന്നാൽ ചിത്രകല യുടെ കാര്യത്തിൽ കേരളം വളരെ പുറകിലാണ്. കഴിവുള്ള ചിത്രകാര ന്മാർ നമുക്കു ധാരാളം ഉണ്ടുതാനും. അവസരങ്ങൾ അവർക്ക് നിഷേധിച്ചിരി ക്കുന്നു.

ഒരു കുട്ടിയുടെ ചിത്രമെങ്കിലും നമ്മുടെ ചുമരിനെ അലങ്കരിക്കുവാൻ, എന്തിനേറെപ്പറയുന്നു നമ്മുടെ വെള്ള പൂശിയ ഭിത്തിയിൽ പെൻസിൽകൊ ണ്ടെങ്കിലും ഒരു ചിത്രം കോറിയിടു വാൻ നാം അനുവദിക്കുമോ? കിളിമാ നൂർ തമ്പുരാൻ എന്നറിയപ്പെടുന്ന സാക്ഷാൽ രാജാരവിവർമ (1848 -1906) അദ്ദേഹത്തിന്റെ ബാല്യകാലത്ത് എത്ര യെത്ര ചിത്രങ്ങൾ തന്റെ കൊട്ടാര മതിൽകെട്ടിനുള്ളിൽ കരിക്കട്ടകൊണ്ടു തന്നെ കോറിയിട്ടിരിക്കുന്നു. ആധു നിക സംസ്കാരത്തിന് വെമ്പൽ കൊള്ളുന്ന നാം ഈ കുരുന്നുകളുടെ മനസ്സ് മുരടിപ്പിക്കാതിരിക്കുക. ഒരു രക്ഷകർത്താവിന് കുട്ടികൾക്ക് കൊടു ക്കാവുന്ന ഏറ്റവും വലിയ സമ്പത്ത് സ്വന്തം കുട്ടികളുടെ കഴിവിന് അംഗീ കാരം കൊടുക്കുക എന്നതാ ണെന്നോർക്കുക.





# വരുന്നൂ,

സുരേഷ് മുതുകുളം

സ്റ്റൈലൻ ടീ ഷർട്ട്, ബർമുഡ, ട്രാക്ക്സ്യൂട്ട്, തൊപ്പി; ടീ ഷർട്ടിൽ വലിയ അക്ഷരങ്ങൾ 'ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ' ബൈക്കിൽ എത്തിയ ചുറുചുറുക്കുള്ള യുവാവ് കയ്യിലൊരു ഉപകരണവുമായി തൊട്ടടുത്ത തെങ്ങിൻ തോപ്പിലേക്ക്- 'പാംക്ലൈംബർ' എന്ന ലഘുയന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറാൻ പരിശീലനം നേടിയ യുവാവാണ് അയാൾ. വെറും 45 മിനിട്ട് കൊണ്ട് ഏതാണ്ട് പതിനഞ്ചോളം തെങ്ങുകളിൽ അനായാസം കയറി തേങ്ങയിട്ടു; വീട്ടുടമയിൽ നിന്ന് തെങ്ങൊന്നിന് അഞ്ച് രൂപ നിരക്കിൽ കൂലി വാങ്ങി. അടുത്ത തെങ്ങിൻതോപ്പ് ലക്ഷ്യമാക്കി നീങ്ങി.

മാനംമുട്ടെ ഉയരത്തിൽ നിറകുലകളുമായി നിൽക്കുന്ന തെങ്ങ് സമൃദ്ധിയുടെ ദൃശ്യമെങ്കിലും പലർക്കും അതൊരു 'സങ്കടകരമായ' കാഴ്ചയാണ്. കാരണം മറ്റൊന്നുമല്ല തേങ്ങയെല്ലാം അതേപടി നിന്ന് ഉണങ്ങിക്കൊഴിയുകയല്ലാതെ അത് സമയത്തിടാൻ ഒരാളെപ്പോലും കിട്ടില്ല. ചുരുക്കത്തിൽ വീട്ടുപുരയിടത്തിലെ തെങ്ങിൽ നിറയെ തേങ്ങയുണ്ടെങ്കിലും അരയ്ക്കാനും കറി വെയ്ക്കാനും തേങ്ങ ചന്തയിൽ നിന്നും വാങ്ങേണ്ട അവസ്ഥ. നമ്മുടെ നാട്ടിൽ തെങ്ങുള്ള എല്ലാ വീട്ടുടമകളുടെയും സ്ഥിരം പ്രശ്നമാണിത്.

ഇതിനൊരു പരിഹാരം കാണാനായിരുന്നു കുടുംബശ്രീ ഡയറക്ടർ ടി.കെ. ജോസിന്റെ ശ്രമം. ഒരു പ്രമുഖ മലയാള ദിനപ്പത്രത്തിൽ തെങ്ങുകയറ്റയന്ത്രം കണ്ടുപിടിച്ച കണ്ണൂർകാരനായ ചെമ്പേരിൽ അപ്പച്ചനെക്കുറിച്ചു വന്ന വാർത്തയാണ് ഈ വഴിക്കു ചിന്തിക്കുവാൻ ശ്രീ. ജോസിനെ പ്രേരിപ്പിച്ചത്. ജനസാമാന്യത്തിന്റെ ദാരിദ്ര്യനിർമാർജനത്തിനുതകുന്ന ഏതു വഴിയും ഫലവത്തായി പ്രയോജനപ്പെടുത്തുക എന്ന തത്ത്വം ജീവിതവ്രതമാക്കിയ ജോസും അടിസ്ഥാനപ്രമാണമായി സ്വീകരിച്ച 'കുടുംബശ്രീ'യും ഈ ആശയം പ്രാവർത്തികമാക്കാൻ ഇറങ്ങിത്തിരിച്ചതിൽ അത്ഭുതത്തിന് തെല്ലും വകയില്ല!

"കേരളത്തിൽ 20 കോടിയോളം തെങ്ങുണ്ട് എന്നാണ് കണക്ക്. ഇത്രയും തെങ്ങിലും 45 ദിവസത്തിലൊരിക്കൽ കയറാൻ ചുരുങ്ങിയത് 15000 പേരെങ്കിലും

# കേരവൃക്ഷത്തിന്റെ ചങ്ങാതിമാർ

**തെങ്ങുകയറ്റം തൊഴിലായി സ്വീകരിക്കാമോ എന്നു ചോദിച്ചാൽ വെള്ളക്കോളർ ജോലിയോട് മാത്രം ആഭിമുഖ്യം പുലർത്തുന്ന ജനസമൂഹം വിമുഖത കാട്ടിയേക്കും. എന്നാൽ തൊഴിലിനൊരു യൂണിഫോമും സഹായത്തിനു യന്ത്രവും ശാസ്ത്രീയപരിശീലനവും ഒന്നിച്ചാൽ ആ തൊഴിലിനൊരു മാന്യത കൈവരും. മനുഷ്യന്റെ ഈ അടിസ്ഥാന മനശ്ശാസ്ത്രത്തിന്റെ വിജയകരമായ പരീക്ഷണമാണ് പാംക്ലൈംബർ ഉപയോഗിച്ചുള്ള തെങ്ങുകയറ്റം.**

വേണം... രൂക്ഷമായ തൊഴിലില്ലായ്മയുള്ള നമ്മുടെ സംസ്ഥാനത്ത് ഇത്രയും പേർക്ക് ഈ രംഗത്ത് പരിശീലനം നൽകുകയും തേങ്ങയിടാൻ പാകത്തിന് അനുയോജ്യമായ ഒരു യന്ത്രം സഹായനിരക്കിൽ നൽകുകയും ചെയ്താൽ അത് കൊണ്ട് ബഹുമുഖമായ ഗുണങ്ങളുണ്ടാകും എന്നു തോന്നി", ജോസ് പറഞ്ഞു.

തുടക്കം ഗുരുമുഖത്തു നിന്നു തന്നെ ആയിരുന്നു. അപ്പച്ചൻ തന്നെ ആദ്യബാച്ചിന് 'പാംക്ലൈംബർ' ഉപയോഗിച്ച് തെങ്ങുകയറാൻ പരിശീലനം നൽകി. ഇവരെ മാസ്റ്റർ ട്രയിനർമാരാക്കിയാണ് തുടർന്നുള്ള പരിശീലനം ആസൂത്രണം ചെയ്തത്.

കൃഷിവകുപ്പും കുടുംബശ്രീയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും ഇതിന് കൈകോർത്തു. കൃഷിവകുപ്പിന്റെ കഴക്കൂട്ടത്തെ പ്രാദേശിക കാർഷിക-സാങ്കേതിക പരിശീലനകേന്ദ്ര(ആർ.എ.റ്റി.റ്റി.)ത്തിൽ വച്ചാണ് 'കുടുംബശ്രീ' സ്പോൺസർ ചെയ്ത പരിശീലന പരിപാടികൾ നടത്തിവരുന്നത്; തെങ്ങുകയറ്റ യന്ത്രത്തിന്റെ നിർമാണം ഏറ്റെടുത്തത് അഗ്രോ-ഇൻഡസ്ട്രീസ് കോർപ്പറേഷനും.

ഏഴോ എട്ടോ ക്ളാസുവരെയൊക്കെ മാത്രം പഠിച്ച നിർധനകുടുംബത്തിലെ കുട്ടികളോട് തെങ്ങുകയറ്റം ഒരു തൊഴിലായി സ്വീകരിക്കാമോ എന്നു ചോദിച്ചാൽ ഒരു വേള അവർ മടിച്ചേക്കും. വെള്ളക്കോളർ ജോലിയോട് മാത്രം ആഭിമുഖ്യം പുലർത്തുന്ന ഒരു ജനസമൂഹത്തിന്റെ പ്രതിനിധികളിൽ നിന്ന് ഇതിലും വ്യത്യസ്തമായ ഒരു സമീപനം പ്രതീക്ഷിക്കരുതല്ലോ! എന്നാൽ ശാസ്ത്രീയ പരിശീലനവും തൊഴിലിനൊരു യൂണിഫോമും സഹായത്തിന് ഒരു യന്ത്രവും അതിനുവേണ്ട സഹായവുമുണ്ടെങ്കിൽ തൊഴിലിന് മാന്യതയായി. മനുഷ്യന്റെ ഈ അടിസ്ഥാന മനഃശാസ്ത്രമാണ് ഇവിടെ ഉപയോഗപ്പെടുത്തുന്നത്.

ഒരു ബാച്ചിന്റെ പരിശീലന കാലാവധി ആറു ദിവസമാണ്. ഓരോ ബാച്ചിലും 20-30 പേർക്ക് പരിശീലനം നൽകും. തെങ്ങു കയറാൻ മാത്രമല്ല ഇവിടെ പരിശീലനം നൽകുന്നത്. ശാസ്ത്രീയപരിശീലനപരിപാടിയുടെ മാതൃകാപരമായ ചിട്ടവട്ടങ്ങൾ വളരെ ശ്രദ്ധാപൂർവം കോർത്തിണക്കിയ ഒരു പാഠ്യപദ്ധതിയാണിവിടെ.

ഒരു മണിക്കൂർ നേരത്തെ കായികവ്യായാമത്തോടെ പരിശീലനദിനം ആരംഭിക്കുന്നു. തെങ്ങുകയറ്റ യന്ത്രത്തിന്റെ തത്ത്വവും സവിശേഷതകളും തെങ്ങുകൃഷിയുടെ വിശദാംശങ്ങളും പഠിപ്പിക്കുന്നു. പിന്നീടുള്ള 3-4 മണിക്കൂറാണ് തെങ്ങുകയറാൻ പരിശീലനം നൽകുന്നത്.

എറണാകുളത്തെ അശമന്നൂരിൽ നിന്നാണ് അരുൺകുമാർ എത്തിയത്. അരുണിനാകട്ടെ തെങ്ങുകയറ്റം ഒട്ടും വശമില്ലായിരുന്നുതാനും. പരിശീലനവേളയിൽ ആദ്യം തെങ്ങുകയറുമ്പോൾ കൈകാലുകൾ വിറയ്ക്കുമായിരുന്നു. എന്നാൽ 8-10 ദിവസത്തെ പരിശീലനം കഴിഞ്ഞപ്പോൾ പേടി മാറി. ധൈര്യം വീണ്ടെടുത്തു. അനായാസം തെങ്ങുകയറ്റം പഠിച്ചു. മാത്രമല്ല ഗ്രൂപ്പ് ലീഡർ ആകുകയും ചെയ്തു.

“ആദ്യമൊക്കെ തെങ്ങുകയറാനുള്ള പരിശീലനത്തിന് ക്ളാസ് നൽകുന്നു എന്നു പറയുമ്പോൾ ആരും വരില്ലായിരുന്നു. എന്നാൽ അതിന് തന്നെ മാന്യതയുടെ പരിവേഷം നൽകിയപ്പോൾ ധാരാളം പേർ സ്വമേധയാ പരിശീലനത്തിന് വരാൻ തുടങ്ങി.” കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഡിവിഷണൽ എഞ്ചിനീയറും കോഴ്സ് കോ-ഓർഡിനേറ്ററുമായ രവി പറയുന്നു.

ഇടുക്കി പാണ്ടിപ്പാറയിൽ നിന്നുള്ള ജോയൽ പത്താം തരംവരെ പഠിച്ചിട്ടുണ്ട്. തെങ്ങ് കയറാൻ തെല്ലും പേടിയില്ല. വെറും രണ്ട് മിനിട്ടു കൊണ്ടു മാത്രം ഒരു തെങ്ങ് കയറാൻ ഇദ്ദേഹത്തിന് കഴിഞ്ഞു.

രണ്ടുവിധത്തിലാണ് തെങ്ങുകയറ്റത്തിൽ പരിശീലനം നൽകുന്നത്. ആദ്യം തെങ്ങുകയറ്റയന്ത്രത്തിന്റെ സഹായത്തോടെ തെങ്ങിൽ കയറാൻ; പിന്നീട് ഒരു സ്പ്രേയറും ചുമലിലേറ്റി യന്ത്രസഹായത്താൽ തെങ്ങിൽ കയറാൻ. ഈ രണ്ടു പ്രവർത്തനങ്ങളിലുമുള്ള ഒരാളിന്റെ 'പ്രൊഫഷണലിസവും' സമയവ്യത്യാസവും പഠനവിധേയമാക്കുന്നു. തെങ്ങുകയറ്റത്തിന് 'പ്രൊഫഷണൽ ടച്ച്' നൽകാനുള്ള ഈ ശ്രമം പരമ്പരാഗത തെങ്ങുകയറ്റക്കാർ പോലും സർവാത്മനാ പിന്തുണയ്ക്കുന്നു എന്നാണ് പരിശീലനവേളയിൽ സംഘാടകർക്ക് ബോധ്യമായത്. ഇത് വളരെ പ്രോത്സാഹ ജനകമായിരുന്നു.

| പരിശീലനത്തിൽ പങ്കെടുത്ത വ്യക്തി | 5 തെങ്ങ് കയറാൻ എടുത്ത സമയം | ഒരു തെങ്ങ് കയറാൻ എടുത്ത സമയം | സ്പ്രേയറും കൊണ്ട് ഒരു തെങ്ങ് കയറാൻ എടുത്ത സമയം |
|---|---|---|---|
| ജെയിംസ് ജോസഫ് | 14 മിനിട്ട് : 20 സെക്കന്റ് | 2 മിനിട്ട് : 20 സെക്കന്റ് | 3 മിനിട്ട് |
| ജോയൽ | 13 മിനിട്ട് : 24 സെക്കന്റ് | 2 മിനിട്ട് : 04 സെക്കന്റ് | 3 മിനിട്ട് : 30 സെക്കന്റ് |
| ജോൺ | 14 മിനിട്ട് : 55 സെക്കന്റ് | 2 മിനിട്ട് : 38 സെക്കന്റ് | 3 മിനിട്ട് : 20 സെക്കന്റ് |
| ഉണ്ണി | 13 മിനിട്ട് : 41 സെക്കന്റ് | 3 മിനിട്ട് : 02 സെക്കന്റ് | 3 മിനിട്ട് : 48 സെക്കന്റ് |
| കെ.സി. ജോർജ് | 15 മിനിട്ട് : 15 സെക്കന്റ് | 2 മിനിട്ട് : 50 സെക്കന്റ് | 3 മിനിട്ട് : 09 സെക്കന്റ് |

പത്തിയൂർ മണ്ണഞ്ചേരിയിലുള്ള 'പ്രകൃതി സ്വയംസഹായസംഘ'ത്തിലെ പത്തു പേരാണ് പരിശീലനത്തിനെത്തിയത്. തെങ്ങുകയറ്റത്തിനൊരു യന്ത്രം എന്ന കാര്യത്തെക്കുറിച്ച് ഇതിനു മുൻപ് അവർ കേട്ടിട്ടു പോലുമുണ്ടായിരുന്നില്ല. എന്നാൽ



പരിശീലനം പൂർത്തിയായവർക്ക് കുടുംബശ്രീ ഡയറക്ടർ ടി.കെ.ജോസ് സർട്ടിഫിക്കറ്റ് നല്കുന്നു.

പരിശീലന ക്ളാസ്സിൽ പങ്കെടുത്തപ്പോ ഴാണ് യന്ത്രത്തിന്റെ ലാളിത്യവും പ്രയോജനവും അവർക്ക് ബോധ്യമായത്. ആദ്യം ഒരാൾക്ക് 5 തെങ്ങ് കയറാൻ 20 മിനിട്ട് വേണ്ടി വന്നു; എന്നാൽ ശാസ്ത്രീയ പരിശീലനത്തിലൂടെ ഇത് 13.41 മിനിറ്റായി കുറയ്ക്കാൻ കഴിഞ്ഞു. 'ടൈമിങ്ങിൽ' നേടാനായ ഈ മെച്ചം അവർക്ക് വളരെ പ്രയോജനകരമായിരുന്നു.

"ഇത്രയും ഉയരത്തിൽ വളരുന്ന തെങ്ങിൻമണ്ടയിൽ എത്തി, തേങ്ങയിലൊന്നു തൊടുക. അതായിരുന്നു എന്റെ വലിയ ആഗ്രഹം!" കിടങ്ങൂരിൽ നിന്നെത്തിയ മോഹൻദാസ് എന്ന യുവാവ് പറഞ്ഞു.

തേങ്ങയിടാൻ ആളെ കിട്ടാത്തതാണ് പരിശീലനത്തിൽ പങ്കെടുക്കാൻ വള്ളികുന്നം സ്വദേശിയായ അബ്ദുള്ളയെ പ്രേരിപ്പിച്ചത്.

വള്ളികുന്നം സ്വദേശിയായ സജീവിന് പ്രായം വെറും 18. സയൻസ് വിഷയത്തിൽ പ്ളസ്ടു കഴിഞ്ഞ സജീവ്, ഒരു സ്വയംതൊഴിൽ എന്ന നിലയ്ക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ എത്തിയത്. വാഴത്തോപ്പിൽ നിന്നുള്ള ജിലുവിന് 17 വയസു പ്രായം. പത്താംതരം പാസായ ജിലുവും ഇതേ താത്പര്യത്തോടെയാണ് ക്ളാസിനെത്തിയത്.

അൻപതുകാരനായ കുഞ്ഞുകുഞ്ഞാണ് ഇടക്കാലത്ത് പരിശീലനത്തിന് വന്നവരിൽ ഏറ്റവും പ്രായം ചെന്ന വ്യക്തി. മരംകയറ്റം കുഞ്ഞുകുഞ്ഞിനൊരു പുത്തരിയല്ലെങ്കിലും പ്രായമായപ്പോൾ തെല്ല് ഭയം പിടികൂടി എന്ന് തുറന്നു സമ്മതിക്കുന്നു. മരം കയറുന്നതിനിടയ്ക്ക് ക്ഷീണം തോന്നിയാൽ രക്ഷയില്ല; തിരിച്ചു താഴെ എത്തിയാലെ വിശ്രമമുള്ളു. എന്നാൽ യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റമാണെങ്കിൽ ക്ഷീണം തോന്നിയാൽ ഇടയ്ക്ക് യന്ത്രം നിർത്തി 'വിശ്രമിക്കാം' എന്ന് കുഞ്ഞുകുഞ്ഞ് ആശ്വസിക്കുന്നു.

**രണ്ടുവിധത്തിലാണ് തെങ്ങുകയറ്റത്തിൽ പരിശീലനം നൽകുന്നത്. ആദ്യം തെങ്ങുകയറ്റയന്ത്രത്തിന്റെ സഹായത്തോടെ തെങ്ങിൽ കയറാൻ; പിന്നീട് ഒരു സ്പ്രേയറും ചുമലിലേറ്റി യന്ത്രസഹായത്താൽ തെങ്ങിൽ കയറാൻ.**


പരിശീലനബാച്ചിൽ നിന്ന് ഏറ്റവും മികച്ച രീതിയിൽ തെങ്ങുകയറിയ അഞ്ചു പേരെ അവരുടെ 'ടൈമിങ്ങിന്റെ' അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പ്രത്യേക പുരസ്കാരം നൽകി ആദരിക്കുകയും ചെയ്തു. ഇവരുടെ 'ടൈമിങ് ഷെഡ്യൂൾ' ഇപ്രകാരമായിരുന്നു.

പരിശീലനകാലത്ത് സൗജന്യഭക്ഷണവും താമസവും ലഭ്യമാക്കുന്നതിന് പുറമെ 80 രൂപ സ്റ്റൈപ്പന്റും നൽകുന്നുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കുടുംബശ്രീയും അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനും ചേർന്ന് സർട്ടിഫിക്കറ്റും നൽകുന്നുണ്ട്.

ഒരു തെങ്ങിൽ കയറുന്നതിന് അഞ്ചു രൂപ കൂലി നിരക്കിൽ ഒരു ദിവസം 500-600 രൂപ വരെ സമ്പാദിക്കുന്നവരും ഉണ്ട് എന്നത് മറ്റുള്ളവർക്കു കൂടി പ്രചോദനമാകുന്നു. വേണ്ടത്ര വിദ്യാഭ്യാസമുണ്ടായിട്ടും തൊഴിലില്ലാതെ ചെറുപ്പക്കാർ ബുദ്ധിമുട്ടുന്ന ഒരു നാട്ടിൽ ഇതുപോലെ ആയാസ രഹിതവും മാന്യവുമായി ജോലിചെയ്ത് ഒരു ദിവസം 500-600 രൂപ വരെ ഉണ്ടാക്കുവാൻ കഴിയുന്നെങ്കിൽ അതിന് അവസരമുണ്ടാക്കുകയല്ലേ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ സാമൂഹിക സേവനം.

"ഇപ്പോഴത്തെ തെങ്ങുകയറ്റയന്ത്രത്തിന് പകരം പെട്രോളോ ഡീസലോ ഒഴിച്ച് പ്രവർത്തിപ്പിക്കാവുന്ന ഒരു യന്ത്രം......... അതാകുമ്പോൾ കയറുന്നവർക്ക് ഇപ്പോഴുള്ള കായികാധ്വാനം പോലും വേണ്ട. അത്തരമൊരു യന്ത്രം ഭാവിയിൽ ഉണ്ടാകും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മാത്രവുമല്ല തെങ്ങുകയറ്റം പഠിപ്പിക്കാൻ സ്ഥിരമായി ഒരു കോളേജും."

ടി.കെ. ജോസിന്റെ സ്വപ്നങ്ങൾ ഇങ്ങനെ അനുസ്യൂതം തുടരുന്നു. ●





# മരീചികയാകുന്ന മലയാള രുചി

ഡോ. എസ്.എ. ഷാനവാസ്

**നമ്മുടെ സ്വന്തമായ വിഭവങ്ങളെയും ഭക്ഷണശൈലിയെയും പിൻതള്ളി അതിഥികളും അധിനിവേശക്കാരുമായ പല വിഭവങ്ങളും നമ്മുടെ തീൻമേശ കൈയടക്കി. ഇതോടെ മലയാള മണ്ണിൽ ജീവിക്കുന്ന മലയാളിക്ക് നഷ്ടപ്പെട്ടത് മലയാളത്തിന്റെ സ്വാദാണ്.**

ഒരു ജനതയുടെ സംസ്കാരത്തിന്റെ പ്രധാന സവിശേഷതകൾ പ്രതിഫലിക്കുന്നത് അവരുടെ ഭാഷയിലും വസ്ത്രത്തിലും ഭക്ഷണത്തിലുമാണ്. ഒരു ജനതക്ക് അവരുടെ സ്വന്തമായ വിഭവങ്ങളും ഭക്ഷണശൈലിയും ഉണ്ടാകും. അത് അവരുടെ ഭാഷയുമായി ബന്ധപ്പെട്ടുമിരിക്കും. ആ ഭാഷയിലെ ശബ്ദരീതിയും ശൈലിയും ആ പദങ്ങളിലും പ്രയോഗങ്ങളിലും നിഴലിക്കുകയും ചെയ്യും. ഒരു ദേശത്ത് ലഭ്യമായ അസംസ്കൃത സാധനങ്ങളിൽ നിന്നും വിളകളിൽ നിന്നും ഉത്പാദിപ്പിക്കുന്നവയായിരിക്കും അവിടത്തെ ഭക്ഷണപദാർത്ഥങ്ങളിൽ മിക്കവയും. ആ പ്രദേശത്തെ കാലാവസ്ഥയുടെയും പ്രകൃതിയുടെ സന്തുലനത്തിന്റെയും പ്രതിഫലനം ഭക്ഷണത്തിലും നമുക്ക് കാണാനാകും. നൂറ്റാണ്ടുകളായി നിലനിന്നിരുന്നതും പ്രത്യേകരീതിയിൽ പ്രത്യേക അവസരങ്ങളിൽ ഉണ്ടായിട്ടുള്ളതോ ഉണ്ടാക്കപ്പെട്ടിട്ടുള്ളതോ ആയിരിക്കും ഇവയിലധികവും. സ്വകീയമായ അഥവാ തനതായ ഭക്ഷണവിഭവങ്ങൾക്ക് പുറമെ പരകീയമായതുമായ പല വിഭവങ്ങളും ഉത്പന്നങ്ങളും വന്നുചേരുകയോ കടംകൊള്ളുകയോ ചെയ്തുകൊണ്ടിരിക്കും. അവയ്ക്കൊക്കെ പലതരം പേരുകളുമുണ്ടാകും. അതിഥികളായും അധിനിവേശക്കാരായും പല വിഭവങ്ങളും തീറ്റകളും തനത് രൂപത്തിലോ രുചി-രൂപ-നിറ വ്യത്യസ്തതയോടെയോ ഓരോ ദേശത്തും വന്നിട്ടുണ്ടാകും, ആഗോളീകരണത്തിന്റെ ഈ യുഗത്തിൽ പ്രത്യേകിച്ചും. സമശീതോഷ്ണമേഖലയായ കേരളത്തിൽ ജീവിക്കുന്ന ജനങ്ങൾ പൊതുവെ സസ്യാഹാരവും മാംസാഹാരവും ഒന്നിച്ച് കഴിക്കുന്ന പ്രകൃതക്കാരാണ്. പച്ചക്കറിയും മത്സ്യവും മാംസവും ഒക്കെ ഇക്കൂട്ടത്തിലുണ്ടാകും.



മലയാളത്തിലേക്ക് അതിഥികളായും അധിനിവേശക്കാരായും വന്ന കുറെയധികം തീറ്റകളെയും കുടികളെയും നമുക്ക് കാണാം. കേരളീയനും മലബാറിയും ബ്രാഹ്മണീയനും നാടനും മാത്രം ഉണ്ടായിരുന്ന മലയാളിയുടെ മേശപ്പുറത്ത് ഇന്ന് ദക്ഷിണേന്ത്യനും ഉത്തരേന്ത്യനും മുഗളനും ചൈനീസും കോണ്ടിനെന്റലും ആയ ഒരുപാട് വിഭവങ്ങൾ സമൃദ്ധവും സ്വാദിഷ്ഠവും ഒക്കെയായി ബഹുവർണങ്ങളിൽ അണിനിരക്കുന്നുണ്ട്. വേവിച്ചും ചുട്ടും പുഴുങ്ങിയും അവിച്ചും പൊരിച്ചും വറുത്തും കരിച്ചും ഒക്കെയാണ് ഇവ കഴിക്കുന്നത്.

കേരളീയന്റെ സ്വന്തമായ കഞ്ഞി, ചമ്മന്തി, ചക്കപ്പുഴുക്ക്, ശർക്കരപുരട്ടി, ഓലൻ, കാളൻ എന്നിങ്ങനെയുള്ള ഒരു കൂട്ടം നാടൻവിഭവങ്ങൾ അവന്റെ തീൻമേശകളിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അവിടേക്ക് തന്തൂരിയും ചില്ലിയും ഫ്രൈയും കുബ്ബൂസും നാനും ഉൾപ്പെടെ വലിയൊരുനിര വിഭവങ്ങൾ എത്തി. പയറുകഞ്ഞിയും ഗോതമ്പ് കഞ്ഞിയും തോരനും പപ്പടവും ഉണക്കമീൻ ചുട്ടതും പോലുള്ളവ നാട്ടിൻപുറത്തുമാത്രം കിട്ടുന്ന വിഭവങ്ങളാണ്. കർക്കിടകക്കഞ്ഞിയും മരുന്നുകഞ്ഞിയും ഇലക്കറികളും ഒറട്ടിയും ഇലയടയും പത്തിരിയും തുടങ്ങി പല മലയാളഭക്ഷണങ്ങളും മലയാളനാട്ടിൽ നിന്ന് പോയോ എന്ന് സംശയിക്കാവുന്ന അവസ്ഥയിലാണ്. ബ്രഡും നാനും ബണ്ണും സാൻവിച്ചും ഷവർമയുമായി ഒരുപാട് വിഭവങ്ങൾ ആഗോളവത്കരണത്തിന്റെ ഈ കാലത്ത് നമ്മുടെ മുന്നിൽ നിരന്നുകൊണ്ടിരിക്കുന്നു.



ഊണും ശാപ്പാടും അത്താഴവും പോയിട്ടാണ് ലഞ്ചും മീൽസും ഡിന്നറും ഘാനയും നമ്മിലേക്ക് എത്തിയത്. അവിയലും തോരനും പുഴുക്കും മെഴുക്കും പീരവറ്റിച്ചതും വറുത്തതുമായി അനേകം മലയാള വിഭവങ്ങൾ ഇന്നും ചിലരുടെയെങ്കിലും മുന്നിലുണ്ട് എന്നത് കൗതുകകരമാണ്.

ഉലർത്തിയത്, മപ്പാസ്, പപ്പാസ്, ഡ്രൈ, ഫ്രൈ, തന്തൂരി, സ്റ്റീംഡ് എന്നിങ്ങനെ പല ഭാഷകളുടെയും സംസ്കാരങ്ങളുടെയും ചേരുവകളും വിഭവങ്ങളും പാചകരീതി







കളും നാമും ഉപയോഗിച്ചുവരുന്നു. പൊരിച്ച നാടൻ കോഴിയും വെള്ളയപ്പവും പുട്ടും ആട്ടിൻകറിയും തിന്നിരുന്ന മലയാളി സ്റ്റഫ്ഡ് നാനും ചില്ലിചിക്കനും ബോൺലെസ് കബാബും തിന്നാൻ കൊതിക്കുന്നു. ചിക്കൻ-65 എന്നും ഗ്രിൽഡ് ചിക്കൻ എന്നും ആർത്തലച്ച് ഇന്നത്തെ പൈതങ്ങളും നമ്മുടെ ടെയ്സ്റ്റിനെ സ്വാധീനിക്കുന്നു. കറിയും കൂട്ടാനും കൂട്ടിയിരുന്ന മലയാളിക്ക് ഇന്ന് ഗ്രേവിയും ചാറും മതി.

ചക്കപ്പുഴുക്കും മുളക് ചമ്മന്തിയും മരച്ചീനിപ്പുഴുക്കും കരിവാടുചുട്ടതും പോലുള്ളവ കഴിച്ച് നടന്നിരുന്ന മലയാളി ബ്രഡും ബട്ടറും ജാമും തിന്നുന്നു. ഉപ്പിലിടും കടുമാങ്ങയുമൊന്നും നുണയാൻ ആഗ്രഹിക്കാത്ത അവൻ അച്ചാറും പിക്കിൾസും രുചിക്കുന്നു. മുട്ടപൊരിച്ചതും പുഴുങ്ങിയതും കഴിച്ചിരുന്ന മലയാളി ഓംലെറ്റിലേക്കും ബുൾസൈയിലേക്കും ബോയിൽഡ് എഗ്ഗിലേക്കും മാറിയതിന് വളരെ കാലമെടുത്തില്ല.

കടലയും കപ്പലണ്ടിയും ജീരക/നാരങ്ങ മിഠായിയും കൊറിച്ചു നടന്നിരുന്ന മലയാളി ചെക്കന്മാർ സാൾറ്റട്ട് നട്സും ഫ്രൈഡ് പിസ്തായും ബദാമുമായി മൽപിടിത്തം നടത്തുന്നു. നട്സും ഡ്രൈഫ്രൂട്ടുമായി ഒരുപാട് ഉണങ്ങിയ വിത്തുകളും കുരുകളും നമുക്ക് വേറെയും കിട്ടിക്കൊണ്ടിരിക്കുന്നു. പറങ്കിയണ്ടി ചുട്ട് തല്ലി തിന്നാൻ മലയാളിക്കിന്നറിയില്ലല്ലോ. മണലിട്ട് വറുത്ത കപ്പലണ്ടിയും ചക്കക്കുരുവും അയണിക്കുരുവും തിന്നിരുന്ന മലയാളികളും ഒരു കാലത്തുണ്ടായിരുന്നു.



മരച്ചീനി, കിഴങ്ങ്, ചക്ക, വാഴയ്ക്ക തുടങ്ങിയവ കൊണ്ടുണ്ടാക്കിയ ചിപ്സ് ചട്പടയായും നംകീനായും നമ്മുടെയിടയിലേക്ക് നുഴഞ്ഞു കേറുകയായിരുന്നോ അതോ നമ്മുടെ തന്നെ വാഴയ്ക്കാ ഉപ്പേരി, മരച്ചീനി ചിപ്സ് ഇവ പോലുള്ള പലതിനെയും പേര് മാറ്റിയതാണോ? നെയ്യപ്പവും ഉണ്ണിയപ്പവും അച്ചപ്പവും വീട്ടിലുണ്ടാക്കി കഴിച്ചകാലം മലയാളി മറന്നു കാണും. നൂലപ്പവും ഇടിയപ്പവും വെള്ളയപ്പവും കള്ളപ്പവും പഞ്ചനക്ഷത്രഹോട്ടലുകളിലെ വിഭവങ്ങളായിത്തീർന്നു. പക്കാവടയിലും അവലോസ്പൊടിയിലും പഴക്കേക്കിലും ഉന്നയ്ക്കയിലും വൈകുന്നേരത്തെ ചായക്കടി നടത്തിയിരുന്ന മലയാളി ഇപ്പോൾ സമോസയും ബനാനഫ്രൈയും ചിക്കൻറോളും കട്ലറ്റും മിക്സ്ചറുമായി താദാത്മ്യം പ്രാപിച്ചു പോയി.

ഉണ്ടും തിന്നും കഴിച്ചും ശാപ്പിട്ടും രുചിച്ചും കുടിച്ചും മോന്തിയും കഴിയുന്ന മാവേലിമക്കൾ ഉണ്ണിച്ചും ഊട്ടിയും കഴിപ്പിച്ചും തീറ്റിച്ചും വിളമ്പിയും സല്ക്കരിച്ചും വാരിക്കൊടുത്തും കുടിപ്പിച്ചും പാലൂട്ടിയും മോന്തിച്ചും ഒക്കെയാണ് മറ്റുള്ളവരെ സ്വീകരിച്ചത്. ചോറൂണും വിരുന്നൂണും ഓണസദ്യയും കല്യാണസദ്യയുമൊക്കെ മലയാളിക്ക് അപ്രാപ്ര്യമാകുന്ന പദങ്ങളാകുകയാണ്.

പെപ്സിയും കൊക്കക്കോളയും ഫ്രഷ്ജ്യൂസും ഷാർജയും വാങ്ങിക്കുടിച്ച് നാം കഞ്ഞിവെള്ളത്തിനെയും മോരുംവെള്ളത്തിനെയും നാരങ്ങാവെള്ളത്തിനെയും ഒഴിവാക്കി. മൺകലത്തിൽ തയ്യാറാക്കിയിരുന്ന സംഭാരം ഇന്ന് നാം കവറിലാക്കി. മധുരമുള്ളതും ഉപ്പുള്ളതുമായ ലസ്സിയായി നമ്മുടെ തൈര് രൂപപ്പെട്ടു. സദ്യക്ക് അവസാനമായി കിട്ടിയിരുന്ന പച്ചമോര് മോന്തുന്നവർ ഇന്ന് കുറഞ്ഞു. ബട്ടർമിൽക്ക് കുടിച്ച് മോരുംവെള്ളത്തെ മറക്കുന്നു. കട്ടൻകാപ്പിയും പാൽകാപ്പിയും വഴിമാറി നെസ്കഫേയും ഹോർലിക്സും ബൂസ്റ്റുമായി തീരുകയാണല്ലോ. റോസ്മിൽക്കും റൂഹപ്സയും കോൾഡ്കോഫിയും മിൽക്ക് ഷേക്കും കല്യാണവിഭവങ്ങൾ മാത്രമായല്ല നാട്ടിൻപുറത്തെ മുറുക്കാൻകടയിലും ഇപ്പോൾ ലഭിക്കും. കരിങ്ങാലിയും ജീരകവെള്ളവും ചുക്കുവെള്ളവും കുടിച്ച് ഏമ്പക്കമിട്ടിരുന്ന മലയാളിക്ക് ഇന്ന് പച്ചവെള്ളം കുടിക്കാൻകിട്ടാതെ ബിസ്‌ലേരി, അക്വാ, എന്നിങ്ങനെയുള്ള മിനറൽ വാട്ടറിനും കുപ്പിവെള്ളത്തിനും പിറകെ ഓടേണ്ടിവരുന്നു.

ഊണും ശാപ്പാടും
അത്താഴവും
പോയിട്ടാണ് ലഞ്ചും
മീൽസും ഡിന്നറും ഷാനയും
നമ്മിലേക്ക് എത്തിയത്.

അമ്മിഞ്ഞപ്പാലും നാടൻ പ്രകൃതിവിഭവങ്ങളായ കൂവരകും ഏത്തക്കപ്പൊടിയും മുത്തങ്ങക്കിഴങ്ങ് ചേർത്ത പശുവിൻ പാലുംകൊണ്ട് വളർന്നിരുന്ന മലയാളിശിശുക്കളിന്നില്ല. പകരം കോംപ്ളാൻ ബോയും കോംപ്ളാൻ ഗേളുമാണ് നമുക്കിന്ന് കുഞ്ഞുങ്ങൾ. ബൂസ്റ്റ് സീക്രട്ടാക്കി മലയാളിപ്പൈതങ്ങൾ തണ്ടുൽക്കർ ചമയുന്നു. കിണറ്റിൽനിന്നും കോരിയെടുക്കുന്നത് പോലും കൊക്കക്കോള നിറച്ച കുപ്പികളാണെന്ന് പ്രചരിപ്പിക്കുന്ന ലോകത്ത് മലയാളിക്കുമാത്രമായി പിടിച്ചുനിൽക്കാനാവുമോ? പൈതൃകമായ പല മലയാളിവിഭവങ്ങളും തീൻമേശയിൽനിന്നും മാറുമ്പോൾ മലയാളിക്കും അവന്റെ അസ്തിത്വത്തിനും ഒരുവേള മലയാളഭാഷയ്ക്കു തന്നെയും ക്ഷതം സംഭവിക്കുമോ എന്ന ശങ്കയ്ക്ക് പ്രസക്തി ഏറുന്നു.

ഒജീനം, നാസ്ത, സഹ്രി, ഇഫ്താർ തുടങ്ങിയ അനേകം പദങ്ങൾ അറബികൾ



നമുക്ക് തന്നവയാണ്. സുലൈമാനിയും ഷാർജയും സർബത്തും മക്കാനിയും കുടിക്കാത്ത മലയാളികൾ ഇന്ന് ഉണ്ടാകില്ലല്ലോ. ഇന്നത്തെ ഐസ്ക്രീമിന്റെ സ്ഥാനത്ത് കുറച്ച് നാൾമുമ്പുണ്ടായിരുന്നത് കുൽഫിയും അലുവയുമൊക്കെയായിരുന്നു. മഡ്കാകുൽഫിയും ഐസ്ഡ് കുൽഫിയുമായി അത് ഇന്ന് ലക്ഷ്വറി ഹോട്ടലിലേക്ക് സ്ഥാനം മാറി. ചൈനീസിന്റേതായി മഞ്ചൂറിയനും നൂഡിൽസും സോസും കെച്ചപ്പും ചിക്കൻ സൂപ്പും ഫയോംഗും നമുക്കും കിട്ടി. കത്തിയും മുള്ളും കപ്പും സാസറും സ്പൂണും സ്റ്റിക്കും ഒക്കെ അതിഥികളായോ അധിനിവേശക്കാരായോ മലയാള മേശപ്പുറത്തെത്തിയവയാണ്. പ്ളാവില കോട്ടിയിലും കൈക്കുമ്പിളിലും കൈപ്പിടിയിലും മാത്രമായിരുന്ന മലയാളിയുടെ ഭക്ഷണ ഉപകരണങ്ങളെ മേല്പറഞ്ഞവ കുറേയൊക്കെ മാറ്റിയിട്ടുണ്ട്. കെന്റക്കിയും ബിസ്ളേരിയും ഫൈവ്സ്റ്റാറും പെപ്സിയും മലയാളഭാഷയെയും സംസ്കാരത്തെയും ചെറുതായല്ല സ്വാധീനിച്ചത്. നൂഡിൽസും ഫയോംഗും മലയാളിയുടെ തീൻമേശയിൽ ഇടം കിട്ടിയ ഐറ്റങ്ങൾ തന്നെ.

ആഗോളീകരണത്തിന്റെ ഫലമെന്നവണ്ണം അനേകം ഭക്ഷണങ്ങളും പാനീയങ്ങളും മലയാളിക്കിന്ന് കഴിക്കേണ്ടിവരുന്നു. ടോൺഡ് മിൽക്ക് മുതൽ കിറ്റ്കാറ്റ് വരെയുള്ള അനേകം പദങ്ങളുമായും പ്രയോഗങ്ങളുമായും പരിചയിച്ച് പോകേണ്ടിവരുന്നു. കെന്റക്കിയും ഹാംബർഗും സാന്റ്‌വിച്ചും കോളയും മിനറൽവാട്ടറും ഒഴിവാക്കാവുന്ന വസ്തുക്കളല്ല. ഐസ്ക്രീംപാർലറും ഫാസ്റ്റ്ഫുഡ് സെന്ററും കഫറ്റേറിയയും മോട്ടലും ചിക്കൻകോർണറും ഡിസ്പോസിബിൾ പ്ളേറ്റും കപ്പും കാറ്ററിംഗ് ബുഫേയും ഇക്കൂട്ടത്തിൽ ചിലത് മാത്രം.

അടുക്കളയും കുശിനിയും ഊണുമുറിയും അതിഥി സല്ക്കാരമുറിയും തീൻമേശയും കലവും ചട്ടിയും തീയടുപ്പും ചായക്കടയും മറ്റുമായി ഒരുപാട് പദങ്ങൾ ഭക്ഷണസംബന്ധമായി മലയാളത്തിലുണ്ട്. അരകല്ലും അമ്മിയും ഉരലും ഉലക്കയും തവിയും ചട്ടുകവും ഭരണിയും ഒക്കെ അടുക്കളസാമഗ്രികൾ ആയിരുന്നു. പത്തായവും ഉറിയും മൺപാത്രവും കുമ്പിളും ഉരുളിയും ചീനച്ചട്ടിയും ദോശക്കല്ലും ഒക്കെയുണ്ടായിരുന്ന ഒരുകാലം മലയാളനാട്ടിലുണ്ടായിരുന്നു എന്ന് പറയേണ്ടിവരുന്നു. സ്റ്റോർറൂമും കാസറോളും നോൺസ്റ്റിക്കും ഫ്രിഡ്ജും ഗ്രൈൻഡറും ഡൈനിംഗ് ടേബിളും ഡൈനിംഗ് ഹാളും റെസ്റ്റോറന്റും ഫാസ്റ്റ്ഫുഡും ആണ് ആധുനിക മലയാളിയുടെ കൈയിലുള്ളത്. പൊതുവെ സ്ത്രീകളായിരുന്നു അടുക്കളയ്ക്ക് അധിപ. നളപാചകം ചെയ്യാൻ മാത്രമായി ആണുങ്ങളും അടുക്കളയിൽ അന്ന് കേറിയിരുന്നു.



അരവണയും പാൽപായസവും കഴിച്ചും പുണ്യവെള്ളമായ ഗംഗാജലവും പമ്പാജലവും കുടിച്ചും വായ്ക്കരിയിട്ടും ശ്രാദ്ധവും ബലിച്ചോറുമുണ്ടും മോക്ഷം തേടുന്ന ഹിന്ദുവും, ഖത്തമുണ്ടും റാത്തീബ്പങ്കും നേർച്ചപ്പങ്കും പറ്റിയും സക്കാത്തും ഉളൂഹിയ ഇറച്ചിയും കഴിച്ചും സംസം വെള്ളം കുടിച്ചും സായൂജ്യമടയുന്ന മുസ്ളീം മലയാളിയും വീഞ്ഞും അപ്പവും കഴിച്ചും ഓർമദിനത്തിനും പെരുന്നാളുകളിലും സദ്യയുണ്ടാക്കി ഭുജിച്ചും കഴിയുന്ന ക്രിസ്ത്യാനിയും ഒന്നിച്ചു ഭോജ്യം നടത്തുന്ന നാടാണ് കേരളം. നാട്ടറിവിലൂടെ നില നിന്ന ഇവിടത്തെ ആദിവാസികളുടെ സമ്പൂർണമായ ഒരു ഭക്ഷ്യവ്യവസ്ഥയും കാലത്തിന്റെ ഒഴുക്കിൽപെട്ട് മറഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. മരണത്തിനും മരണാനന്തരചടങ്ങുകൾക്കുംവരെ മതങ്ങൾക്കും ജാതികൾക്കും പ്രത്യേകം പ്രത്യേകം ആഹാരപദാർത്ഥങ്ങൾ മലയാളികളുണ്ടാക്കുന്നു എന്നത് മാത്രമല്ല ഇവയ്ക്കെല്ലാത്തിനും അയൽക്കാരനായും സുഹൃത്തായും മറ്റുമതക്കാരും അല്ലാത്തവരും ഒത്ത്ചേർന്ന് കഴിച്ചും കുടിച്ചും നാം പരസ്പരം സഹകരിക്കുന്നു, ഓർമ പുതുക്കുന്നു..




ദുബായിലും വാഷിംഗ്ടണ്ണിലും ഒക്കെ ഇടിച്ചമ്മന്തിയും പുട്ടുമാവും മലയാളനാട്ടിലെ മസാലക്കൂട്ടായ സാമ്പാർപൊടിയും രസപ്പൊടിയും മറ്റും എത്തിയാലും വല്ലപ്പോഴുമൊരു ഗൃഹാതുരത്വത്തിന് അവയെ ആശ്രയിക്കുന്ന മറുനാടൻ മലയാളിക്ക് കിട്ടുന്ന രുചി, സ്വാദ് മലയാളമണ്ണിൽ തന്നെ ജീവിക്കുന്ന മലയാളിക്കിന്ന് കിട്ടുന്നുണ്ടോ? ആതിഥേയരെ മാറ്റി അതിഥികളും അധിനിവേശക്കാരും മലയാളത്തിന്റെ തീൻമേശ കൈയടക്കുകയല്ലേ ചെയ്യുന്നത്? മലയാളത്തിന്റെ സ്വാദും വായ്ക്കുരുചിയും വിജ്ഞാനകോശങ്ങളിലെയും ശബ്ദകോശങ്ങളിലെയും പദങ്ങൾ മാത്രമായി ചുരുങ്ങാതിരിക്കട്ടെ. ●



ദുബായിലും വാഷിംഗ്ടണ്ണിലും ഒക്കെ ഇടിച്ചമ്മന്തിയും പുട്ടുമാവും മലയാളനാട്ടിലെ മസാലക്കൂട്ടായ സാമ്പാർപൊടിയും രസപൊടിയും മറ്റും എത്തിയാലും വല്ലപ്പോഴുമൊരു ഗൃഹാതുരത്വത്തിന് അവയെ ആശ്രയിക്കുന്ന മറുനാടൻ മലയാളിക്ക് കിട്ടുന്ന രുചി, സ്വാദ് മലയാളമണ്ണിൽ തന്നെ ജീവിക്കുന്ന മലയാളിക്കിന്ന് കിട്ടുന്നുണ്ടോ?

# വേല നാളെ, ഇന്ന് ഉത്സവ വേള

ടി.ആർ. തിരുവഴാംകുന്ന്



**മണ്ഡലപ്പിറവി മുതൽ ഇടവപ്പാതി വരെ ഉത്സവങ്ങളുടെ കാലമാണ്. ഐതിഹ്യങ്ങളിൽ ഊറ്റംകൊള്ളാനും നഷ്ടവസന്തസ്മൃതികളുടെ ഗൃഹാതുരതയിൽ അലിയാനും മലയാളക്കര ഒരുങ്ങുന്നത് ഈ വേളയിലാണ്.**

തുള്ളിക്കൊരു കുടം ചൊരിയുന്ന തുലാം മഴ. തുലാം മഴ കഴിഞ്ഞാൽ മാനം തെളിയും. പിന്നെ ശുഭ്രാകാശവും പാൽ നിലാവലകളും. വർണ്ണരാജികളിൽ മുങ്ങിയ തരുലതാദികൾ. വൃക്ഷശിഖരങ്ങളിൽ ഇളംതളിരിലകളും മാമ്പൂമണമുള്ള ഇളംതെന്നലും 'കള്ളനും പോലീസും' കളിക്കുന്ന കാലമാണിത്.

വൃശ്ചികമാസം മണ്ഡലമാസം. ചെറുതും വലുതുമായ എല്ലാ ക്ഷേത്രങ്ങളിലും ദീപാരാധനയുടെ, ശംഖൊലിയുടെ, ശരണംവിളികളുടെ അനുസ്യൂത പ്രവാഹമാണ്, മണ്ഡലമാസത്തിൽ. അന്തരീക്ഷം ശബ്ദമുഖരിതമാകുന്ന ഈ സീസണിൽ തുടങ്ങുന്നു, വേലകളുടെയും പൂരങ്ങളുടെയും പെരുന്നാളിന്റെയും ആരംഭം.

പൂരങ്ങളുടെ നാടാണ് കേരളം. ആറാട്ടുപുഴ പൂരം, പരിയാനംപറ്റ പൂരം, തിരുമാന്ധാംകുന്ന് പൂരം, മണ്ണാർകാട് പൂരം, ചെനക്കത്തൂർ പൂരം, തൃപ്രയാർ പൂരം, ............ ഈ എല്ലാ പൂരങ്ങളെയും നിഷ്പ്രഭമാക്കിക്കൊണ്ടുള്ള, പൂരങ്ങളുടെ പൂരമായ തൃശൂർ പൂരം എന്നിവ ഉദാഹരണം. ആയിരക്കണക്കായ ചെറിയ പൂരങ്ങൾ വേറെയുമുണ്ട്.

കുട്ടേക്കാവ് പൂരം, പരക്കാട്ട് പൂരം, പൂരങ്ങളേക്കാൾ പ്രൗഢിയേറിയ നെൻമാറ - വല്ലങ്ങിവേല, മറ്റനേകം ദേവീക്ഷേത്രങ്ങളിലെ ആറാട്ട്, കൊടിയേറ്റ് ഇവയെല്ലാം ഇവിടെ ആർഭാടപൂർവം ആഘോഷിക്കപ്പെടുന്നു. പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല, മറ്റനേകം മിനി പൊങ്കാലകൾ, തെപ്പം, തിറ മഹോൽസവം, ചോതിയൂട്ട്, ശിവരാത്രി മഹോത്സവം, സ്കന്ദ ഷഷ്ഠി, കൂത്ത്, പൂയ മഹോത്സവം, പള്ളിവേട്ട, ഏകാദശി ഉത്സവം .................. ഇങ്ങനെ പതിനായിരക്കണക്കിൽ ഉത്സവങ്ങൾ വേറെയുമുണ്ട്. ഒപ്പം, അയ്യപ്പൻ വിളക്കുകളും മാരിയമ്മൻ പൊങ്കലുകളും ഉൾപ്പെടെ പ്രാദേശികമായ ഉത്സവങ്ങളും കൂടിയാകുമ്പോൾ, 'ഉത്സവമൊഴിഞ്ഞ സമയമില്ല' എന്ന സ്ഥിതിയിലാകും, കാര്യങ്ങൾ.

പരിശുദ്ധ പുണ്യാളന്മാരുടെ ഓർമപ്പെരുന്നാളുകൾ, പ്രശസ്തമായ പട്ടാമ്പി, പെരുമ്പടപ്പ് നേർച്ചകൾ, ശുഹദാക്കളുടെ നാമധേയത്തിൽ നടത്തപ്പെടുന്ന ആണ്ട്നേർച്ചകൾ............. ഇവയെല്ലാം കേരളീയ ഉത്സവങ്ങൾ തന്നെ. ഇതര ജില്ലകളിൽ നിന്നുപോലും ജനങ്ങൾ എത്താറുള്ള പട്ടാമ്പി നേർച്ച, മത മൈത്രിയുടെ ഉത്തമ പ്രതീകമാണ്. കുഴൽമന്ദം തെരുവത്ത് പള്ളിനേർച്ച, കൂറ്റനാട്ടെ നേർച്ച, പുതുനഗരം, ചന്ദനക്കുടം എന്നിവയും മത മൈത്രിയുടെയും സാഹോദര്യത്തിന്റെയും നിദർശനങ്ങളത്രെ.

മണ്ഡലമാസാരംഭത്തോടെ തുടങ്ങുന്ന അയ്യപ്പൻ വിളക്കുകളുമായിട്ടാണ് മിക്കപ്പോഴും ഉത്സവകാലം ഉണരുന്നത്. മണ്ഡലപ്പിറവി മുതൽ ഇടവപ്പാതി വരെ താളമേളങ്ങൾ നിറഞ്ഞ പഞ്ചവാദ്യവും പഞ്ചാരിമേളവുമൊക്കെ കേരളക്കരയിൽ അലയടിക്കും. കൊമ്പുവിളിയും കുഴലൂത്തും ആർപ്പുവിളിയുമൊക്കെ വേറെയും. ചെണ്ടയിലും മദ്ദളത്തിലും ഇടയ്ക്കയിലുമൊക്കെ നാദപ്രപഞ്ചങ്ങൾ വിരചിക്കുന്ന കലോപാസകർ കേരളത്തിന്റെ ഖ്യാതി ഏഴാംകടലിനക്കരെ വരെ കൊണ്ടെത്തിച്ചിട്ടുണ്ട്.

ഐതിഹ്യങ്ങൾ, വിശ്വാസപ്രമാണങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ - ഇവ ഏതൊരുത്സവത്തിനും സമൃദ്ധമായിട്ടുണ്ട്. ഈ ഐതിഹ്യങ്ങളിൽ ഊറ്റംകൊള്ളാനും നൊട്ടിനുണയാൻ പാകത്തിൽ നറുതേൻ കിനിയുന്ന നഷ്ടവസന്തസ്മൃതികളുടെ ഗൃഹാതുരതയുമായി സ്വന്തം തട്ടകത്തിലെ ഉത്സവത്തിൽ പങ്കെടുക്കാനും എത്തുന്നവർ ധാരാളം. വേല നാളെ ജഗത്തിന്നുൽസവ വേളയെന്നു വിളംബരം ചെയ്യുന്ന സുദിനങ്ങളാണ് പിന്നീട്. ജീവിതായോധനത്തിനായി അന്യ സംസ്ഥാനങ്ങളിലെത്തിയവരിൽ ഭൂരിഭാഗവും ഉത്സവക്കാലത്ത് നാട്ടിലെത്തി, സ്വന്തം കുടുംബാംഗങ്ങളുടെ സ്നേഹശീതളിമയും ഉത്സവലഹരിയും നുകരുന്നു.

**പഴയകാലം.............**

അന്ന് ഏഴുദിവസത്തെ പൂരവും പതിനൊന്നുദിവസത്തെ പാട്ടുമെല്ലാം മഹോത്സവമായിട്ടാണ് ആഘോഷിച്ചിരുന്നത്. വിനോദോപാധികൾ അപൂർവമായിരുന്ന അക്കാലത്ത് വിനോദത്തിനും വ്യാപാരപരമായ ഉത്തേജനത്തിനും ഉത്സവങ്ങൾ ഉപകരിച്ചിട്ടുണ്ട്. മധുരതരമായ ഹലുവയും ഈന്തപ്പഴവും രുചിക്കാൻ, കൽച്ചട്ടി വാങ്ങാൻ, കുപ്പിവള, മാല, ചാന്ത്, പൊട്ട്, വാസനസോപ്പ്, സുഗന്ധം വമിക്കുന്ന പൗഡർ എന്നീ സൗന്ദര്യവർദ്ധകവസ്തുക്കൾ സ്വായത്തമാക്കാൻ, യന്ത്ര ഊഞ്ഞാലിലൊന്നാടാൻ, മരണക്കിണർ കാണാൻ - എല്ലാറ്റിനും അന്ന് ഉത്സവപ്പറമ്പുകളായിരുന്നു ശരണം.

**ഇന്ന്..................**

സിനിമ, സർക്കസ്, നാടകം, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ വിനോദോപാധികൾ വ്യാപകമായിക്കഴിഞ്ഞു. മിനറൽ വാട്ടർ മുതൽ വില കൂടിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വരെ ഇന്ന് ഏതു ഗ്രാമത്തിലും കൈയെത്താവുന്ന സമീപത്തുണ്ട്. ഈ പരിതസ്ഥിതിയിൽ ഉത്സവങ്ങളുടെയും നേർച്ച, പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങളുടെയും പ്രസക്തി കുറഞ്ഞുവരികയാണ്. പക്ഷേ, പലരും ഇതു സമ്മതിക്കുകയില്ല. 'പൂവും വെള്ളവും തിരിയും' ഇല്ലാതെ അനാഥമായിക്കിടന്ന, ജീർണ്ണാവസ്ഥയിലായിരുന്ന, പല ദേവാലയങ്ങളിലും ഇപ്പോൾ നിത്യപൂജയും നിതാന്തശ്രദ്ധയുമുണ്ട്. വിവാഹം, ചോറൂണ്, എഴുത്തിനിരുത്ത്, മംഗല്യപൂജ, സർവാഭീഷ്ടപൂജ, അഷ്ടമംഗല്യ പ്രശ്നം, മുട്ടറുക്കൽ, ദോഷപരിഹാര ക്രിയകൾ തുടങ്ങി ജീവിതസ്പർശിയായ അനേകമനേകം കാര്യങ്ങളിൽ ദേവാലയങ്ങൾ ഇപ്പോൾ ഇടപെടുന്നു. ഈ ബന്ധങ്ങളാണ്, കൊല്ലംതോറും സംഘടിപ്പിക്കാറുള്ള നാലോ അഞ്ചോ ദിവസത്തെ, 'പൂർവ്വാധികം ഭംഗിയാക്കി നടത്തപ്പെടുന്ന മഹോത്സവ'ങ്ങളെക്കാൾ മനുഷ്യമനസ്സുകളെ ഹഠാദാകർഷിക്കുന്നത് എന്നൊരു വാദമുണ്ട്. ഇതും ശരിയാണ്.

പഞ്ചവാദ്യം, തായമ്പക, കേളി, ശിങ്കാരിമേളം തുടങ്ങിയ വാദ്യകലകളുടെ ഈറ്റില്ലം ക്ഷേത്രങ്ങളാണ്. ഓട്ടൻതുള്ളൽ, കൃഷ്ണനാട്ടം, കഥകളി, മോഹിനിയാട്ടം തുടങ്ങിയ കലാരൂപങ്ങളുടെ സ്ഥിതിയും ഇതു തന്നെ. ഇടയ്ക്കുവച്ച് ഇവയെല്ലാം മന്ദീഭവിച്ചു. എന്നാൽ ഇപ്പോൾ ഇവ വീണ്ടും പഴയ പ്രൗഢി വീണ്ടെടുക്കാൻ തുടങ്ങിയിരിക്കുന്നു.

മുമ്പില്ലാതിരുന്ന ഒരു പുതിയ സമ്പ്രദായം ഇപ്പോൾ സംജാതമാകുകയാണ്: ഉത്സവങ്ങളുടെ നാന്ദിയായി നടത്തപ്പെടുന്ന സാംസ്കാരിക മേള. ഒന്നോ രണ്ടോ ദിവസങ്ങളിലായി നടത്തപ്പെടുന്ന ഇത്തരം മേളകൾ, മത സൗഹാർദത്തിന്റെ ആവശ്യകത ഉണർത്താനുതകുന്നവയാണ്. ഭക്തിപ്രഭാഷണമെന്നപേരിലും സാംസ്കാരിക മേളകൾ അരങ്ങേറാറുണ്ട്. നാടകങ്ങൾ, കഥാപ്രസംഗങ്ങൾ, പ്രദർശനങ്ങൾ എന്നിങ്ങനെ പല മാർഗ്ഗങ്ങളും പയറ്റി, ഉത്സവം കൊഴുപ്പിക്കുന്ന രീതിയും സാർവത്രികമായിക്കഴിഞ്ഞു.





എങ്ങും ആഹ്ളാദം; ശബ്ദമുഖരിതമായ അന്തരീക്ഷം. വിജനമായിരുന്ന ഗ്രാമവീഥികൾ പോലും സജീവതയുടെ ആരവത്തിൽ നിമഗ്നമാകുന്നു; ഒരാഴ്ചക്കാലം. അല്ലെങ്കിൽ പരമാവധി രണ്ടാഴ്ചക്കാലം. അതുകഴിഞ്ഞാൽ എല്ലാം നിശ്ശബ്ദം. ജീവിത ചക്രം വീണ്ടും പഴയ ചാലുകളിലൂടെ.........

തട്ടകത്തെ ദേവിയുടെ/ദേവന്റെ അനുഗ്രഹവും വാങ്ങി ആഗതർ തിരിച്ചുപോകാനൊരുങ്ങുകയാണ്, മൂകവേദനയോടെ. ആ വേദനയ്ക്ക് തെല്ലൊരൗഷധമാകുന്നത്, വരുംവർഷത്തെ ഉത്സവത്തിന് വീണ്ടും വന്നെത്താമെന്ന പ്രതീക്ഷയാണ്.

വെടിയും പടയും പൂരവും സുഹൃദ്സമാഗമവുമൊക്കെയായി ദിനരാത്രങ്ങൾ പറന്നു പോയി. ഫലമോ? 'റൊട്ടീൻ' ആകെ തെറ്റി. ശരീരം ക്ഷീണിച്ചു. വേർപാടിന്റെ വേദന മനസ്സിനെയും ക്ഷീണിപ്പിച്ചു. ട്രെയിൻ ഒന്നുരണ്ട് സ്റ്റേഷൻ പിന്നിട്ടപ്പോഴേയ്ക്കും കണ്ണുകളിൽ നിദ്രയുടെ സാന്ത്വനസ്പർശം............

ഒപ്പം, മനസ്സിൽ വർണ്ണചിത്രങ്ങളുടെ വേലിയേറ്റമായി: നെറ്റിപ്പട്ടംകെട്ടി തിടമ്പേറ്റിയ ആനകൾ. ചങ്ങലക്കിലുക്കം. വെടിമരുന്നിന്റെയും ആനപ്പിണ്ഡത്തിന്റെയും ചൂര്. കളിപ്പാട്ടങ്ങളുടെയും കുപ്പിവളകളുടെയും ബലൂണിന്റെയും മാസ്മരിക പ്രപഞ്ചം. ●



▲ സുനാമി ദുരിതബാധിത മേഖലയിലെ ജനങ്ങളുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആശയവിനിമയം നടത്തുന്നു.



▲ രാജ്ഭവനിൽ പ്രധാനമന്ത്രി ഡോ.മൻമോഹൻസിംഗുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി സുനാമി ദുരന്തം ചർച്ച ചെയ്യുന്നു.

▼ കരുനാഗപ്പള്ളിയിലെ ദുരിതാശ്വാസക്യാമ്പിൽ കഴിയുന്നവരെ പ്രധാനമന്ത്രി ആശ്വസിപ്പിക്കുന്നു.





സുനാമി ദുരിതാശ്വാസം സംബന്ധിച്ച് കേന്ദ്ര സംഘവുമായി മുഖ്യമന്ത്രിയും മന്ത്രിമാരും ചർച്ച നടത്തുന്നു.

ഒടുങ്ങാത്ത ദു:ഖം





## വിഴിഞ്ഞത്ത് ആഡംബരക്കപ്പൽ എത്തി

സെഷെയ്ൽസ് ദ്വീപിൽ നിന്ന് പുറപ്പെട്ട ആഡംബരക്കപ്പൽ വിഴിഞ്ഞത്ത് എത്തി. നാട്ടുകാർക്കും ടൂറിസ്റ്റുകൾക്കും കൗതുകം പകർന്ന കപ്പൽ വിനോദസഞ്ചാര മേഖലക്ക് പുത്തൻ പ്രതീക്ഷയുണർത്തിയിട്ടുണ്ട്. സുനാമി ദുരന്തത്തിന്റെ വേദനിപ്പിക്കുന്ന ഓർമ്മകൾക്കിടയിലും ടൂറിസ്റ്റ് കപ്പലിന്റെ വരവ് പൊതുവെ ആശ്വാസകരമായി. എം.എസ്.ഐലന്റ് സ്കൈ എന്ന കപ്പലിൽ 34 സഞ്ചാരികളുണ്ടായിരുന്നു. അധികവും ബ്രിട്ടനിൽ നിന്നുള്ള വിനോദയാത്രികരാണ്. മാലി സന്ദർശിച്ച ശേഷം കൊളംബോവിൽ നങ്കൂരമിടാനിരുന്ന കപ്പൽ സുനാമിയുടെ പശ്ചാത്തലത്തിൽ വിഴിഞ്ഞത്തേക്ക് നീങ്ങുകയായിരുന്നു. പഞ്ചവാദ്യത്തിന്റെയും താളമേളങ്ങളുടെയും അകമ്പടിയോടെ ആണ് കപ്പലിനെയും സഞ്ചാരികളെയും സ്വാഗതം ചെയ്തത്.

## മലയോരപാതയ്ക്ക് പുതുക്കിയ റൂട്ട്

നിർദ്ദിഷ്ട മലയോര പാതയുടെ കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള പുതുക്കിയ റൂട്ട് അംഗീകരിച്ചു. കാസർഗോഡു ജില്ലയിലെ നന്ദാരപടവിൽ തുടങ്ങി തിരുവനന്തപുരം ജില്ലയിലെ കടുക്കരയിൽ അവസാനിക്കുന്ന മലയോര പാതയുടെ ദൈർഘ്യം 960 കി.മീറ്ററാണ്. കാസർഗോഡ് - പാലക്കാട് റൂട്ട് സംബന്ധിച്ച് ബന്ധപ്പെട്ട എം.എൽ.എ.മാർ നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് പുതിയ റൂട്ട് തയ്യാറാക്കിയത്. വിവിധ ജില്ലകളിലെ റൂട്ട് ചുവടെ:

**കാസർഗോഡ്:** നന്ദാരപടവ്-പുത്തിഗെ-പെർളബദിയടുക്ക-മുല്ലേരിയ-അത്തിനടി-പാണ്ടിപടിപ്പ്-ബന്ദടുക്ക-ഇരഞ്ഞില്ലംകോട്-കോളിച്ചൽ-18-ാം മൈൽ-വള്ളിക്കടവ്-ചിറ്റാരിക്കൽ-ചെറുപുഴ. **കണ്ണൂർ:** ചെറു പുഴ-മഞ്ഞക്കാട്-ആലക്കാട്-കരുവഞ്ചാൽ-താവുകുന്ന്-നടുവിൽ-ചെമ്പേരി-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട്-ആനപ്പന്തി-കരിക്കോട്ടുകരി-എടൂർ-ആറളം-കാപ്പുകടവ്-പെരുമ്പുന്ന-മടപ്പുരച്ചാൽ-മനത്തന-കൊട്ടിയൂർ-ആമ്പിയത്തോട്-ബോയ്സ്ടൗൺ. **വയനാട്:** ബോയ്സ്ടൗൺ-മാനന്തവാടി-നാലാംമൈൽ-അഞ്ചുകുന്ന്-പനമരം-കൈനാട്ടി-കൽപ്പറ്റ-കപ്പംകൊല്ലി-മേപ്പാടി-ചൂരൽമല-അരുണപ്പുഴ. **മലപ്പുറം:** അരുണപ്പുഴ-തമ്പുരാട്ടിക്കല്ല്-പാലുണ്ട-എടക്കര-കരുളായി-മൂത്തേടം-പൂക്കോട്ടുപാടം-കാളികാവ്-കേരളം-കിഴക്കേത്തല (കരുവാരക്കുണ്ട്)-തരിശുപുൽവേട്ട-കരിങ്കൽത്തോണി-പൊൻപാറ. **പാലക്കാട്:** പൊൻപാറ-എടത്തിനാട്ടുകര-കപ്പുപറമ്പ്-തിരുവിഴാംകുന്ന്-കോട്ടപ്പാടം-കുമരംപുത്തൂർ-മണ്ണാർക്കാട്. **കോഴിക്കോട്:** ബോയ്സ്ടൗൺ-വലാട്-കുഞ്ഞോം-വിളങ്ങാട്-കല്ലാച്ചി-കടിയങ്ങാട്-തലയാട്-കോടഞ്ചേരി-തിരുവമ്പാടി-കൂടരഞ്ഞി-കുമ്പാറ-കക്കാടംപോയിൽ-വെളിയംതോട്.



## വട്ടെഴുത്ത് കണ്ടെത്തി

ഇന്നത്തെ മലയാളം ലിപി രൂപമെടുക്കുന്നതിന് മുമ്പ് കേരളീയർ ഏതു ലിപിയിലാവും എഴുതിയിരുന്നത്? ഏതെങ്കിലും ലിപിയിൽ എഴുതാതെ തരമില്ലല്ലോ. ആശയവിനിമയം നടത്തേണ്ടേ? അതാണ് വട്ടെഴുത്ത്. വെട്ടെഴുത്ത് എന്നതാവും കൂടുതൽ ശരി. കാരണം ശിലകളിൽ വെട്ടി വെട്ടിയാണ് ലിപികൾ കോറിയിട്ടിരുന്നത്. ഏഴാം നൂറ്റാണ്ടിനപ്പുറം 15-ാം നൂറ്റാണ്ട് വരെ ഇത് ഉപയോഗിച്ചിരുന്നതായി ചരിത്രം പറയുന്നു. ഇത്രയും പ്രാചീനമായ ശിലാലിഖിതങ്ങൾ ആനാകോട് മഹാദേവക്ഷേത്രത്തിന്റെ ശീവേലിക്കല്ലിൽ നിന്നും കണ്ടുകിട്ടി. അഞ്ചു നൂറ്റാണ്ടിലേറെയായി തകർന്നു കിടക്കുന്ന ഈ ക്ഷേത്രം ആറ്റിങ്ങൽ ഇടയണത്ത് മഠം വകയായിരുന്നുവത്രെ. ഇതുമാത്രമല്ല, വർഷങ്ങൾ പഴക്കമുള്ള ശീവേലിക്കല്ലുകൾ, നന്ദികേശവിഗ്രഹം, ചന്ദനം ഉരയ്ക്കുന്ന കല്ല്, തീർത്ഥക്കുളത്തിന്റെ കല്പടവുകൾ, ഊട്ടുപുരയുടെ മേൽക്കൂരയുടെ അവശിഷ്ടങ്ങൾ എന്നിവയും ഉദ്ഖനനത്തിൽ കണ്ടുകിട്ടിയിട്ടുണ്ട്.

## ഭൂമിയുടെ ഭ്രമണവേഗം വർധിച്ചു

സുനാമി പ്രതിഭാസം ഭൂമിയുടെ ഭ്രമണത്തിൽ നേരിയ വ്യത്യാസം ഉണ്ടാക്കി. രാത്രിയുടെയും പകലിന്റെയും ദൈർഘ്യത്തെ ഇത് നേരിയതോതിൽ ബാധിക്കും. പകലിന്റെ ദൈർഘ്യത്തിൽ മൂന്ന് മൈക്രോസെക്കന്റുകളുടെ കുറവുവരാൻ സാധ്യതയുണ്ടെന്ന് അമേരിക്കൻ ശാസ്ത്രജ്ഞനായ റിച്ചാർഡ് പ്രോസ് പറയുന്നു. ഭൗമ പാളികൾക്ക് സ്ഥാനചലനമുണ്ടായതോടെ ഭൂമിയുടെ ദ്രവ്യത്തിലും മാറ്റമുണ്ടായി. അതാണ് ഭ്രമണത്തിൽ മാറ്റമുണ്ടാക്കിയത്. എന്നാൽ ഭ്രമണപഥത്തിന് മാറ്റമുണ്ടായിട്ടില്ല.

ഭൂമിയുടെ ദ്രവ്യം അതിന്റെ കേന്ദ്രഭാഗത്തേക്ക് ആകർഷിക്കപ്പെട്ടിരിക്കുന്നു. ഇത് ഭൂമിയുടെ ഭ്രമണം വേഗത്തിലാകാൻ കാരണമായി. ചെറിയ മാറ്റമാണിത്. ഒരു സെക്കന്റിന്റെ മുപ്പത് ലക്ഷത്തിലൊരംശം കൂടുതൽ വേഗത്തിൽ മാത്രമായിരിക്കുമിത്.

## അധികവണ്ണം കുറയ്ക്കാൻ ഇനി സുഖമായുറങ്ങാം!

വെറുതെ കിടന്നുറങ്ങിയാൽ തടി കൂടുമെന്നല്ലേ പറയാറ്. എന്നാൽ ആ ധാരണ അമേരിക്കയിലെ നോർത്ത് വെസ്റ്റേൺ സർവകലാശാല ഫിസിഷ്യൻ ഫ്രെഡ് റ്റുറെക് തിരുത്തുന്നു. ആഹാരനിയന്ത്രണവും വ്യായാമവും മാത്രം പോര, നല്ല ഉറക്കവും ഉണ്ടെങ്കിലേ അധിക വണ്ണം കുറയൂ എന്നാണ് റ്റുറെക്കിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം വ്യക്തമാക്കുന്നത്.

1000 പേരിലാണ് പഠനം നടത്തിയത്. ഉറക്കസമയം കുറയുന്നതനുസരിച്ച് വണ്ണം കൂടുന്നുവെന്നാണ് പഠനത്തിൽ വ്യക്തമായത്. സാധാരണ തടിയുള്ള രോഗികളെക്കാൾ അമിതവണ്ണമുള്ള രോഗികൾക്ക് ഉറക്കം കുറവാണെന്നും പഠനത്തിൽ പറയുന്നു. തടി കൂടിയവർ തടി കുറഞ്ഞവരെ അപേക്ഷിച്ച് ആഴ്ചയിൽ ശരാശരി 1.8 മണിക്കൂർ കുറച്ചുറങ്ങുന്നുവെന്നും പഠനം വ്യക്തമാക്കുന്നു.

## കടുവയെ തിന്നുന്ന കിടുവ

കടുവയെ പിടിച്ച കിടുവ എന്നൊക്കെ പറഞ്ഞു കേട്ടിട്ടില്ലേ? സംഭവം സത്യമാവാതെ തരമില്ല. വടക്കു കിഴക്കൻ ചൈനയിലെ ലിയാവോനിങ് പ്രവിശ്യയിൽ നിന്ന് ശാസ്ത്രജ്ഞന്മാർ 'റൈപ്പനോമാമസ് റോബസ്റ്റസു'കളുടെ ഫോസിൽ കണ്ടെത്തിയിരിക്കുന്നു. ഈ കക്ഷികൾ ശരിക്കും ആരാണെന്നറിയുമ്പോഴാണ് നമുക്ക് ഞെട്ടലുണ്ടാവുക. ഒരുകാലത്ത് ഈ ലോകത്തിന് തന്നെ ഭീഷണിയായിരുന്നേക്കാമായിരുന്ന ദിനോസറുകളെ തിന്നുന്നവരായിരുന്നത്രേ ഈ മഹാന്മാർ. ഫോസിലിന്റെ പഴക്കത്തിന് 13 കോടി വർഷമാണ് ദൈർഘ്യം. ഇടത്തരം വലിപ്പമുള്ളവയായിരുന്ന ഇവ ക്രിറ്റേഷ്യൻ യുഗത്തിന്റെ തുടക്കത്തിലുണ്ടായിരുന്നതാവാം എന്ന് ഗവേഷകർ അനുമാനിക്കുന്നു.



## സ്വിഫ്റ്റ് പ്രവൃത്തിപഥത്തിലേക്ക്

കഴിഞ്ഞലക്കം സമീക്ഷയിൽ ശാസ്ത്രലോകത്തിന് ആകെ പ്രതീക്ഷയേറുന്ന സ്വിഫ്റ്റിനെക്കുറിച്ചു വായിച്ചു കാണുമല്ലോ. ഡിസംബർ 17 ന് സ്വിഫ്റ്റ് ആദ്യനക്ഷത്ര വിസ്ഫോടനത്തിന്റെ ചിത്രം പകർത്തിയിരിക്കുന്നു. ഈ ഗാമാ വികിരണസ്ഫോടനങ്ങൾ ഓരോ വർഷവും പതിനായിരം കോടിയിലധികം ഊർജ്ജം പുറത്തുവിടുന്നുണ്ടത്രെ. കാസിയോപിയ നക്ഷത്ര വിസ്ഫോടനത്തിന്റെ അവശിഷ്ടങ്ങളുടെ ചിത്രമാണ് സ്വിഫ്റ്റ് ആദ്യം പകർത്തിയത്. 1680-ൽ സംഭവിച്ചതാണീ വിസ്ഫോടനം. ഡിസംബർ 19നും 23നും സംഭവിച്ച വിസ്ഫോടനങ്ങളും സ്വിഫ്റ്റ് കണ്ടെത്തിയിട്ടുണ്ട്.

## ട്രിഫിഡ് നെബുല

പിറവിയെടുക്കാൻ വെമ്പൽ കൊള്ളുന്ന ഒരു പറ്റം ഭ്രൂണങ്ങൾ, കണ്ണുചിമ്മാൻ തുടങ്ങിയിട്ടില്ലാത്ത കുറേ കുഞ്ഞുങ്ങളും - നക്ഷത്രങ്ങളുടെ കാര്യമാണിത്. 5400 പ്രകാശവർഷം അകലെ സ്ഥിതി ചെയ്യുന്ന ട്രിഫിഡ് നെബുലയ്ക്കകത്തുള്ള ഈ സംഘത്തെ കണ്ടുപിടിച്ചതാകട്ടെ സ്പിറ്റ് സെർസ്പേസ് എന്ന ദൂരദർശിനിയും. സാധാരണ ദൂരദർശിനികൾക്ക് സാധിക്കാനാകാത്ത ഈ നേട്ടം ഇൻഫ്രാറെഡ് രശ്മികളുപയോഗിച്ചാണ് സ്പിറ്റ് സെർസ്പേസ് സാധിച്ചെടുത്തത്.

നക്ഷത്രാന്തരീയ വാതകങ്ങളും പൊടിപടലങ്ങളും നിറഞ്ഞ നെബുലയിൽ 30 ഭ്രൂണങ്ങളും 120 നക്ഷത്രക്കുരുന്നുകളും ഉണ്ടെന്നാണ് കാൽടെകിലെ (കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി) ജിയോങ്ഹീറോയുടെ കണ്ടെത്തൽ.

## നൂറുവർഷത്തിനിടയിലെ നാലാമത്തെ വലിയ ഭൂകമ്പം

ഡിസംബർ 26ന് ഉണ്ടായ, റിക്ടർ സ്കെയിലിൽ 9 രേഖപ്പെടുത്തിയ ഭൂകമ്പം ഭൂമിയുടെ ആകൃതിയിലും ഭ്രമണത്തിലും മാറ്റം വരുത്തിയതായി നാസ കണ്ടുപിടിച്ചിരിക്കുന്നു. ഭൂമിയുടെ ഇരുവശത്തും പരന്ന ഗോളാകൃതിയിൽ വ്യത്യാസം വന്നിട്ടുണ്ടത്രേ. പത്തുശതകോടിയിൽ ഒന്ന് എന്ന നിരക്കിൽ ഒരു ദിവസത്തിന്റെ ആയുസ്സിൽ മൂന്നു മൈക്രോസെക്കന്റ് കുറയാൻ ഇതിടയാക്കും എന്നാണ് ശാസ്ത്ര നിഗമനം. മാത്രവുമല്ല ഭൂമിയുടെ ഉത്തരധ്രുവത്തിന് പൂർവ രേഖാംശം $145^0$ ദിശയിലേക്ക് രണ്ടര സെന്റിമീറ്റർ ചരിവു സംഭവിച്ചിരിക്കാം എന്നും നാസയിലെ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ഈ നിഗമനം ശരിയാണെന്ന് വന്നാൽ ഭൂകമ്പം തുടരാനാണ് സാധ്യത എന്നും അവർ മുന്നറിയിപ്പു നൽകുന്നു.




## ബുർജ് ദുബായി

ദുബായിലെ ഷേയ്ക്ക് സായിദ് റോഡിൽ ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കെട്ടിടത്തിന്റെ നിർമാണം തുടങ്ങുന്നു. 'ബുർജ് ദുബായി' എന്നാണ് ഇതിനെ നാമകരണം ചെയ്തിരിക്കുന്നത്. 2008 നവംബറിൽ കെട്ടിടം പൂർത്തിയാകുമ്പോൾ ഉയരം 2640 അടി (800 മീറ്റർ) ആയിരിക്കും. 160 നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നത് ദക്ഷിണകൊറിയയിലെ സാംസംഗ് കോർപ്പറേഷന്റെ നേതൃത്വത്തിലാണ്. 850 ദശലക്ഷം ഡോളറാണ് കെട്ടിടത്തിന്റെ മതിപ്പ് ചെലവായി കണക്കാക്കപ്പെടുന്നത്.

## ഉയരങ്ങൾ കീഴടക്കി ഈ പാലവും

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പാലം ഫ്രാൻസിൽ തുറന്നു. തെക്കൻഫ്രാൻസിലെ ഹരിതാഭമായ രണ്ട് മലനിരകളെ തമ്മിൽ ബന്ധിപ്പിച്ച് നിർമ്മിച്ചതാണ് ഈ പാലം. മലകൾക്കിടയിലൂടെ ഒഴുകുന്ന ടാൻ നദിക്കു കുറുകെ നിർമ്മിച്ചിരിക്കുന്ന മില്ലാവ് പാലത്തിന് ഈഫൻ ടവറിനെക്കാൾ ഉയരമുണ്ട്. ഏഴുതൂണുകളിൽ ഉറപ്പിച്ചിരിക്കുന്ന പാലത്തിന്റെ ഏറ്റവും ഉയരമുള്ള ഭാഗത്തിന് 343 മീറ്റർ ഉയരം വരും. പാലത്തെക്കാൾ ഉയർന്നു നിൽക്കുന്ന പില്ലറുകളിൽ നിന്ന് കമ്പികൾ ഉപയോഗിച്ച് പാലം ബലപ്പെടുത്തിയിട്ടുണ്ട്. 2.5 കി.മീറ്റർ നീളമുള്ള പാലത്തിൽ പ്രവേശിക്കുന്ന വാഹനങ്ങൾ 270 മീറ്റർ ഉയരത്തിലൂടെയാണ് സഞ്ചരിക്കുന്നത്.

ഈഫൻടവറിന്റെ നിർമ്മാതാക്കളായ ഈഫേജ് ഗ്രൂപ്പാണ് പാലംപണി നടത്തിയത്.



## ദാദാസാഹിബ് ഫാൽകെ അവാർഡ്



ഇന്ത്യൻ സിനിമയ്ക്ക് നല്കിയ മികവുറ്റ സംഭാവനകൾ മാനിച്ച് ചലച്ചിത്ര സംവിധായകൻ മൃണാൾസെന്നിനെ 2003-ലെ ദാദാസാഹിബ് ഫാൽകെ അവാർഡിന് തെരഞ്ഞെടുത്തു. 1998-2003 കാലയളവിൽ ഇദ്ദേഹം രാജ്യസഭാംഗം ആയിരുന്നു. പത്മഭൂഷൺ പുരസ്കാരം നേരത്തെ ഇദ്ദേഹത്തിന് ലഭിച്ചിരുന്നു.

## യൂനിസെഫ് മേധാവി

യൂനിസെഫ് മേധാവിയായി ആൻവെനെമാൻ നിയമിതയായി. അമേരിക്കയിലെ കൃഷിവകുപ്പ് സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു അവർ. സെക്രട്ടറി ജനറൽ കോഫി അന്നൻ യു.എന്നിൽ നടത്തുന്ന അഴിച്ചുപണിയുടെ ഭാഗമായാണ് വെനെമാന്റെ നിയമനം.

## യു.എസ്. ഭരണകൂടത്തിൽ ഇന്ത്യക്കാരൻ അംഗം

ഇന്ത്യക്കാരനായ ബോബി ജിൻഡൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഹൗസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ലൂസിയാനയിൽ നിന്നാണ് ഇദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. 78 ശതമാനം വോട്ടുകൾ നേടിക്കൊണ്ടുള്ള ഇദ്ദേഹത്തിന്റെ വിജയം വളരെ ശ്രദ്ധയാകർഷിച്ചതാണ്. ഡെമോക്രാറ്റിക് പാർട്ടിയിലെ എതിരാളിയായ റോയ് ആംസ്ട്രോങ്ങിന് 7 ശതമാനം വോട്ടുകൾ മാത്രമാണ് ലഭിച്ചത്. 33 കാരനായ ജിൻഡർ അമേരിക്കൻ ഭരണകൂടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ ഇന്ത്യക്കാരനാണ്. 1956-ൽ ഇന്ത്യക്കാരനായ ഡാലിപ് സിംഗ് സാങ് കാലിഫോർണിയയിൽ നിന്നും ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.



## ലോകത്തിലെ ഏറ്റവും പ്രശസ്തനായ നടൻ

ലോകത്തിലെ ജീവിച്ചിരിക്കുന്ന ഏറ്റവും പ്രശസ്തനായ നടനായി റോബർട്ട് ഡീ നീറോ തെരഞ്ഞെടുക്കപ്പെട്ടു. എംപയർ മാഗസിൻ നടത്തിയ ഗ്യാലപ് പോളിലൂടെയാണ് ഇദ്ദേഹം ഈ സ്ഥാനത്തെത്തിയത്. ഗോഡ്ഫാദർ II, ടാക്സി ഡ്രൈവർ എന്നീ ഹോളീവുഡ് സിനിമകളിലൂടെയാണ് ഇദ്ദേഹം കൂടുതൽ അറിയപ്പെടുന്നത്. അൽപചീനോ, ജാക്നിക്കോൾസൺ എന്നീ നടന്മാരെ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലേക്ക് പിൻതള്ളിക്കൊണ്ടാണ് നീറോ ഒന്നാം സ്ഥാനത്തെത്തിയത്.



## വ്യോമസേനാ മേധാവി

ഇന്ത്യൻ വ്യോമസേനാ മേധാവിയായി എസ്.പി. ത്യാഗി നിയമിതനായി. വ്യോമസേനാ മേധാവിയായിരുന്ന എസ്.കൃഷ്ണമൂർത്തി 2004 ഡിസംബർ 31ന് വിരമിച്ച ഒഴിവിലേക്കാണ് ഇദ്ദേഹം നിയമിതനായത്.



1965 ലെയും 1971ലെയും ഇന്ത്യാ-പാക് യുദ്ധത്തിൽ പങ്കുവഹിച്ചിട്ടുള്ള എസ്.പി. ത്യാഗി വിവിധ മേഖലാ എയർ കമാൻഡുകളുടെ മേധാവിയുമായിരുന്നിട്ടുണ്ട്. മധ്യപ്രദേശിലെ ഇൻഡോറാണ് ഇദ്ദേഹത്തിന്റെ ജന്മസ്ഥലം.

## ഇന്ത്യൻ കരസേനാമേധാവി

ഇന്ത്യൻ കരസേനാമേധാവിയായി ലഫ്.ജനറൽ ജെ.ജെ. സിംഗ് നിയമിതനായി. ഇപ്പോൾ മേധാവിയായിരിക്കുന്ന ജനറൽ എൻ. സി.വിജ് 2005 ഫെബ്രുവരി ഒന്നിന് വിരമിക്കുന്നതോടെ ഇദ്ദേഹം ആ സ്ഥാനത്ത് അവരോധിക്കപ്പെടും. കരസേനയുടെ തലപ്പത്തെത്തുന്ന ആദ്യ സിക്കുകാരൻ കൂടിയാണിദ്ദേഹം.



## കമ്മിറ്റികളും കമ്മിഷനുകളും

രാജ്യത്തെ ഊർജസംരക്ഷണത്തിനും എണ്ണയുടെ നിർവഹണതന്ത്രത്തിനുമായി അർജുൻസെൻ ഗുപ്തയുടെ കീഴിൽ ഒരു ഉപദേശകസമിതി രൂപീകരിച്ചു.

കുട്ടികളുടെ പഠനഭാരം ലഘൂകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് തീരുമാനിക്കുന്നതിന് വിദ്യാഭ്യാസവിചക്ഷണനായ യഷ്പാലിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ എൻ.സി.ഇ.ആർ.റ്റി ചുമതലപ്പെടുത്തി. 12 വർഷം മുൻപുള്ള യഷ്പാൽ കമ്മിറ്റിയുടെ റിപ്പോർട്ട് വിലയിരുത്തിയും പുനഃപരിശോധിച്ചുമായിരിക്കും ഈ തീരുമാനം.

## രാജസ്ഥാനിലെ ആദ്യ വനിതാ ഗവർണർ



പ്രതിഭാപാട്ടീൽ രാജസ്ഥാനിലെ പുതിയ ഗവർണറായി. നേരത്തെ ഗവർണറായിരുന്ന എം.എൽ.ഖുറാനയ്ക്ക് പകരമായാണ് പ്രതിഭാപാട്ടീൽ നിയമിതയായത്. രാജസ്ഥാനിലെ പ്രഥമ വനിതാ ഗവർണറാണിവർ. ഈ സംസ്ഥാനത്ത് ഉന്നത സ്ഥാനത്തെത്തുന്ന മൂന്നാമത്തെ വനിതയാണ് പ്രതിഭപാട്ടീൽ. മുഖ്യമന്ത്രിയായ വസുന്ധര രാജേ, നിയമസഭാ സ്പീക്കർ സുമിത്രസിംഗ് എന്നിവരാണ് ഉന്നതസ്ഥാനത്തുള്ള മറ്റു രണ്ടു വനിതകൾ.

## അനിൽ കുംബ്ളെ രാജ്യത്തെ പ്രഗത്ഭനായ വിക്കറ്റർ

കപിൽദേവിന്റെ ഐതിഹാസിക റെക്കോർഡിനോടൊപ്പം അനിൽ കുംബ്ളെയും. 2004 ഡിസംബർ രണ്ടിന് കൊൽക്കൊത്തയിൽ നടന്ന ഇന്ത്യാ-സൗത്ത് ആഫ്രിക്ക ടെസ്റ്റിൽ 434 വിക്കറ്റ് നേടിക്കൊണ്ടാണ് അനിൽ കുംബ്ളെ കപിൽദേവിന്റെ മഹത്തായ റെക്കോർഡിനൊപ്പമെത്തിയത്. ഇത്രയും ഉയർന്ന വിക്കറ്റു നേടുന്ന ഇന്ത്യയിലെ ആദ്യത്തെയും ലോകത്തിലെ രണ്ടാമത്തെയും കളിക്കാരനാണ് അനിൽ കുംബ്ളെ. ഒരു ഇന്നിംഗ്സിൽ 10 വിക്കറ്റ് നേടിയ ഇംഗ്ലണ്ടിലെ ജിം ലേക്കറാണ് ഒന്നാം സ്ഥാനത്ത്.



## ഇർഫാൻ പഠാന് അന്താരാഷ്ട്ര ബഹുമതി



കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച അന്താരാഷ്ട്ര കായികതാരമായി ഇന്ത്യയുടെ ഇടങ്കയ്യൻ പേസ് ബൗളർ ഇർഫാൻ പഠാൻ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീലങ്കയുടെ മുത്തയ്യ മുരളീധരനെയും ഫിജിയുടെ ഗോൾഫ് താരം വിജയ് സിംഗിനെയുമാണ് മത്സരത്തിൽ പഠാൻ പിന്തള്ളിയത്.

## ഇന്ദിരാഗാന്ധി അവാർഡ്

2004-ലെ സമാധാനത്തിനും വികസനത്തിനും നിരായുധീകരണത്തിനുമുള്ള ഇന്ദിരാഗാന്ധി അവാർഡ് തായ്‌രാജകുമാരി മഹാചക്രിസിരിന്തോണിന് ലഭിച്ചു. 25 ലക്ഷം രൂപയും ഫലകവുമാണ് അവാർഡ്. പൊതുപ്രവർത്തനത്തിനുള്ള മാഗ്സസെ അവാർഡ് ലഭിച്ചിട്ടുള്ള രാജകുമാരി തായ്‌ലാൻഡിലെ ഒട്ടനവധി മനുഷ്യകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഏഷ്യയിലെ വിവിധ വികസന പദ്ധതികളിൽ പങ്കാളിയായിട്ടുള്ള രാജകുമാരിയുടെ വികസനപ്രവർത്തനങ്ങളിലുള്ള കഴിവും തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.



## ലോകത്തിന്റെ മുത്തശ്ശൻ

ഗിന്നസ് ബുക്ക് പ്രകാരം ലോകത്തിലെ ഏറ്റവും പ്രായംകൂടിയ മനുഷ്യനായ ഫ്രെഡ് ഹാലെ സീനിയർ 2004 നവംബർ 21ന് ന്യൂയോർക്കിൽ അന്തരിച്ചു. തന്റെ 114-ാം ജന്മദിനത്തിന് ഏതാനും ദിവസം മുമ്പായിരുന്നു അന്ത്യം. ഹാലെ മൈനെയിലെ ന്യൂഷാരോണിൽ 1890 ഡിസംബർ ഒന്നിനായിരുന്നു ജനിച്ചത്.

